
പഞ്ചായത്ത് രാജ്
പുസ്തകം 49 ◆ ലക്കം 9
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഡിസംബർ 2009
ഗ്രീൻ കേരള
1 കോടി രൂപ
ഒന്നാം സമ്മാനം
സുസ്ഥിര സമൂഹം സ്വപ്നം കണ്ട്
തെളിമ


'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ
പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
പകർച്ചവ്യാധികളെ അകറ്റി നിർത്തുക
പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം
പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം



5 എഡിറ്ററുടെ പേജ്

6 സുസ്ഥിര സമൂഹം സ്വപ്നം കണ്ട് തെളിമ
ഡോ. ആർ. അജയ്കുമാർ വർമ്മ

10 ഗ്രീൻകേരള എക്സ്പ്രസ്: പാട്ടുകാരെ വഴിമാറൂ ഇതാ പഞ്ചായത്തുകൾ വരവായി
ജി. സാജൻ








14 തൊഴിലും വീടും ജനകീയ ക്യാമ്പയിൻ തൊഴിലുറപ്പ് പദ്ധതിയിൽ ഇനിയെന്ത്?
ഡോ. എബി ജോർജ്ജ്

18 പഞ്ചായത്തുകളുടെ നിയോജകമണ്ഡല വിഭജനം
ജെ. സദാനന്ദൻ





21 ഇ.എം.എസ്. ഭവന പദ്ധതിക്ക് തുടക്കമായി
എം. കണ്ണൻ നായർ

22 ബജറ്റ് ശല്യമോ, സഹായമോ?
ഉദയഭാനു കണ്ടേത്ത്





24 യുവാക്കളും ദേശീയോദ്ഗ്രഥനവും
പി.കെ. രാജഗോപാൽ അഷ്ടമുടി

28 അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ





30 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

32 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

35 ഡൗൺ സിൻഡ്രോം
ഡോ. തോമസ് വർഗ്ഗീസ്





36 കരനെൽകൃഷിക്ക് മാതൃകയായി ചിതറ
എസ്. പി. രാജൻ

38 നീർത്തട വികസന പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും തിരുവാലി മാതൃക
കെ.പി ഭാസ്കരൻ

40 കുറ്റിപ്പുറം ബസ്റ്റ് സ്റ്റാന്റിൽ കുടുംബശ്രീയുടെ ടോൾ പിരിവുകാർ
ജെസി നാരായണൻ

42 വാർത്തകൾ വിശേഷങ്ങൾ





## റിയാലിറ്റി ഷോ

തിരുവനന്തപുരം ദൂരദർശൻ സംപ്രേഷണം ചെയ്യുന്ന റിയാലിറ്റി ഷോ 'ഗ്രീൻ കേരള എക്സ്പ്രസിനെ'ക്കുറിച്ച് വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജിന്റെ നവംബർ ലക്കം മികച്ചതായി. കവർ ചിത്രവും മനോഹരമായി. അഭിനന്ദനങ്ങൾ. കഴിഞ്ഞ പത്ത് വർഷങ്ങളിലായി നമ്മുടെ ഗ്രാമങ്ങളിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടന്നു. പലതും ലോകത്തിനു തന്നെ മാതൃകയായി. എന്നാൽ അവയ്ക്ക് മാദ്ധ്യമങ്ങൾ വേണ്ടത്ര ഇടം നൽകിയോ എന്ന് പരിശോധിക്കപ്പെടണം. വൈകിയാണെങ്കിലും ഇതിന് നേതൃത്വം നൽകാൻ മുന്നോട്ടു വന്ന ദൂരദർശനും ശുചിത്വമിഷനും സർക്കാരിനും ആശംസകൾ.

*സുജ*
*ഏറ്റുമാനൂർ*

*(നവംബർ ലക്കം കവർചിത്രം തയ്യാറാക്കിയത്: **ആലീസ് ചീവേൽ**)*

## മലയാള ഭാഷയെ വികലമാക്കരുത്

മലയാള ഭാഷയും, സംസ്ക്കാരവും മറന്ന് ജീവിക്കുന്ന മലയാളികൾക്ക് അവ ഒന്നുകൂടി പുനർചിന്തനം ചെയ്യുന്നതിനുതകുന്ന വിധത്തിൽ പഞ്ചായത്ത് രാജ് മാസിക നവംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച വിളക്കുടി രാജേന്ദ്രന്റെയും (നാട്ടുമൊഴിയും സ്ഥലനാമങ്ങളും), ഏഴുമറ്റൂർ രാജരാജവർമ്മയുടേയും (നമസ്ക്കാരം പറഞ്ഞാൽ മതി) ലേഖനങ്ങൾ ഹൃദ്യമായി. മലയാളത്തെ സ്നേഹിക്കുന്ന കുറച്ചാളുകളെങ്കിലും എന്നും ഉണ്ടാകും. മലയാളഭാഷയെ ലാളിച്ചില്ലെങ്കിലും പണത്തിനും ഫാഷനും വേണ്ടി മലയാളത്തെ വികലമാക്കുന്ന പ്രവണത യുവതലമുറയിലെ പരിഷ്ക്കാരികൾ അവസാനിപ്പിക്കണമെന്ന ഒരു അപേക്ഷയുണ്ട്.

*കമലേഷ് രാജ്*
*കാടുകുറ്റി, തൃശൂർ*

## രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന്

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (Rashtriya Swasthya Bhima Yojana-RSBY) ഇന്ത്യയിൽ ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കിയ സംസ്ഥാനമായി കേരളത്തെ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തു. ഏറ്റവും കൂടുതൽ അംഗങ്ങളെ പദ്ധതിയിൽ ചേർത്തിട്ടുള്ളത് കേരളത്തിലാണ്. ആദ്യവർഷം 11,78,454 പേരെ പദ്ധതിയിൽ ചേർത്തു. സംസ്ഥാനത്ത് തൊഴിൽ വകുപ്പും ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിനായി കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് ഏജൻസി ഓഫ് കേരള (CHIAK) എന്ന പേരിൽ സർക്കാർ ഏജൻസി തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. നോഡൽ ഏജൻസിക്കും മികച്ച പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ അവാർഡ് ഈ വർഷം ലഭിച്ചു. കേന്ദ്ര പ്ലാനിങ് കമ്മീഷൻ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ കുടുംബങ്ങൾക്കാണ് കേന്ദ്ര സർക്കാർ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. പദ്ധതിയുടെ ഇൻഷ്വറൻസ് തുകയുടെ 75% കേന്ദ്ര സർക്കാർ വഹിക്കും. ബാക്കി 25% പ്രീമിയവും മുഴുവൻ ഭരണ ചെലവും സംസ്ഥാന സർക്കാർ വഹിക്കും. കേരളത്തിൽ സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (Comprehensive Health Insurance Scheme - CHIS) യോടൊപ്പമാണ് ആർ.എസ്.ബി.വൈ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ പദ്ധതിയിൽ കേന്ദ്ര പദ്ധതിയിൽ വരാത്തതും സംസ്ഥാന സർക്കാർ ലിസ്റ്റിലുള്ളതുമായ ബി.പി.എൽ കുടുംബങ്ങളും എ.പി.എൽ കുടുംബങ്ങളും ഉൾപ്പെടും. സംസ്ഥാന സർക്കാരിന്റെ ലിസ്റ്റിലുള്ള ബി.പി.എൽ കുടുംബങ്ങളുടെ 100% ഇൻഷ്വറൻസ് തുകയും സംസ്ഥാന സർക്കാർ വഹിക്കും. എ.പി.എൽ കുടുംബങ്ങൾ ഇൻഷ്വറൻസ് തുക സ്വയം അടയ്ക്കണം. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. മുഴുവൻ പേർക്കും ചേരാവുന്ന വിപുലീകരിച്ച ആരോഗ്യ പദ്ധതിയായി ഇന്ത്യയിൽ സംസ്ഥാനത്തുമാത്രമാണ് നടപ്പിലാക്കുന്നത്. സ്മാർട്ട് കാർഡ് മുഖേന ഒരു വർഷം 30,000 രൂപയുടെ ചികിത്സ ലഭ്യമാകുന്ന കാഷ്ലെസ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. പദ്ധതിക്കായി തെരഞ്ഞെടുത്ത സ്വകാര്യമേഖലയിലെ 165 ആശുപത്രികളിലും 135 സർക്കാർ, സഹകരണ ആശുപത്രികളിലും (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) പദ്ധതിയനുസരിച്ചുള്ള ചികിത്സാ സൗകര്യം ലഭിക്കും. ഇതിനകം 53,000 പേർക്ക് പദ്ധതിയനുസരിച്ചുള്ള ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

## കൊച്ചി നഗരസഭയ്ക്ക് ബെസ്റ്റ് സിറ്റി അവാർഡ്

**ഖരമാലിന്യ പരിപാലനത്തിൽ പുരോഗതി കൈവരിച്ചതിനുള്ള 2008-09 ലെ ജെ.എൻ.എൻ.യു.ആർ.എമ്മിന്റെ ബെസ്റ്റ് സിറ്റി അവാർഡ് കൊച്ചി നഗരസഭയ്ക്ക് ലഭിച്ചു. ശുചീകരണത്തിനുള്ള അവാർഡ് ലഭിച്ച നഗരസഭയെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അഭിനന്ദിച്ചു.**

# പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2009
പുസ്തകം 49
ലക്കം 9
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.




## പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തണം


കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2009-10 ലെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം വികസന ഫണ്ടായി 1840.69 കോടി രൂപയും സംസ്ഥാനാവിഷ്കൃത പരിപാടികൾക്കും കേന്ദ്രാവിഷ്കൃത പരിപാടിയുടെ സംസ്ഥാന വിഹിതത്തിനുമായി 201.68 കോടി രൂപയും, ആസ്തികളുടെ സംരക്ഷണത്തിനായി 428.04 കോടി രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇവയിൽ വികസന ഫണ്ടിന്റെ 7 ഗഡുക്കൾ വിതരണം ചെയ്തതിൽ 2009 നവംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ശരാശരി 20 ശതമാനം തുകയാണ് ചെലവഴിച്ചിരിക്കുന്നത്. വികസന ഫണ്ടിന്റെ മൂന്ന് ഗഡുക്കൾ മാത്രം വിതരണം ചെയ്യാൻ ശേഷിക്കെ ഫണ്ട് വിനിയോഗം ആശാവഹമാണെന്ന് കരുതാനാവില്ല. തിരുവനന്തപുരം (28.11%), കണ്ണൂർ (25.34%), കാസർകോട് (24.63%), കൊല്ലം (23.83%) എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ ശരാശരിയുടെ മുകളിൽ ഫണ്ട് വിനിയോഗിച്ചപ്പോൾ പത്തനംതിട്ട (10.67%), ആലപ്പുഴ (14.92%) കോട്ടയം (15.5%) തുടങ്ങിയ ജില്ലകളിലെ സ്ഥാപനങ്ങളുടെ പ്രകടനം ശരാശരിയിലും വളരെ താഴെയാണ്. ബഡ്ജറ്റിലെ വകയിരുത്തലിന്റെ അഞ്ചിൽ നാല് ഭാഗവും വിനിയോഗിക്കാനിരിക്കെ പദ്ധതി കാലയളവിന്റെ അവസാനഘട്ട ദിവസങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെ നിർണ്ണായകമായിരിക്കുകയാണ്.

പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും അവലോകന യോഗങ്ങൾ നടക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻവർഷത്തെപ്പോലെ ഇപ്രാവശ്യവും രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതികൾക്ക് അംഗീകാരം നേടിയത്. സാങ്കേതികാനുമതി ആവശ്യമുള്ള പദ്ധതികൾക്ക് അതുനേടി ഒട്ടുമിക്ക സ്ഥാപനങ്ങളും നിർവഹണമാരംഭിച്ചു കഴിഞ്ഞുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മരാമത്ത് പണികൾ ടെൻഡർ ചെയ്തും, ഗുണഭോക്തൃ സമിതി മുഖേനയും നടപ്പാക്കുന്നതിന് കരാറുകളിലേർപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ഇത്തരം മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണം. കേരളത്തിൽ കാലഭേദമില്ലാതെ മഴ ഇടവിട്ട് പെയ്യുന്നതിനാൽ കാലതാമസം കൂടാതെ ഏറ്റവുമടുത്ത അനുകൂല കാലാവസ്ഥയിൽ തന്നെ മരാമത്ത് പ്രവർത്തനങ്ങൾ നടത്തുന്നത് ഗുണമേന്മ മെച്ചപ്പെടുത്തുവാൻ സഹായിക്കും. വ്യക്തിഗതാനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയായിരിക്കുന്നു. ദുർബലരും അവശവിഭാഗക്കാരുമടങ്ങുന്ന പ്രത്യേക ഘടകപദ്ധതിയിലെയും പട്ടികവർഗ്ഗ ഉപപദ്ധതിയിലെയും വ്യക്തിഗതാനുകൂല്യപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക പരിഗണനയും മേൽനോട്ടവും ആവശ്യമാണ്.

പദ്ധതിപ്രവർത്തനങ്ങളിൽ ഏറെ പ്രാധാന്യം കല്പിച്ചിരിക്കുന്ന രണ്ട് പരിപാടികളാണ് ഇ.എം.എസ് ഭവന പരിപാടിയും തൊഴിലുറപ്പ് പദ്ധതിയും. പാവപ്പെട്ടവന്റെ പാർപ്പിട സ്വപ്നം സാക്ഷാത്ക്കരിക്കുന്ന ഇ.എം.എസ് ഭവന പരിപാടിയുടെ പ്രാധാന്യത്തെക്കുറിച്ച് ഇതിനുമുമ്പും ഈ പംക്തിയിൽ എഴുതിയിരുന്നു. പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എല്ലാ ജില്ലകളിലും പൂർത്തിയായി കഴിഞ്ഞു. തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ മുഖച്ഛായതന്നെ മാറ്റിയെഴുതാനുതകുന്ന തൊഴിലുറപ്പ് പദ്ധതിയിൽ മുൻവർഷം 224 കോടി രൂപയാണ് ചെലവഴിച്ചത്. ഓരോ കുടുംബത്തിനും പരമാവധി തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി നൽകി 1000 കോടി രൂപ ഈ സാമ്പത്തികവർഷം വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കക്ഷിഭേദമന്യേ ജനങ്ങളെയാകെ കണ്ണിചേർത്ത് ക്യാമ്പയിൻ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്നയിടങ്ങളിൽ ലക്ഷ്യം കൈവരിക്കാനാകും.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള ഭരണ സമിതികൾക്ക് പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്ന അവസാന വാർഷിക പദ്ധതിയാണിത്. ഇതോടൊപ്പം 2010-11 ലേയ്ക്കുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതുണ്ട്. ബി.പി.എൽ ലിസ്റ്റിലെ സ്ഥിതിവിവര കണക്കുകളുടെ പരിശോധനയ്ക്ക് വേണ്ടി ഈ മാസം ചേരുന്ന ഗ്രാമസഭകളിൽ 2010-11 ലെ പദ്ധതിയാസൂത്രണവും ചർച്ച ചെയ്യണം. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം അടുത്ത ആഗസ്റ്റ് മാസം മുതൽ നിലവിൽ വരാൻ സാധ്യതയുള്ളതിനാൽ 2010-11 ലെ ആദ്യ നാല് മാസങ്ങൾ പൂർണ്ണമായും നിർവഹണത്തിന് പ്രയോജനപ്പെടുത്താനുതകുന്ന തരത്തിൽ മുൻകൂറായി പദ്ധതികൾക്ക് അംഗീകാരം നേടണം. അതിന് വരും നാളുകളിൽ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ എല്ലാവർക്കും കഴിയും എന്ന് പ്രത്യാശിക്കുന്നു.






ഡോ. ആർ. അജയ്കുമാർ വർമ്മ

# സുസ്ഥിര സമൂ

# തെളിമ

വിവിധ ശുചിത്വ അനുശീലനങ്ങളിൽ, പരിസ്ഥിതി സംരക്ഷണത്തിൽ, രോഗ പ്രതിരോധത്തിൽ, സാമൂഹ്യജീവിതത്തിൽ, ജീവിത സുരക്ഷയിൽ ശ്രദ്ധിക്കുന്ന ഒരു സമൂഹത്തെ, ഒരു സംസ്കാരത്തെ വളർത്തിയെടുക്കുക എന്നത് സ്ക്കൂളുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിലൂടെ സാധിക്കും. കേരളത്തിലെ സർവ്വശിക്ഷാ അഭിയാനും (എസ്സ്.എസ്സ്.എ) സംസ്ഥാന ശുചിത്വ മിഷനും ചേർന്ന് തയ്യാറാക്കിയ ശുചിത്വ ആരോഗ്യ പ്രവർത്തന പുസ്തകത്തിന്റെ (തെളിമ) ലക്ഷ്യം മറ്റൊന്നല്ല.

കഴിഞ്ഞ കുറെ വർഷങ്ങളായി രോഗഭാരം ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഒരു പ്രദേശമാണ് കേരളം. ജീവിതശൈലിയിലെ മാറ്റങ്ങൾ, പരിസ്ഥിതി മലിനീകരണം, ശുചിത്വ അനുശീലനങ്ങളിലെ പോരായ്മ, പോഷകാഹാരക്കുറവ് തുടങ്ങിയ നിരവധി ഘടകങ്ങൾ രോഗഭാരവർദ്ധനയ്ക്കു കാരണമാകുന്നുണ്ട്. ഈ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥായിയായി ഈ പ്രശ്നം പരിഹരിക്കുന്നതിന് ജീവിതരീതിയിൽ തന്നെ ചില മാറ്റങ്ങൾ അനിവാര്യവും അഭികാമ്യവുമാണെന്നു കാണാം. വ്യക്തിശീലങ്ങളിലും, ജീവിതരീതിയിലും, മനോഭാവത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾ കൊണ്ടുമാത്രം പരിസ്ഥിതിയെ പുഷ്ടിപ്പെടുത്തിയ, പോഷകാഹാരക്കുറവ് പരിഹരിച്ച, സമ്പൂർണ്ണ ശുചിത്വ സ്ഥിതി കൈവരിച്ച, ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തിയ ചെറിയ ചെറിയ ഉദാഹരണങ്ങളും നിരവധിയാണ്. വിജയിച്ച മാതൃകകളും രീതികളും വ്യക്തിയുടെയും സമൂഹത്തിന്റേയും ചിട്ടയും ആദർശവും സംസ്കാരവുമായി മാറ്റിയെടുത്താൽ മാത്രമേ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാനാകൂ! വളർന്നുവരുന്ന തലമുറയിലൂടെ ഇത്തരം മാറ്റങ്ങൾ സുസ്ഥിരമാക്കാനുമാകും.

വിവിധ ശുചിത്വ അനുശീലനങ്ങളിൽ, പരിസ്ഥിതി സംരക്ഷണത്തിൽ, രോഗ പ്രതിരോധത്തിൽ, സാമൂഹ്യജീവിതത്തിൽ, ജീവിത സുരക്ഷയിൽ ശ്രദ്ധിക്കുന്ന ഒരു സമൂഹത്തെ ഒരു സംസ്കാരത്തെ വളർത്തിയെടുക്കുക എന്നത് സ്ക്കൂളുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിലൂടെ സാധിക്കും. കേരളത്തിലെ സർവ്വശിക്ഷാ അഭിയാനും (എസ്സ്.എസ്സ്.എ) സംസ്ഥാന ശുചിത്വ മിഷനും ചേർന്ന് തയ്യാറാക്കി അവതരിപ്പിച്ച ശുചിത്വ ആരോഗ്യ പ്രവർത്തന പുസ്തകത്തിന്റെ (തെളിമ) ലക്ഷ്യം മറ്റൊന്നല്ല. ശുചിത്വ-ആരോഗ്യ-പരിസ്ഥിതി-സുരക്ഷാ ബോധം പഠന ബോധന പ്രവർത്തനങ്ങളുടെ ഭാഗമായി വികസിപ്പിക്കുന്നതിനും അന്വേഷണത്തിലൂടെയും, നിരീക്ഷണത്തിലൂടെയും പ്രയോഗത്തിലൂടെയും അവ ശീലമാക്കി മാറ്റുന്നതിനുമാണ് ഉദ്ദേശം.



# ...ൂഹം സ്വപ്നം കണ്ട്

ഇത് ഒരു പുതിയ സാമൂഹ്യ ഇച്ഛാശക്തിക്കു കാരണമാകും എന്നതിന് സംശയം വേണ്ട.

**തെളിമയ്ക്കുള്ളിൽ**

ആകർഷകമായ രീതിയിലും വളരെ ചിട്ടയോടെയുമാണ് 'തെളിമ'യിൽ വിഭവങ്ങൾ ഒരുക്കിയിട്ടുള്ളത്. ശുചിത്വത്തേയും പരിസ്ഥിതി സംരക്ഷണത്തേയും, സ്വഭാവരൂപീകരണത്തേയും കുറിച്ച് ലളിതവും ആധികാരികമായുള്ള നിരീക്ഷണ പഠനത്തിലേയ്ക്കും പ്രയോഗത്തിലേയ്ക്കും നമ്മെ നയിക്കുകയും തുടർന്ന് നമ്മുടെയും സമൂഹത്തിന്റെയും സുരക്ഷ നമ്മുടെ കൈകളിൽ തന്നെയാണ് എന്ന് ഉത്ബോധിപ്പിക്കുകയും ചെയ്യുന്ന രീതി ഓരോരുത്തരിലും സുരക്ഷിതബോധം പ്രദാനം ചെയ്ത് അവരെ ഊർജ്ജസ്വലരാക്കും എന്നതിന് സംശയമില്ല.

**ഞാനും വൃത്തിയും**

നമ്മൾ ഓരോരുത്തരുടേയും ശുചിത്വ രീതികളും സൗകര്യങ്ങളും പ്രവർത്തനങ്ങളും സ്വയം നിരീക്ഷണപരമായി സമീപിച്ച് നാം പാലിക്കേണ്ട വ്യക്തിഗത ശുചിത്വ ആരോഗ്യസംരക്ഷണങ്ങൾ കണ്ടെത്തി പ്രയോഗത്തിലാക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന അനുഭവമാണ് ആദ്യം ലഭിക്കുക. തെറ്റായ പ്രവണതകളും പ്രവർത്തികളും കാരണം ഉണ്ടാകുന്ന രോഗങ്ങളും പ്രശ്നങ്ങളെയും ഗൗരവത്തോടെ അവതരിപ്പിച്ച് അതിനെതിരെ സമൂഹത്തെ ഉണർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാമെന്നും വിജയിപ്പിക്കാമെന്നും ഉത്ബോധിപ്പിക്കുന്നു. ശാരീരിക ശുചിത്വകുറവും മാതാപിതാക്കളുടെ രോഗാവസ്ഥയും കാരണമാക്കി ഇനിയൊരു കുട്ടിയും ഒറ്റപ്പെടലിനു വിധേയമാകരുതത്രേ എന്ന പ്രാർത്ഥനയും നമ്മുടെ ശ്രദ്ധയിൽപെടും. പൊതുവിൽ നമ്മുടെ ശുചിത്വ-ആരോഗ്യപദ്ധതിയെ വിലയിരുത്തി യുക്തിസഹമായ പ്രവർത്തനങ്ങൾക്ക് നമ്മെ പ്രാപ്തരാക്കുന്ന അനുഭവം ജിജ്ഞാസ ഉളവാക്കും.

**അമൂല്യമായ ജലം**

ഭാവിയിലേയ്ക്ക് നോക്കുമ്പോൾ ജലം എത്ര അമൂല്യമാണ് എന്ന് സമൂഹം വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. നമ്മുടെ പുതിയ തലമുറ വളരെ പ്രാധാന്യത്തോടെ ഇതുൾക്കൊള്ളേണ്ടതുണ്ട്. ജല ലഭ്യത, ഗുണനിലവാരം, ഉപയോഗത്തിന്റെ നിജസ്ഥിതി




## തെളിമയിൽ നിന്ന്



അഴുക്കും, പൊടിയും കയറി രോഗമുണ്ടാകാതെയും ആവശ്യത്തിന് വിശ്രമം നൽകിയും കണ്ണിനെ സംരക്ഷിക്കണം. നല്ല പ്രകാശത്തിലേ വായിക്കാവൂ. അമിതമായ പ്രകാശം യാതൊരു കാരണവശാലും മുന്നിൽ നിന്ന് കണ്ണിലേയ്ക്കു കടന്നുകയറാൻ അനുവദിക്കരുത്. കണ്ണിന്റെ വൈകല്യങ്ങൾ യഥാസമയം പരിഹരിച്ചില്ലെങ്കിൽ കാഴ്ച നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് നയിക്കും.

ജലദോഷം വരുമ്പോൾ ഏറ്റവും കൂടുതൽ ബലപ്രയോഗം നടത്തുന്ന അവയവമാണ് മൂക്ക്. ചെറിയ ജലദോഷമുള്ളവർക്ക് അണുബാധയും മറ്റുരോഗങ്ങളും വരാൻ ശക്തിയായ മൂക്ക് ചീറ്റൽ ഇടയാക്കും.

ചെവിയിൽ ആവശ്യമില്ലാത്ത ഒരു വസ്തുവും ഇട്ട് കറക്കുകയോ കുത്തുകയോ ചെയ്യരുത്. ചെവിക്കായം സ്വതസിദ്ധമായ സംരക്ഷണോപാധിയാണ്.





തുടങ്ങിയവ പരിശോധിക്കുന്നതിനും വേണമെങ്കിൽ പരീക്ഷിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും വിഭിന്നാഭിപ്രായം സ്വരൂപിക്കുന്നതിനുമൊക്കെയുള്ള അവസരമാണ് ഇവിടെ ലഭിക്കുന്നത്. ജലമലിനീകരണം തടയുന്നതിനും ജലജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും കൊതുകു നിയന്ത്രണത്തിനും മറ്റുമുള്ള കർമ്മപരിപാടികൾ തയ്യാറാക്കുന്നതിനും അവ പരീക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമൊക്കെ അവസരമൊരുങ്ങുകയാണ്. ജലസംരക്ഷണത്തിനുള്ള പരമ്പരാഗത രീതികൾ, നൂതനമാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി ചുറ്റുപാടുമുള്ള സമൂഹത്തിലെത്തിക്കുന്നതിനുള്ള അഭിമാനകരമായ പ്രവർത്തനത്തിനുള്ള അവസരം തീർച്ചയായും സന്തോഷം പകരും.

**വിപത്താകുന്ന മലിനീകരണം**

നമ്മുടെ ശ്രദ്ധയിൽപ്പെടാതെ പരിസ്ഥിതിയിലുണ്ടാകുന്ന മലിനീകരണ സ്ഥിതി ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിൽ ജീവിതം ബുദ്ധിമുട്ടേറിയതാക്കുന്നു. ഇതിന്റെ സത്യസ്ഥിതിയിലേയ്ക്കൊരു യാത്ര തീർച്ചയായും വഴിത്തിരിവുണ്ടാക്കും. മണ്ണിന്റെയും മരത്തിന്റെയും മൂല്യം, ഔഷധസസ്യങ്ങളുടെ ശേഷി, പാരമ്പര്യത്തിന്റെ ശക്തി ഇവയെല്ലാം ഔത്സുക്യം ജനിപ്പിക്കും. അവജ്ഞയോടെ മാലിന്യം കൈകാര്യം ചെയ്യുന്നതു മൂലം നാം വരുത്തുന്ന വിനകൾ, മാലിന്യത്തെ വിഭവമായി കാണുന്നതിനുള്ള സാധ്യത, അപകടമാലിന്യങ്ങൾ, പ്ലാസ്റ്റിക്കിന്റെ പ്രശ്നങ്ങൾ, വേസ്റ്റിന്റെ അപകടങ്ങൾ ഇവയെല്ലാം അറിയുമ്പോൾ മാലിന്യ പരിപാലനത്തിന് നാം സ്വീകരിക്കേണ്ട സമീപനം സ്വയം രൂപപ്പെട്ടു വരുന്നതും ഒരു നല്ല അനുഭവമാണ്. നാം എത്രമാത്രം പരിസ്ഥിതി സൗഹൃദമാണെന്ന സ്വയം വിലയിരുത്തലിനു ലഭിക്കുന്ന അവസരം സമീപനത്തെ നല്ലതിനുവേണ്ടി മാറ്റുന്നതിന് സഹായിക്കും. കൂടാതെ വായു മലിനീകരണത്തെക്കുറിച്ചും മറ്റുമുണ്ടാക്കിയെടുക്കുന്ന കാഴ്ചപ്പാട് നമ്മുടെ പ്രദേശത്തെ സുസ്ഥിരവികസനത്തിലേയ്ക്കു നയിക്കുന്നതിനുള്ള പ്രലോഭനമാകും എന്നതിനും സംശയമില്ല.

**വ്യക്തിത്വം**

പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങളിലേയ്ക്കിറങ്ങി ചെല്ലുമ്പോൾ, നമ്മുടെ അറിവ് സമൂഹത്തിനുപകാരപ്രദമാക്കി മാറ്റുന്നതിനൊക്കെയുള്ള ശ്രമത്തോടൊപ്പം നമ്മുടെ സ്വഭാവരൂപീകരണത്തെയും പുസ്തകം ഓർമ്മപ്പെടുത്തുന്നു. സ്വയം വിലയിരുത്തലും പ്രോത്സാഹനങ്ങളും ആശയവിനിമയശേഷിക്കുള്ള ശക്തിയും അനുകമ്പ തുടങ്ങിയ ഗുണങ്ങളും എത്ര മഹത്തരമാണെന്ന് മഹദ്വ്യക്തികളുടെ ജീവിതത്തെ ചൂണ്ടിക്കാട്ടി പറയുമ്പോൾ അത് ഉള്ളിൽ തട്ടും. വൈകാരികത മാറ്റിവെച്ച് സമചിത്തത കൈവരിക്കുന്നതിന്റെ ആവശ്യകത, സാഹചര്യങ്ങളെ നേരിടുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ ഇവയൊക്കെ സ്വാഭാവികമായി വ്യക്തിത്വം വളർത്തുന്നതിന് സഹായിക്കും.

**സുരക്ഷ**

വർദ്ധിച്ചുവരുന്ന നൂതന സൗകര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നതിന്റെ ആവശ്യകത കുട്ടികൾ അറിയണം. പ്രത്യേകിച്ച് വൈദ്യുതിയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത ഇവ കുട്ടികൾ അറിയേണ്ടതുതന്നെ. സ്വന്തം വീട്ടിലേയും അയൽവീടുകളിലേയും വൈദ്യുതി ഉപയോഗം കണക്കാക്കുന്നതിനും അതിനെ നിയന്ത്രിക്കുന്നതിനും മറ്റും അറിയുക സുപ്രധാനമാണ്. അതുപോലെ വർദ്ധിച്ചുവരുന്ന തിരക്കിൽ റോഡുസുരക്ഷയെ സംബന്ധിച്ച വസ്തുതകളും അതീവ പ്രാധാന്യമർഹിക്കുന്നു.

ചുരുക്കത്തിൽ ഞാനും വീടും നാടും എന്ന സത്യത്തെ പൂർണ്ണമായും ഉൾക്കൊള്ളാനുള്ള രീതിയാണ് തെളിമ സൃഷ്ടിക്കുന്നത്. ശുചിത്വ-ആരോഗ്യ-പരിസ്ഥിതി സന്ദേശം സ്വയം ഉൾക്കൊള്ളുന്നതിനും അതു വീട്ടിൽ പ്രാവർത്തികമാക്കുന്നതിനുള്ള ചാലക ശക്തിയായി




## തെളിമയിൽ നിന്ന്



**എന്താണ് പ്ലാസ്റ്റിക്?**

പ്ലാസ്റ്റിക്കോസ് എന്ന വാക്കിൽനിന്നാണ് പ്ലാസ്റ്റിക്ക് എന്ന പേരിന്റെ ഉത്ഭവം. പോളിമർ, ഫില്ലർ, വർണ്ണവസ്തു എന്നിവയാണ് പ്ലാസ്റ്റിക്കിന്റെ പ്രധാന ഘടകങ്ങൾ. പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നുണ്ടാക്കുന്ന ഓർഗാനിക് സംയുക്തങ്ങൾ ഉപയോഗിച്ചാണ് പ്ലാസ്റ്റിക് നിർമ്മിക്കുന്നത്. പ്ലാസ്റ്റിക് രണ്ടുതരം ഉണ്ട്. തെർമോപ്ലാസ്റ്റിക്കും, തെർമോ സെറ്റിംഗ് പ്ലാസ്റ്റിക്കും. തെർമോ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പുനഃചംക്രമണം നടത്തി വീണ്ടും ഉപയോഗിക്കാൻ കഴിയും. എന്നാൽ തെർമോസെറ്റിംഗ് പ്ലാസ്റ്റിക്കുകൾ പുനഃചംക്രമണത്തിന് ഉപയോഗിക്കാൻ കഴിയില്ല. നാം ഇരിക്കുന്ന പ്ലാസ്റ്റിക് കസേര നിർമ്മിച്ചിരിക്കുന്നത് സാന്ദ്രത കൂടിയ പോളിഎത്തിലീൻ (HDPE) കൊണ്ടാണ്. ഇതൊരു തെർമോപ്ലാസ്റ്റിക്കാണ്.

## തെളിമയിൽ നിന്ന്



**ശുചിത്വം എന്റെ**
**ജന്മാവകാശമാണ്, കടമയാണ്.**

**വീടും സ്കൂളും**
**പരിസരവും എപ്പോഴും**
**ഞങ്ങൾ ശുചിയായി സൂക്ഷിക്കും.**

**പൊതു സ്ഥലത്ത് പുകവലിച്ചും**
**മദ്യം, മയക്കുമരുന്ന് എന്നിവ**
**ഉപയോഗിച്ചും ഞങ്ങൾക്കും**
**ഞങ്ങളുടെ കുടുംബാംഗങ്ങൾക്കും**
**സമൂഹത്തിനും ഞങ്ങൾ ഒരിക്കലും**
**ദോഷം ചെയ്യില്ല.**

**പകരുന്ന അസുഖങ്ങളുണ്ടെങ്കിൽ**
**മറ്റുള്ളവരിൽനിന്നും ഞങ്ങൾ**
**അകന്നുനിൽക്കും.**

**ഞങ്ങളുടെ വീട്ടിലെ**
**മാലിന്യങ്ങൾ**
**പൊതുസ്ഥലങ്ങളിലോ, അടുത്ത**
**പറമ്പിലോ ഞങ്ങൾ വലിച്ചെറിയില്ല.**

**ഞങ്ങൾ ആഴ്ചയിലൊരു**
**ദിവസം ഡ്രൈഡേയായി**
**ആചരിക്കും.**

**ഞങ്ങൾ പൊതുസ്ഥലങ്ങളിൽ**
**തുപ്പുകയോ മലമൂത്രവിസർജ്ജനം**
**നടത്തുകയോ ചെയ്യില്ല.**

**ഞങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകൾ**
**കഴിയുന്നതും ഒഴിവാക്കും.**

# നിർമ്മൽ ഗ്രാമ പുരസ്ക്കാർ

### പഞ്ചായത്തുകളുടെ ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയ ത്രിതല പഞ്ചായത്തുകളെ അംഗീകരിക്കുന്നതിനും വേണ്ടിയാണ് ഭാരത സർക്കാർ 2003 മുതൽ നിർമ്മൽ ഗ്രാമ പുരസ്ക്കാർ എന്ന അവാർഡ് ഏർപ്പെടുത്തിയത്. ഈ അവാർഡ് ലഭിക്കുന്ന പഞ്ചായത്തുകൾക്ക് പ്രശംസാപത്രവും ഫലകവും സാമ്പത്തിക പുരസ്ക്കാരവും കേന്ദ്രഗവൺമെന്റ് നൽകുന്നു. ഈ പുരസ്കാരത്തിന് ഗ്രാമപഞ്ചായത്തിനും ബ്ളോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എല്ലാ വീടുകളിലും കക്കൂസ്, എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റ്, എല്ലാ അങ്കൻവാടികളിലും ടോയ്‌ലറ്റ്, പൊതുസ്ഥലങ്ങൾ വൃത്തിയുള്ളതായി കാത്തു സൂക്ഷിക്കൽ എന്നിവ കൈവരിക്കുന്ന പഞ്ചായത്തുകൾക്കാണ് ഈ അവാർഡ് ലഭിക്കുന്നത്.

ഗ്രാമ പഞ്ചായത്തിന് 5 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന് 20 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിന് 50 ലക്ഷം രൂപയും ഈ അവാർഡിനൊപ്പം പാരിതോഷികമായി ലഭിക്കുന്നു. ശുചിത്വമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് പഞ്ചായത്തുകൾ ഈ തുക ഉപയോഗിക്കേണ്ടത്.

നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ഈ പുരസ്കാരത്തിന് അർഹതനേടിയത് 2005-ാം വർഷം കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്താണ്. തുടർന്ന് 2006 മുതൽ 2008 വരെ 825 ഗ്രാമ പഞ്ചായത്തുകൾക്ക് ഈ അവാർഡ് ലഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്തെ 90 ബ്ലോക്ക് പഞ്ചായത്തുകൾക്കും 4 ജില്ലാ പഞ്ചായത്തുകൾക്കും പ്രസ്തുത അവാർഡ് ലഭിച്ചു. ശുചിത്വമേഖലയിൽ നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം എന്നതിന് സംശയം വേണ്ട.

2009ൽ ഇന്ത്യയിൽ ജില്ലകൾക്കുള്ള പുരസ്കാരത്തിന് അർഹത നേടിയ 2 ജില്ലകളും നമ്മുടെ സംസ്ഥാനത്താണ്. ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ആണിത്. അതുപോലെ ഈ വർഷം അവാർഡിനായി തെരഞ്ഞെടുത്ത രാജ്യത്തെ ബ്ലോക്കു പഞ്ചായത്തുകളിലെ പകുതിയിൽ കൂടുതലും നമ്മുടെ സംസ്ഥാനത്തിൽ നിന്നായിരുന്നു. നടപ്പു വർഷം 43 ഗ്രാമപഞ്ചായത്തുകൾക്കും അവാർഡിന് അർഹത ലഭിച്ചിട്ടുണ്ട്.

നിർമ്മൽ ഗ്രാമ പുരസ്കാരത്തിന് സംസ്ഥാനത്ത് ഇനിയും യോഗ്യത നേടാനുള്ള പഞ്ചായത്തുകൾ 130 മാത്രമാണ്. ഈ പഞ്ചായത്തുകൾക്ക് അടുത്ത വർഷം പുരസ്കാരം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. പ്രസ്തുത പഞ്ചായത്തുകൾ പുരസ്കാരത്തിന് അടുത്ത വർഷം അർഹത നേടുകയും അവാർഡ് ലഭിച്ച പഞ്ചായത്തുകൾ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിലാണ് കേരളം നിർമ്മൽ സംസ്ഥാനമായി അംഗീകരിക്കപ്പെടുന്നത്. 2010 ൽ കേരളത്തെ നിർമ്മൽ സംസ്ഥാനമായി പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കാം.

*തയ്യാറാക്കിയത്: ബി. സജിത്ത്*
*പ്രോഗ്രാം ഓഫീസർ*
*സംസ്ഥാന ശുചിത്വ മിഷൻ*

പ്രവർത്തിക്കുന്നതിനും നാടിന്റെ ആവശ്യകതയായി മാറ്റുന്നതിനും തെളിമ വഴിയൊരുക്കും. സ്വയം വിമർശനം, വിലയിരുത്തൽ, പരിസ്ഥിതി സൗഹാർദ്ദം രൂപപ്പെടുത്തൽ, ആരോഗ്യം സംരക്ഷിക്കൽ, വിഭവങ്ങളുടെ അമൂല്യത കണ്ടെത്തൽ തുടങ്ങിയ മഹത്തരമായ പ്രവർത്തനങ്ങളിലേയ്ക്ക് കുട്ടികളുടെ ശ്രദ്ധ പതിയും എന്നതിനും സംശയമില്ല. വളർന്നു വരുന്ന തലമുറ, ഇന്നുള്ള മുതിർന്ന തലമുറയേക്കാൾ ശുചിത്വ-പരിസ്ഥിതി ബോധമുള്ളവരാകുകയും അതുവഴി പുതിയ സംസ്ക്കാരത്തിലേയ്ക്കു മാറുന്നതിനും തെളിമ കാരണമാകും എന്നു തീർച്ചപ്പെടുത്താം.

ശാസ്ത്ര-സാങ്കേതിക-വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുടെ സഹായത്തോടെ പുസ്തകം കുട്ടികളുടെ കളിപ്പാട്ടമോ സഹായിയോ ആയി മാറും എന്ന് തെളിമയിലൂടെ കടന്നുപോകുന്ന ഏതൊരു മുതിർന്ന വ്യക്തിക്കും ബോധ്യപ്പെടും. കുട്ടികൾക്ക് ഔത്സുക്യം ജനിപ്പിക്കുന്ന തെളിമയിലൂടെ കടന്നുപോകുന്ന ഏതൊരു വിദ്യാർത്ഥിയും സമൂഹത്തിന് മുതൽക്കൂട്ടാകും. ഇക്കാര്യത്തിൽ സംശയം വേണ്ട. ■

*ലേഖകൻ*
*ശുചിത്വമിഷൻ ഡയറക്ടറാണ്*





# 1 കോടി രൂപ ഒന്നാം സമ്മാനം

സോഷ്യൽ റിയാലിറ്റി ഷോയിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു കോടി രൂപ ഒന്നാം സമ്മാനം നൽകും. ഗ്രീൻകേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റി ഷോയുടെ സംപ്രേഷണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിലാണ് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഈ പ്രഖ്യാപനം നടത്തിയത്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി റിയാലിറ്റി ഷോയുടെ വെബ്പോർട്ടലിന്റെ (www.greenkerala express.com) ഉദ്ഘാടനം നിർവഹിച്ചു. റിയാലിറ്റി ഷോയുമായി ബന്ധപ്പെട്ട സി.ഡി. യുടെ പ്രകാശനം കുട്ടി അഹമ്മദ്കുട്ടി എം.എൽ.എ നിർവഹിച്ചു. ശുചിത്വമിഷൻ ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ, തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ജി. സാജൻ എന്നിവർ റിയാലിറ്റി ഷോ സംബന്ധിച്ച അവതരണങ്ങൾ നടത്തി. ദൂരദർശൻ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ടി. ചാമിയാർ സ്വാഗതവും സിഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മോഹൻകുമാർ നന്ദിയും പറഞ്ഞു. വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തികൾ യോഗത്തിൽ സംബന്ധിച്ചു.




*ഗ്രീൻകേരള എക്സ്പ്രസ് റിയാലിറ്റി ഷോയുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ധനകാര്യ വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, കുട്ടി അഹമ്മദ്കുട്ടി എം.എൽ.എ. എന്നിവർ സമീപം*

# പാട്ടുകാ
# ഇതാ പഞ്ചാ
# വര

പലതരം റിയാലിറ്റിഷോകൾ നമ്മൾ കണ്ടിട്ടുണ്ട്. പാട്ടുകാർക്കും നർത്തകർക്കുമായി. തടി കുറയ്ക്കാനും വധുവിനെ കണ്ടെത്താനും.

എന്നാൽ ഇനിയിതാ വളരെ വ്യത്യസ്തമായ മറ്റൊരു റിയാലിറ്റി ഷോ. ഇവിടെ പങ്കെടുക്കുന്നത് വ്യക്തികളല്ല; മറിച്ച് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ്. സുസ്ഥിര വികസനത്തിന്റെ അതുല്യ മാതൃകകൾ തേടി ഒരു യാത്ര. നമ്മുടെ ഗ്രാമജീവിതത്തിന്റേയും തദ്ദേശീയാസൂത്രണത്തിന്റേയും ദൃശ്യങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ അപൂർവ്വമായ ഒരവസരം.

ഇത് വെറുമൊരു മത്സരമല്ല. ആയിരക്കണക്കിന് ആശയങ്ങളുടെ ഒരാഘോഷമാണ്. തദ്ദേശസ്വയംഭരണവകുപ്പിനു വേണ്ടി ശുചിത്വമിഷനും ദൂരദർശനും സിഡിറ്റും ഈ സംരംഭത്തിന് നേതൃത്വം നൽകുന്നു. വളരെ പ്രോത്സാഹജനകമായ പ്രതികരണമാണ് ഒന്നാം ഘട്ടത്തിൽ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും കോർപ്പറേഷ

ഗ്രീൻ കേരള എക്സ്പ്രസ്

# ര വഴിമാറൂ
# ായത്തുകൾ
# വായി

**ജി. സാജൻ**

നുകളിൽ നിന്നും ലഭിക്കുന്നത്. ഇതേവരെ മുഖ്യധാരാ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽ വരാത്ത ധാരാളം ചിത്രങ്ങൾ കിട്ടിത്തുടങ്ങി.

അതേവരെ ചെങ്കൽപ്പാറകൾ നിറഞ്ഞ ഒരു ഗ്രാമം മികച്ച മഴക്കൊയ്ത്തിന്റെ മാതൃകയായ കഥ, അടുത്ത അഞ്ചു വർഷത്തേയ്ക്ക് 53 കോടി രൂപയ്ക്ക് വാർഷിക പദ്ധതി സാധ്യമാക്കിയ പഞ്ചായത്തുകൾ, കുട്ടികൾക്കും സ്ത്രീകൾക്കും മുതിർന്ന പൗരൻമാർക്കുമായി ജാഗ്രതാ സമിതികൾ, വിദ്യാഭ്യാസരംഗത്തും പഠന പ്രക്രിയയിലും സജീവമായ മാറ്റങ്ങൾ, വ്യവഹാരരഹിത മേഖലകൾ, ഭക്ഷ്യസുരക്ഷാരംഗത്തെ പങ്കാളിത്ത പരീക്ഷണങ്ങൾ, സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും ബ്ലഡ് ഗ്രൂപ്പ് ശേഖരിച്ച പഞ്ചായത്തുകൾ, സ്വന്തമായി ഒരു സർവകലാശാല സ്വപ്നം കാണാൻ ധൈര്യമുള്ള പഞ്ചായത്തുകൾ, കുടുംബശ്രീയുടേയും എൻ.ആർ.ഇ.ജി.യുടേയും സ്തുത്യർഹമായ നേട്ടങ്ങൾ, ഭവനരഹിതരില്ലാത്ത ഗ്രാമങ്ങൾ ..... ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത അപൂർവമായ





# അതിനൂതന മാധ്യമ സംരംഭം



കേരളത്തിൽ നടക്കുന്ന ജനാധിപത്യ വികേന്ദ്രീകരണ പരീക്ഷണങ്ങളെയും ജനകീയാസൂത്രണ പ്രക്രിയയെയും കൂടുതൽ ക്രിയാത്മകവും സുതാര്യവുമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അതിനൂതനമായ ഒരു മാദ്ധ്യമ സംരംഭത്തിന് കേരള സർക്കാർ മുൻകൈ എടുക്കുകയാണ്.

ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിൽ തന്നെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ ആയ ഗ്രീൻ കേരള എക്സ്പ്രസിന് തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വമിഷനും തിരുവനന്തപുരം ദൂരദർശനും സി-ഡിറ്റും സംയുക്തമായി രൂപം നൽകുന്നു. സുസ്ഥിര വികസനത്തിന്റെ ഉത്തമ മാതൃകകൾ സൃഷ്ടിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ഒരു മത്സരമാണിത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത സുസ്ഥിര വികസനമാതൃകകൾ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനുള്ള അസുലഭമായ അവസരമാണിത്. കേരളവും ലോകവും ശ്രദ്ധിക്കേണ്ട അപൂർവ മാതൃകകൾ നിങ്ങളുടെ തദ്ദേശഭരണ സ്ഥാപനത്തിലുണ്ടോ? കൃഷി, ജലവിഭവസംരക്ഷണം, നീർത്തടവികസനം, മാലിന്യ സംസ്കരണം, വനവത്ക്കരണം, കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, ഭവന നിർമ്മാണം, സ്ത്രീശാക്തീകരണം, സാമൂഹിക സുരക്ഷ എന്നീ മേഖലകളിൽ നിങ്ങൾ കൈവരിച്ച നേട്ടങ്ങൾ ഈ പരിപാടിയിലൂടെ ലോക ശ്രദ്ധയിൽ കൊണ്ടുവരാം.

തിരുവനന്തപുരം ദൂരദർശൻ തിങ്കൾ മുതൽ വെള്ളിവരെ വൈകിട്ട് 5.05-നും രാത്രി 8.30-നും ഈ സോഷ്യൽ റിയാലിറ്റി ഷോ സംപ്രേഷണം ചെയ്യും. ആഗോള കാലാവസ്ഥാമാറ്റത്തിന്റെ പശ്ചാത്തലത്തിൽ സുസ്ഥിര വികസന മാതൃകകൾക്ക് പുതിയൊരു മാനം കൈവരുകയാണ്. ലോകത്തിന് മാതൃകയാവുന്ന വികസനപാത സൃഷ്ടിക്കാൻ കേരളത്തിന് ലഭിക്കുന്ന അപൂർവമായ ഒരവസരമാണിത്.

താങ്കളുടെയും താങ്കളുടെ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പൂർണമായ പങ്കാളിത്തമുണ്ടായെങ്കിലേ ഈ പരിപാടി വിജയിക്കൂ. ഇതിനാവശ്യമായ ചോദ്യാവലിയും വീഡിയോയും ശ്രദ്ധയോടെ തയ്യാറാക്കണം. പുറംലോകത്തിന് കാണുമ്പോൾ ആകർഷകമായി തോന്നുന്ന തരത്തിൽ അവതരിപ്പിക്കണം. ഇത് വെറുമൊരു മത്സരമല്ല. മഹത്തായ സാമൂഹിക നേട്ടങ്ങളെ പൊതുസമൂഹത്തെ അറിയിക്കാനുള്ള അപൂർവ്വ അവസരമാണ്.

ഈ അവസരം ഫലപ്രദമായി വിനിയോഗിക്കണമെന്ന് ഞാൻ സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**പാലോളി മുഹമ്മദ്കുട്ടി**

*തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അദ്ധ്യക്ഷന്മാർക്ക് അയച്ച കത്തിൽ നിന്ന്*





# വികസന മാതൃകകൾ ലോകത്തെ

ഗ്രീൻ കേരള എക്സ്പ്രസ്

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ശ്രദ്ധേയമായ മാതൃകകൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള നൂതനമായ ഒരു മാധ്യമ സംരംഭത്തിന് കേരള സർക്കാരും ദൂരദർശനും സി-ഡിറ്റും സംയുക്തമായി രൂപം നൽകിയിട്ടുണ്ട്. സുസ്ഥിര വികസനത്തിന്റെ ഉത്തമ മാതൃകകൾ സൃഷ്ടിച്ച മികച്ച ഗ്രാമ പഞ്ചായത്തുകളെയും നഗരസഭകളെയും കണ്ടെത്തുവാനുള്ള മത്സരമാണ് ഈ പരിപാടിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. 'ഗ്രീൻകേരള എക്സ്പ്രസ്' എന്ന പേര് നൽകിയിട്ടുള്ള ഈ പരിപാടി ഇന്ത്യൻ ചരിത്രത്തിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോയാണ്.

പ്രാദേശിക ആസൂത്രണ-പദ്ധതി നിർവഹണ വിഷയങ്ങളിൽ കേരളവും ലോകവും ശ്രദ്ധിക്കേണ്ട അപൂർവ വികസന മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഈ പരിപാടിയിൽ പങ്കെടുക്കാം. അങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ മാതൃകകൾ തെരഞ്ഞെടുത്ത് ഓരോ മാതൃകയെക്കുറിച്ചും 8-10 മിനിട്ട് ദൈർഘ്യമുള്ള ദൃശ്യചിത്രം (documentary) തയ്യാറാക്കേണ്ടതും അതോടൊപ്പം നിശ്ചിത ചോദ്യാവലി പൂരിപ്പിച്ച് 2009 ഡിസംബർ 31-നകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

പ്രോജക്ട് കോ ഓർഡിനേറ്റർ
ഗ്രീൻ കേരള എക്സ്പ്രസ്
സി-ഡിറ്റ്, ഗോർക്കി ഭവൻ
വാൻറോസ് ജംഗ്ഷൻ
തിരുവനന്തപുരം
ഫോൺ 0471-2330081
ഇ-മെയിൽ:
greenkeralaexpress@gmail.com

ഒരു തദ്ദേശഭരണ സ്ഥാപനത്തിന് പരമാവധി മൂന്ന് മാതൃകകൾ ചോദ്യാവലിയിൽ ഉൾപ്പെടുത്താവുന്നതാണ്. മാതൃകയെ/മാതൃകകളെക്കുറിച്ചുള്ള ലഘുകുറിപ്പ്, ചിത്രങ്ങൾ ഉണ്ടെങ്കിൽ അവ, പുസ്തകം തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത്, ഡോക്യുമെന്ററി, മറ്റ് പ്രചരണോപാധികൾ മുതലായവയും പൂരിപ്പിച്ച ചോദ്യാവലിയോടൊപ്പം മുകളിൽ നൽകിയിട്ടുള്ള വിലാസത്തിൽ അയയ്ക്കണം. ചോദ്യാവലിയുടെ പകർപ്പ് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ശുചിത്വമിഷൻ ലഭ്യമാക്കുന്നതാണ്.

ഡോക്യുമെന്ററി ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യേണ്ടതിനാൽ മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ചു വേണം തയ്യാറാക്കേണ്ടത്. പ്രാദേശികമായി ലഭ്യമായ വീഡിയോഗ്രാഫർമാരെ ഉപയോഗിച്ച് MiniDV ഫോർമാറ്റിൽ 8-10 മിനിട്ട് ദൈർഘ്യമുള്ള ഡോക്യുമെന്ററിയാണ് ഓരോ മാതൃകയെക്കുറിച്ചും തയ്യാറാക്കേണ്ടത്. ഡോക്യുമെന്ററിയിൽ കമന്ററിയും മ്യൂസിക്കും ഉൾപ്പെടുത്താമെങ്കിലും കമന്ററിയും മ്യൂസിക്കും ഒഴിവാക്കിയ മറ്റൊരു കോപ്പികൂടി സമർപ്പിക്കണം. ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് പരമാവധി 12,000 രൂപവരെ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും വിനിയോഗിക്കാവുന്നതാണ്. ഒന്നിലേറെ മാതൃകകൾ ഉൾപ്പെടുത്തുന്നതുകാരണം അത്രയും ഡോക്യുമെന്ററികൾ തയ്യാറാക്കുകയാണെങ്കിൽ തന്നെയും 12,000 രൂപ എന്ന പരിധി ബാധകമായിരിക്കും.

ലഭിക്കുന്ന എൻട്രികൾ സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന ഒരു ജൂറി

വാർത്തകളും ചിത്രങ്ങളുമാണ് പുറത്തു വന്നു കൊണ്ടിരിക്കുന്നത്.

ഇതൊരു ചെറിയ തുടക്കമാണ്. നമ്മുടെ പ്രാദേശിക ആസൂത്രണരംഗത്തെ ചെറിയ ചെറിയ ചലനങ്ങളുടെ, സാധ്യതകളുടെ ലഘുചിത്രങ്ങൾ. ഇതിനേക്കാൾ സജീവവും ചലനാത്മകവുമായ ധാരാളം മറ്റ് ചിത്രങ്ങൾ നമ്മുടെ ഗ്രാമങ്ങളിലുണ്ടാവും. വ്യക്തികളിലും സ്ഥാപനങ്ങളിലും അന്തർലീനമായ സർഗസാധ്യതകൾ നാം കണ്ടു തുടങ്ങുന്നതേയുള്ളൂ.

ഇത് വിശാലാടിസ്ഥാനത്തിൽ ഒരു വിദ്യാഭ്യാസ പ്രക്രിയയാണ്. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന വ്യത്യസ്തമായ പരീക്ഷണങ്ങളെക്കുറിച്ച് മറ്റ് സ്ഥലങ്ങളിലുള്ളവർക്ക് പഠിക്കാനുള്ള ഒരവസരം. തങ്ങൾ നടത്തുന്ന വികസന പ്രവർത്തനങ്ങളെ സ്വയം വിലയിരുത്താനുള്ള അവസരം.



*ഗ്രീൻകേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റി ഷോയുടെ വെബ്പോർട്ടലിന്റെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി നിർവഹിക്കുന്നു.*

# അറിയിക്കുവാനുള്ള അവസരം

മത്സരം എന്നതിന് ഉപരിയായി
വിവിധ മേഖലകളിൽ തങ്ങൾ
സൃഷ്ടിച്ച മാതൃകകൾ
കേരളത്തെയും ലോകത്തെയും
അറിയിക്കുവാനുള്ള
അവസരമാണ്
ഗ്രാമപഞ്ചായത്തുകൾക്കും
നഗരസഭകൾക്കും ലഭിക്കുന്നത്.

പരിശോധിച്ച് ഷോയിൽ പങ്കെടുപ്പിക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതാണ്. പൂരിപ്പിച്ച ചോദ്യാവലി, ഡോക്യുമെന്ററി, പ്രചരണോപാധികൾ, മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഷോയിൽ പങ്കെടുത്ത് തങ്ങളുടെ മാതൃകകൾ അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നതാണ്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർ ഉൾപ്പെടെ മാതൃകയിൽ പങ്കാളികളായ മറ്റ് ബന്ധപ്പെട്ടവർക്കും റിയാലിറ്റി ഷോയിൽ പങ്കെടുക്കാവുന്നതാണ്. ദൃശ്യ ചിത്രങ്ങൾ, മറ്റ് പ്രചരണോപാധികൾ എന്നിവയുടെ സഹായത്തോടെ മാതൃകകൾ അവതരിപ്പിക്കണം. ജൂറിയുടെയും സദസ്യരുടെയും ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും അവസരം ലഭിക്കുന്നതാണ്.

ജൂറിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നതാണ്. ജൂറിയുടെ തെരഞ്ഞെടുപ്പിന് പുറമെ എസ്.എം.എസിലൂടെയുള്ള വോട്ടിംഗിന്റെ അടിസ്ഥാനത്തിൽ പ്രേക്ഷകർ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്ന സംവിധാനവും അവലംബിക്കുന്നതാണ്. കൂടുതൽ എസ്.എം.എസ് ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പുരസ്കാരം നൽകുന്നതാണ്.

മത്സരം എന്നതിന് ഉപരിയായി വിവിധ മേഖലകളിൽ തങ്ങൾ സൃഷ്ടിച്ച മാതൃകകൾ കേരളത്തെയും ലോകത്തെയും അറിയിക്കുവാനുള്ള അവസരമാണ് ഇതിലൂടെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിക്കുന്നത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഗ്രീൻ കേരള എക്സ്പ്രസ് എന്ന സോഷ്യൽ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്നതിനും നടപടി സ്വീകരിക്കണെമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
**എസ്.എം. വിജയാനന്ദ്**

*തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധ്യക്ഷന്മാർക്ക് അയച്ച കത്തിൽ നിന്ന്*

നവീനമായ ഈ മാധ്യമപരീക്ഷണത്തിന്റെ സംപ്രേഷണ ശൈലിയിലും മാറ്റങ്ങളുണ്ടാവും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനങ്ങളും ഒരുമിച്ചിരുന്ന് കാണുന്ന കമ്മ്യൂണിറ്റി വ്യൂവർ സോണുകൾ ആലോചനയിലുണ്ട്. ഡയറക്ടറേറ്റ് ഓഫ് ഫീൽഡ് പബ്ലിസിറ്റിയുമായി ചേർന്ന് ഇത്തരം പ്രേക്ഷക സമൂഹങ്ങളിൽ നിന്നും ഉടനടി പ്രതികരണം ശേഖരിക്കാൻ ശ്രമിക്കും. ഇപ്രകാരം ലഭിക്കുന്ന ഫീഡ് ബാക്കിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള എപ്പിസോഡുകളുടെ ഉള്ളടക്കം ക്രമീകരിക്കുക.

ആകാശവാണിയുമായി ചേർന്ന് തിരഞ്ഞെടുക്കപ്പെട്ട വികസന റിപ്പോർട്ടുകൾ പ്രക്ഷേപണം ചെയ്യാനും ധാരണയായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന എല്ലാ അനുഭവങ്ങളും പരീക്ഷണങ്ങളും പഞ്ചായത്ത് രാജ്, ജനപഥം, ഗ്രാമഭൂമി, കേരളാ കോളിംഗ് എന്നിവയിൽ പ്രസിദ്ധീകരിക്കുന്നതിനൊപ്പം തിരഞ്ഞെടുക്കപ്പെട്ട അനുഭവങ്ങൾ മുഖ്യധാര മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കും. ഈ പരിപാടിയുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ വിവരവും ദൃശ്യരേഖകളും www.greenkeralaexpress. com എന്ന വെബ് പോർട്ടലിൽ നൽകും.

എല്ലാ മാധ്യമസാധ്യതകളേയും സംയോജിപ്പിക്കുന്ന നവീനമായ ഒരു പരീക്ഷണമാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന അപൂർവമായ ഒരവസരവും. ഈ അവസരം എല്ലാവരും പൂർണമായി പ്രയോജനപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു. ■

*ലേഖകൻ*
*തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഡയറക്ടറാണ്*

## സർക്കാർ ഉത്തരവ്

ദൂരദർശനിൽ സംപ്രേഷണം ചെയ്യുന്ന സോഷ്യൽ റിയാലിറ്റി ഷോയിൽ എൻറോൾ ചെയ്യുന്നതിനും, തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 10000/- രൂപ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ വിഹിതമായി നൽകുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായി (2.12.09 ലെ G.O.(Rt)No.3206/2009/LSGD നമ്പർ സർക്കാർ ഉത്തരവ്). തുക ശുചിത്വ മിഷന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കേണ്ടതാണ്.









### തൊഴിലും വീടും ജനകീയ ക്യാമ്പയിൻ

# തൊഴിലുറപ്പ് പദ്ധതിയിൽ ഇനിയെന്ത്?

**ഡോ. എബി ജോർജ്ജ്**

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജവും മാനവും നൽകി "തൊഴിലും വീടും" ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തു പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള മേഖലാതല യോഗങ്ങൾ സെപ്തംബർ 23 മുതൽ 29 വരെ നടന്നു. ഓരോ പഞ്ചായത്തിൽ നിന്നും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഉൾപ്പെടുന്ന ജനപ്രതിനിധികളുടെയും സി.ഡി.എസ് ചെയർപേഴ്സൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അക്കൗണ്ടന്റ് തുടങ്ങി 8 പേർ വീതം പങ്കെടുക്കുന്ന രണ്ടു ദിവസത്തെ പരിശീലന പരിപാടിയും വിവിധ കേന്ദ്രങ്ങളിൽ പൂർത്തിയായി വരികയാണ്.

ക്യാമ്പയിന്റെ ഭാഗമായി 1000 കോടി രൂപ ഈ സാമ്പത്തികവർഷം തൊഴിലുറപ്പ് പദ്ധതിയിൽ ചെലവഴിക്കുക എന്നതാണ് ലക്ഷ്യം. ഇത് കൈവരിക്കുന്നതിന് ഓരോ പഞ്ചായത്തും ശരാശരി ഒരു കോടി രൂപവീതം തൊഴിലുറപ്പു പദ്ധതിയിൽ ചെലവിടേണ്ടതുണ്ട്.

**സോഷ്യൽ ഓഡിറ്റും ലേബർ ബാങ്ക് രൂപീകരണവും വാർഷിക ലേബർ ബാങ്കും കർമ്മ പദ്ധതിയും**

കേരളത്തിലെ പഞ്ചായത്തുകളിൽ ഇതിനോടകം സോഷ്യൽ ഓഡിറ്റിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ഈ സോഷ്യൽ ഓഡിറ്റിന്റെ റിപ്പോർട്ടുകൾ സംഗ്രഹിക്കുകയോ, നിർദ്ദേശങ്ങൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. റിപ്പോർട്ടുകൾ ഏത്രയും വേഗം സംഗ്രഹിക്കുകയും അതിൽ തുടർനടപടികൾ ഉണ്ടാവുകയും ചെയ്യണം. ഓരോ വാർഡിലേയും സോഷ്യൽ ഓഡിറ്റ് ഗ്രൂപ്പിലെ രണ്ടുപേർ വീതം പഞ്ചായത്തു തലത്തിൽ കൂടിയിരുന്ന് ഈ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. അങ്ങനെ പൂർത്തിയാക്കിയ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ എടുക്കുന്ന നടപടികൾ പഞ്ചായത്തുതലത്തിൽ നടത്തുന്ന കൺവെൻഷനിൽ വച്ച് പൊതുജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാം. ഇതിനോടൊപ്പം പഞ്ചായത്തുതലത്തിൽ ഒരു സോഷ്യൽ ഓഡിറ്റ് സംഗമവും സംഘടിപ്പിക്കാവുന്നതാണ്. ഇതിലേയ്ക്കായി ഒരു ടീമിനെ പഞ്ചായത്ത് നിയോഗിക്കണം. ടീം അംഗങ്ങൾ സർവ്വസമ്മതരായ വ്യക്തികൾ ആയിരിക്കേണ്ടതിന് താഴെപ്പറയുന്ന രീതിയിൽ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്. പഞ്ചായത്തു കമ്മിറ്റിയിൽ പ്രാതിനിധ്യമുള്ളതും ഇല്ലാത്തതുമായ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഓരോ അംഗത്തെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട, സമിതി അംഗീകരിക്കുന്ന കുറഞ്ഞത് 5–10 പേർവരെയുള്ള ഒരു പഞ്ചായത്തുതല ഓഡിറ്റ്ടീം പഞ്ചായത്തിൽ നടന്ന NREGS പ്രവർത്തികൾ ഓഡിറ്റിന് വിധേയമാക്കി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പഞ്ചായത്തു തലത്തിൽ നടക്കുന്ന പൊതുയോഗത്തിൽ (Public Hearing) ഈ റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്യാവുന്നതാണ്.

ഇതിനോടൊപ്പം തന്നെ വാർഷിക





ലേബർ ബഡ്ജറ്റും കർമ്മ പദ്ധതികളും രൂപീകരിക്കേണ്ട പ്രവർത്തനങ്ങളും ഏകോപിപ്പിക്കാവുന്നതാണ്. ഇതനുസരിച്ച്

1. ഓരോ വാർഡിലെയും 2–3 സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങൾ
2. മേറ്റായി പ്രവർത്തിച്ചിട്ടുള്ള ADS പ്രവർത്തകർ – 3 പേർ
3. ഗ്രാമസഭാ ഫെസിലിറ്റേറ്റർ – 1
4. വാർഡ് മെമ്പർ – 1

എന്നിങ്ങനെ ഓരോ വാർഡിൽ നിന്നും 7–8 പേർവരുന്ന ഒരു ഗ്രൂപ്പ് അതാതു വാർഡിലെ NREGS പ്രവർത്തനം വഴി പരമാവധി കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. അതിനുശേഷം പഞ്ചായത്തുതലത്തിൽ 100–150 പേരുള്ള ഒരു ഏകദിനകൺവെൻഷൻ വിളിച്ചുചേർക്കുകയും അയൽകൂട്ടം അടിസ്ഥാനത്തിൽ ലേബർ ടീമുകൾ, ലേബർ ബഡ്ജറ്റ്, അടുത്ത ഒരു വർഷം ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ ലിസ്റ്റ് എന്നിവ തയ്യാറാക്കേണ്ടതുമാണ്. ഓരോ മാസവും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തികളും, പ്രതിമാസ അടിസ്ഥാനത്തിലുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണവും തിട്ടപ്പെടുത്തേണ്ടതുമാണ്.

ഇത്തരത്തിൽ അയൽക്കൂട്ടം അടിസ്ഥാനത്തിലും തുടർന്ന് വാർഡ് അടിസ്ഥാനത്തിലും വർക്കുകൾ കണ്ടെത്തുമ്പോൾ പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ തയ്യാറാക്കിയിട്ടുള്ള നീർത്തട മാസ്റ്റർപ്ലാനുകൾ കൂടി പരിഗണിക്കേണ്ടതാണ്. നീർത്തട മാസ്റ്റർപ്ലാനുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം.

i. SC/ST/IAY കുടുംബങ്ങളുടെ ഭൂവികസനം (EMS ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകണം.)

ii. അയൽക്കൂട്ട പ്രദേശത്ത്/വാർഡിൽ ലഭ്യമായ മുഴുവൻ പൊതു ഭൂമികളുടെയും ലിസ്റ്റു തയ്യാറാക്കുകയും അവിടങ്ങളിൽ, സാധ്യമായിടത്തെല്ലാം ജൈവവേലി നിർമ്മിക്കുകയും ചെയ്യുക.

iii. പഞ്ചായത്തു പ്രദേശത്ത് ലഭ്യമായ പൊതുസ്ഥലങ്ങളെ ജൈവവേലിയുപയോഗിച്ചു സംരക്ഷിക്കുന്ന പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടം കൂടുതൽ ക്രിയാത്മകതയും വെല്ലുവിളിയും ഉള്ളതാണ്. ഇത്തരം പ്രദേശങ്ങളുടെ വിസ്തീർണ്ണം, മണ്ണിന്റെ സ്വഭാവം, ജലലഭ്യത തുടങ്ങിയവ പരിഗണിച്ച് വിവിധങ്ങളായ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ചചെയ്ത്, ലേബർ ടീമുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കും. ചില സൂചനകൾ താഴെ കൊടുക്കുന്നു.

ഒന്നാമതായി, ഇത്തരം ലഭ്യമായ ഓരോ വാർഡിലുള്ള സ്ഥലങ്ങളെ ഇലലഭ്യതയ്ക്കനുസരിച്ച് ഓരോ നഴ്സറിയായി മാറ്റാവുന്നതും ആ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമായ എല്ലാതരം വൃക്ഷങ്ങളുടെയും വിത്ത് നട്ടു വളർത്തിയെടുക്കുന്നതിന് ഈ നഴ്സറി ഉപയോഗപ്പെടുത്താവുന്നതാണ്.

രണ്ടാമതായി, രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും ഉള്ള ഇത്തരം ജൈവവേലിയാൽ സംരക്ഷിക്കപ്പെട്ട പൊതുഭൂമികളിൽ, സർപ്പക്കാവുകളെന്നോ, വിശുദ്ധവനങ്ങൾ എന്നൊക്കെ അറിയപ്പെടുന്ന പ്രാദേശിക ജൈവ വൈവിധ്യ ഉദ്യാനങ്ങൾ (biodiversity park) ഉണ്ടാക്കാവുന്നതാണ്. എല്ലാ പഞ്ചായത്തിലും ഒരു വലിയ ജൈവവൈവിധ്യ പാർക്കും, എല്ലാ വാർഡിലും ഒരു ചെറിയ ജൈവ വൈവിദ്ധ്യ പാർക്കും NREGA യുടെ ഭാഗമായി നട്ടുവളർത്തിയെടുക്കാവുന്നതാണ്.



മറ്റൊരു സാധ്യത പൊതുഭൂമികളിൽ പുല്ലുവച്ചു പിടിപ്പിക്കുന്നതിനുള്ളതാണ്. ജൈവവേലികളുടെ സംരക്ഷണം ഉണ്ടെങ്കിൽ ലഭ്യമായ എല്ലാ പൊതുഭൂമിയിലും പുല്ലു വച്ചു പിടിപ്പിക്കുന്നതിനും വളരുന്ന ക്രമത്തിൽ അത് അറുത്തെടുത്ത് കന്നുകാലികൾക്ക് ആഹാരത്തിനു നൽകുന്നതിനും കഴിയും. ലേബർ ടീം അംഗങ്ങൾക്കും അയൽക്കൂട്ടം പ്രവർത്തകർക്കും പുല്ലരിയാനുള്ള അവകാശം നൽകാവുന്നതും അതുവഴി പാലുല്പാദന മേഖലയിലേയ്ക്കുള്ള തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകാപരമായ ഇടപെടലിന് അവസരം ഒരുക്കാവുന്നതുമാണ്.





ജലസ്രോതസ്സുകളുടെ സംരക്ഷണം തൊഴിലുറപ്പ് പദ്ധതിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽപ്പെട്ടതാണ്. ഉറവകളും കുളങ്ങളും അരുവികളും ചെറിയ കൈതോടുകളും തോടുകളും നദികളുമെല്ലാം ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം കേരളത്തിന്റെ ജലസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ്. ഓരോ സ്രോതസ്സും ഉൾപ്പെടുന്ന പ്രദേശം ഒന്നല്ലെങ്കിൽ മറ്റൊരു നീർത്തടത്തിന്റെ ഭാഗമായിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് കൂടിയാണ് കേരളത്തിൽ നീർത്തടാടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.



മൂന്നാമതായി, വിറകിന് ഉപയോഗിക്കാവുന്ന മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ്. വിവിധ തരത്തിലുള്ള വിറകും ചുള്ളികളും വിവിധ തരത്തിലാണ് കത്തുന്നതും ചൂടുതരുന്നതും. ഇത്തരത്തിൽ വ്യത്യസ്തമായ ആവശ്യങ്ങൾ നമുക്കുണ്ടുതാനും. LPGയും വിറകും കിട്ടാത്തവർക്ക് കിട്ടുന്നത് എന്തും വിറകാണെന്നിരിക്കെ, ഇത്തരത്തിൽ ഒരു വേർതിരിവിനുള്ള സാവകാശമോ സാഹചര്യമോ ഇല്ല. ലേബർ ടീമുകളുടെ നേതൃത്വത്തിൽ ലഭ്യമായ സ്ഥലങ്ങളിലെല്ലാം വിറകിനു പറ്റിയ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ നട്ടുവളർത്തപ്പെടുന്ന വിറകു വൃക്ഷങ്ങളുടെ കൊമ്പുകൾ കാലാകാലങ്ങളിൽ ഇറക്കി ഇലകൾ കമ്പോസ്റ്റ് ആവശ്യത്തിനും ചുള്ളിക്കൊമ്പുകൾ വിറക് ആവശ്യത്തിനും ഉപയോഗിക്കുന്നതിനുള്ള സംവിധാനം പ്രാദേശികമായി ഉണ്ടാക്കിയെടുക്കണം. പ്രാദേശികമായി രൂപീകരിക്കുന്ന ലേബർ ടീമുകൾക്കും ലേബർ ബാങ്കുകൾക്കും ഇക്കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാനാകും. ഇതിനാവശ്യമായ സസ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ വളരെ വേഗം വളർന്ന് ധാരാളം തണലും ഇലകളും കമ്പുകളും ലഭിക്കുന്നവയും അതുപോലെ തന്നെ കുറച്ചു പതുക്കെയാണെങ്കിലും കത്തിച്ചാൽ നല്ല ചൂടുകിട്ടുന്ന വിറകു ലഭിക്കുന്നവയും ചേർത്തു നടാവുന്നതാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഒന്നു രണ്ടു വർഷത്തിനകം തുടർച്ചയായി വിറകു ലഭ്യത ഉറപ്പാക്കാനുള്ള സാധ്യത കൂടുതലായിരിക്കും. വരുംനാളുകളിൽ ഗ്യാസിനും വിറകിനും ലഭ്യത കുറയുവാൻ സാധ്യതയുള്ള നിലയ്ക്ക് പ്രാദേശികമായി ഇക്കാര്യത്തിൽ കുറച്ചെങ്കിലും സ്വയംപര്യാപ്തത നേടിയെടുക്കാനുള്ള എല്ലാ ശ്രമങ്ങളും വളരെ പ്രാധാന്യത്തോടെ വേണം നോക്കികാണുവാൻ. പഞ്ചായത്തുതലത്തിൽ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിന് ഇത്തരത്തിലുള്ള വിറകു വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ വളരെ പ്രധാനപ്പെട്ടതുതന്നെ. വിറകുമാത്രമല്ല, പച്ചിലവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകളും ഓരോ വാർഡിലും ഉണ്ടാകണം. നെൽവയലുകളുടെ സംരക്ഷണത്തിന് ഇന്നല്ലെങ്കിൽ നാളെ രാസകൃഷിയിൽ നിന്നും മാറേണ്ടിവരും. അതിലേയ്ക്കുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി ഇതിനെ കാണാവുന്നതാണ്.

മറ്റൊരു സാധ്യത പൊതുഭൂമികളിൽ പുല്ലുവച്ചു പിടിപ്പിക്കുന്നതിനുള്ളതാണ്. ജൈവ വേലികളുടെ സംരക്ഷണം ഉണ്ടെങ്കിൽ ലഭ്യമായ എല്ലാ പൊതുഭൂമിയിലും പുല്ലു വച്ചു പിടിപ്പിക്കുന്നതിനും വളരുന്ന ക്രമത്തിൽ അത് അറുത്തെടുത്ത് കന്നുകാലികൾക്ക് ആഹാരത്തിനു നൽകുന്നതിനും കഴിയും. ലേബർ ടീം അംഗങ്ങൾക്കും അയൽക്കൂട്ടം പ്രവർത്തകർക്കും പുല്ലരിയാനുള്ള അവകാശം നൽകാവുന്നതും അതുവഴി പാലുല്പാദന മേഖലയിലേയ്ക്കുള്ള തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകാപരമായ ഇടപെടലിന് അവസരമൊരുക്കാവുന്നതുമാണ്.

മേൽപ്പറഞ്ഞ തരത്തിലുള്ള പൊതുഭൂമിയുടെ സംരക്ഷണത്തിന്റെ തുടർചുമതല ആരു വഹിക്കും എന്നത് സ്വാഭാവികമായി ഉണ്ടാകാവുന്ന സംശയമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട ചുമതലകളിലൊന്നാണ് പൊതു ഭൂമികളുടെ പരിരക്ഷണം. തൊഴിലുറപ്പു പദ്ധതിയുടെ ലേബർ ടീമുകൾക്ക് ഇക്കാര്യത്തിൽ മാതൃകാപരമായ ഇടപെടൽ നടത്താവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാതരത്തിലുള്ള പ്രവർത്തനങ്ങളും (ജൈവവേലിയുപയോഗിച്ചുള്ള അതിർത്തി, നഴ്സറി നിർമ്മാണം, നനയ്ക്കൽ, സമയക്രമമനുസരിച്ചുള്ള മുറിച്ചുമാറ്റൽ (pruning)) മുൻകൂട്ടി ആസൂത്രണം ചെയ്ത് തൊഴിലുറപ്പ് പദ്ധതിയിൽ തന്നെ ഉൾപ്പെടുത്താവുന്നതാണ്. ഫലത്തിൽ പൊതുഭൂമിയുടെ സംരക്ഷണം മാത്രമല്ല അതിന്റെ കാര്യക്ഷമവും പുനരുല്പാദനപരമായ ഉപയോഗവും തൊഴിൽ ലഭ്യതയും ഉറപ്പു വരുത്തുന്നതിനുള്ള അവസരം കൂടിയായി ഇതിനെ നമുക്ക് കാണാവുന്നതാണ്. ഇപ്പോൾ ഉപയോഗത്തിൽ അല്ലാതെയും നാശോന്മുഖമായി കൊണ്ടിരിക്കുന്നതുമായ പൊതുഭൂമികൾ ഇത്തരത്തിൽ ഉപയോഗപ്രദമാകണമെങ്കിൽ വലിയതോതിലുള്ള മനുഷ്യാധ്വാനം ആവശ്യമുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽ ആസ്തികൾ ഉണ്ടാക്കണം എന്നു പറഞ്ഞിട്ടുള്ളത് ഇത്തരത്തിലുള്ള ആസ്തി നിർമ്മാണം കൂടിയാണ് എന്നു നമ്മൾ തിരിച്ചറിയണം. പുനരുല്പാദന സ്വഭാവമുള്ള ഇത്തരം ആസ്തി നിർമ്മാണം കൂടുതൽ നിലനിൽക്കുന്നതും പരിചരണം ആവശ്യപ്പെടുന്നതും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

iv. ജലസ്രോതസ്സുകളുടെ സംരക്ഷണം തൊഴിലുറപ്പ് പദ്ധതിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽപ്പെട്ടതാണ്. ഉറവകളും കുളങ്ങളും അരുവികളും ചെറിയ കൈതോടുകളും തോടുകളും നദികളുമെല്ലാം ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം കേരളത്തിന്റെ ജലസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ്. ഓരോ സ്രോതസ്സും ഉൾപ്പെടുന്ന പ്രദേശം ഒന്നല്ലെങ്കിൽ മറ്റൊരു നീർത്തടത്തിന്റെ ഭാഗമായിരിക്കുകയും ചെയ്യുന്നു. അതു

കൊണ്ട് കൂടിയാണ് കേരളത്തിൽ നീർത്തടാടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

നിർഭാഗ്യകരമെന്നുപറയട്ടെ ഇക്കാര്യത്തിൽ ഇന്ന് പല പ്രവർത്തികളും ഉദ്ദേശത്തിനു വിപരീതമായ ഫലം നൽകുന്നതായാണ് കണ്ടുവരുന്നത്. ഉദാഹരണത്തിന്, കുളം വൃത്തിയാക്കൽ ചെന്നെത്തുന്നത് കുളത്തിന്റെ നാശത്തിലേയ്ക്കാണോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. കുളം ഒരു ജൈവവ്യവസ്ഥയായിട്ടോ, ജൈവവ്യവസ്ഥയുടെ ഭാഗമായോ നമ്മൾ കാണുന്നില്ല. മറിച്ച് മനുഷ്യന്റെ ആവശ്യത്തിനായി വെള്ളം സംഭരിച്ചുവയ്ക്കുന്ന ഒരു ടാങ്കായി മാത്രമാണ് കാണുന്നത്. കുളത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കംചെയ്ത് വൃത്തിയാക്കുന്നത് നല്ലതുതന്നെ. എന്നിരുന്നാലും എല്ലാ കുളത്തിന്റെയും എല്ലാ വശത്തും കല്ലുപയോഗിച്ചുകൊണ്ടുള്ള സംരക്ഷണ ഭിത്തി ആവശ്യമുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. ഇത്തരം ഭിത്തിയുണ്ടാക്കുന്നതിന് ആവശ്യമായ സാമ്പത്തികഭാരം മാത്രമല്ല അതുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. (കരിങ്കല്ല് ഭിത്തി നാട്ടിലെവിടെയെങ്കിലും ഒരു ക്വാറികൂടി ഉണ്ടാക്കുന്നതിനും, ഏതെങ്കിലും ഒരു ജലസ്രോതസ്സിന്റെ നാശത്തിന് അതു കാരണമാകുമെന്നുകൂടി നമ്മൾ തിരിച്ചറിയേണ്ടതാണ്.) മറിച്ച് കുളത്തിന്റെ വശങ്ങൾ ഇടിഞ്ഞുപോകാതെ എങ്ങനെ സംരക്ഷിക്കാമെന്നും അതിനു ജൈവമുറയിൽ എന്തൊക്കെ ചെയ്യാമെന്നും ആലോചിച്ച് തുടങ്ങേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള സസ്യാവരണം മുതൽ പുല്ലു വച്ചുപിടിപ്പിക്കുന്നതടക്കം പലതരത്തിലുള്ള ശ്രമങ്ങളും നടത്താവുന്നതാണ്. ഇതെല്ലാം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന കാര്യമാണ്. അതിനുമപ്പുറം കുളത്തിന്റെ വശങ്ങൾ പക്ഷികളുടെയും വിവിധ തരത്തിൽപ്പെട്ട മറ്റു ജീവികളുടെയും വാസസ്ഥലം കൂടിയാണെന്നതും നമ്മുടെ പരിഗണന അർഹിക്കേണ്ട കാര്യമാണ്. കുളത്തിന്റെ വശങ്ങളിലെ ബണ്ടുകൾ എന്തുകൊണ്ടും ജൈവവൈവിദ്ധ്യ കേന്ദ്രമാക്കാൻ യോഗ്യമായ സ്ഥലം തന്നെയാണ്. പാലക്കാട് ജില്ലയിലെപോലെ, നെൽപ്പാടങ്ങളുടെ നടുവിലുള്ള കുളങ്ങളുടെ ബണ്ടുകളിൽ വിവിധങ്ങളായ സസ്യങ്ങളും വൃക്ഷങ്ങളും ഉണ്ടാകുന്നത് അതാതിടങ്ങളിലെ പ്രാദേശിക ജൈവവൈവിദ്ധ്യം സമ്പന്നമാക്കുന്നതിനും കീടബാധ കുറയ്ക്കുന്നതിനും കാരണമാകും എന്ന് നമ്മൾ തിരിച്ചറിയണം. കതിരായ നെല്ല്, എലിവെട്ടി നശിപ്പിക്കുമ്പോൾ മൂങ്ങയുണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചാൽ മാത്രം പോര. മൂങ്ങയ്ക്ക് വന്നിരിക്കാൻ കുളക്കരയിൽ കുറച്ച് മരങ്ങൾ കൂടി ഉണ്ടായിരിക്കേണ്ടതല്ലേ?.


കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ വൃത്തിയാക്കുമ്പോൾ, ശിഖരം ഇറക്കുന്ന രീതിയിലുള്ള (pruning) ഇടപെടൽ നടത്തുന്നതാകും അഭികാമ്യം. ഇന്ന് ചെയ്യുന്ന രീതിയിൽ, മുഴുവൻ കുറ്റിച്ചെടികളെയും വൃക്ഷതൈകളെയും വേരോടെ പിഴുതു മാറ്റുന്നതും ചെത്തി വൃത്തിയാക്കുന്നതും കത്തിക്കുന്നതും തികച്ചും ആവശ്യമില്ലാത്തകാര്യം തന്നെയാണ്.

കേരളത്തിന്റെ ഇന്നും നാളെയും തീരുമാനിക്കപ്പെടാൻ പോകുന്നത് ഒരു സമൂഹമെന്ന നിലയിൽ നമ്മൾ ഏറ്റവും പ്രധാനപ്പെട്ട പൊതു സ്വത്തിന്റെ-വനത്തിന്റെ-പരിരക്ഷണത്തിന് എന്തെല്ലാം ചെയ്യുമെന്നതിനെ ആശ്രയിച്ചായിരിക്കും. വനഭൂമി നശിക്കുന്നത് എങ്ങനെയെല്ലാം തടയാം എന്നു തന്നെയായിരിക്കണം തൊഴിലുറപ്പു പദ്ധതിയിലെയും ഏറ്റവും പ്രധാനപ്പെട്ട ആലോചനാ വിഷയങ്ങളിൽ ഒന്ന്.

കേരളത്തിൽ ക്ഷയോന്മുഖമായിരിക്കുന്ന മിക്കവാറും വനപ്രദേശങ്ങൾ, മനുഷ്യാവാസ കേന്ദ്രങ്ങളോട് അടുത്തു തന്നെയാണ് ഉള്ളത്. ഇത്തരം വനപ്രദേശങ്ങളുടെ സംരക്ഷണവും, പരിസ്ഥിതി പുനസ്ഥാപനവും നടക്കണമെങ്കിൽ, വലിയതോതിലുള്ള മനുഷ്യാധ്വാനം ആവശ്യമാണ്. തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾക്ക് ഏറ്റവും സാധ്യമായ ഒരു മേഖല ഇതു തന്നെയാണ്. വനം, വന്യജീവികളുടെ അഭയകേന്ദ്രമാണെന്നും ഒരു ആവാസ വ്യവസ്ഥയാണെന്നും ഉള്ള ബോധത്തോടെ വേണം നമ്മുടെ എല്ലാ ഇടപെടലുകളും ആസൂത്രണം ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ വലിയതോതിലുള്ള മനുഷ്യസാന്നിദ്ധ്യം തന്നെ ഒരളുവരെ അത്ര ആശാസ്യമല്ല എന്നും നമ്മൾ മനസ്സിലാക്കണം. പരമ്പരാഗതമായി വനത്തെ ആശ്രയിച്ചും പരിപാലിച്ചും കഴിയുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവരുടെ മാതൃക പൊതുസമൂഹം ഇക്കാര്യത്തിൽ പിൻതുടരുന്നത് അഭികാമ്യമായിരിക്കും. അതായത്, പരമാവധി ആഘാതം കുറവുള്ള ഒരു പരിചരണപ്രക്രിയ ആയിരിക്കണം നമ്മൾ നടപ്പിലാക്കേണ്ടത്. ഓരോ ആദിവാസി കുടുംബത്തിലും 100 ദിവസം തൊഴിൽ ലഭിക്കുന്ന രീതിയിൽ വനപ്രദേശത്തുള്ള പ്രവൃത്തികൾ പ്രാഥമികമായി ആസൂത്രണം ചെയ്യണം.

വ്യാപകമായ രീതിയിൽ വനവൽക്കരണത്തിന് തയ്യാറെടുപ്പു നടത്തുക എന്നതാണ് പ്രധാനപ്പെട്ട ഇനം. നഴ്സറികൾ ഉണ്ടാക്കുകയും അവ പരിപാലിക്കുകയും ചെയ്യുന്നതുകൊണ്ടു തന്നെ

*ശേഷം പേജ് 34*



കേരളത്തിന്റെ ഇന്നും നാളെയും തീരുമാനിക്കപ്പെടാൻ പോകുന്നത് ഒരു സമൂഹമെന്ന നിലയിൽ നമ്മൾ ഏറ്റവും പ്രധാനപ്പെട്ട പൊതു സ്വത്തിന്റെ-വനത്തിന്റെ-പരിരക്ഷണത്തിന് എന്തെല്ലാം ചെയ്യുമെന്നതിനെ ആശ്രയിച്ചായിരിക്കും. വനഭൂമി നശിക്കുന്നത് എങ്ങനെയെല്ലാം തടയാം എന്നു തന്നെയായിരിക്കണം തൊഴിലുറപ്പു പദ്ധതിയിലെയും ഏറ്റവും പ്രധാനപ്പെട്ട ആലോചനാ വിഷയങ്ങളിൽ ഒന്ന്.





ജെ. സദാനന്ദൻ

# പഞ്ചായത്തുകളുടെ നിയോജകമണ്ഡല വിഭജനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 ലെ പൊതുതെരഞ്ഞെടുപ്പിനു വേണ്ടിയുള്ള നിയോജക മണ്ഡല വിഭജനത്തിന്റെ നടപടിക്രമങ്ങൾ മുൻ തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് കാലേക്കൂട്ടിത്തന്നെ ആരംഭിച്ചിരിക്കുകയാണല്ലോ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 10-ാം വകുപ്പിനും മുനിസിപ്പാലിറ്റി ആക്റ്റിന്റെ 69-ാം വകുപ്പിനും 2005ൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും, അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും വാർഡുകളായി വിഭജിക്കേണ്ടത് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷനാണ്. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ അദ്ധ്യക്ഷനായും ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത നാല് ഉദ്യോഗസ്ഥർ അംഗങ്ങളായും ഗസറ്റ് വിജ്ഞാപനം മൂലം സർക്കാർ രൂപീകരിക്കുന്നതായിരിക്കും ഡീലിമിറ്റേഷൻ കമ്മിഷൻ. 2005ലെ നിയമഭേദഗതിക്കു മുമ്പ് ഈ അധികാരം 1999 വരെ സർക്കാരിനും അതിനുശേഷം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷനും ആയിരുന്നു. ഇതിലേയ്ക്കായി സർക്കാരിനും തെരഞ്ഞെടുപ്പു കമ്മിഷനും ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താനും വ്യവസ്ഥ ഉണ്ടായിരുന്നു.

2010 ലെ പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി നിയോജക മണ്ഡല വിഭജനം നടത്തുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ പി. കമാൽകുട്ടി അദ്ധ്യക്ഷനായും കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, എൻട്രൻസ് പരീക്ഷാ കമ്മിഷണർ ബി.എസ്. മാവോജി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പു സെക്രട്ടറി ഇഷിതാറോയ്, ജലവിഭവ വകുപ്പ് സെക്രട്ടറി എം.എൻ. ഗുണവർദ്ധനൻ എന്നിവർ അംഗങ്ങളായും ഡീലിമിറ്റേഷൻ കമ്മിഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

2005 ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഡീലിമിറ്റേഷൻ കമ്മിഷൻ ചട്ടങ്ങളിലെ ചട്ടം 10 അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയോജകമണ്ഡല/വാർഡ് വിഭജനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് ഡീലിമിറ്റേഷൻ കമ്മിഷന് അധികാരമുണ്ട്. പ്രസ്തുത അധികാരം വിനിയോഗിച്ച് 2010ലെ തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള അതിർത്തി നിർണ്ണയം നടത്തുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ കമ്മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

**മാർഗ്ഗനിർദ്ദേശങ്ങൾ**

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് കരട് നിയോജക മണ്ഡല/വാർഡ് വിഭജന റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കളക്ടർക്ക് നൽകേണ്ടത്.
- ഓരോ സ്ഥാപനത്തിന്റെയും അംഗസംഖ്യ നിർണ്ണയിച്ചതനുസരിച്ച് അത്രയും നിയോജക മണ്ഡലങ്ങൾ/

വാർഡുകൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്യണം.

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ജനസാന്ദ്രതയും ഭൂമിശാസ്ത്രപരമായ കിടപ്പും കണക്കിലെടുത്ത് ഓരോ വാർഡിന്റേയും ആകൃതിയും വലിപ്പവും നിശ്ചയിക്കേണ്ടതാണ്.
- വാർഡ് വിഭജനം വടക്കു പടിഞ്ഞാറു നിന്നു തുടങ്ങേണ്ടതാണ്. വടക്കു പടിഞ്ഞാറു നിന്നു തുടങ്ങി ക്ലോക്ക് വൈസായി വലത്തേയ്ക്കായിരിക്കണം മറ്റു നിയോജക മണ്ഡലങ്ങളുടെ രൂപീകരണം.
- വാർഡിനു നമ്പർ നൽകുന്നതിനുപുറമേ, പേരും നൽകേണ്ടതാണ്. നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറു പ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പരക്കെ അറിയപ്പെടുന്നതുമായ പ്രദേശത്തിന്റെ പേര് നിയോജകമണ്ഡലത്തിന് നൽകുന്നതായിരിക്കും ഉചിതം.
- അതിരുകൾ കഴിയുന്നിടത്തോളം പ്രകൃത്യാലുള്ളവ ആയിരിക്കണം. നദി, പുഴ, തോട്, കായൽ, മല തുടങ്ങി പ്രകൃതിദത്തങ്ങളായ അതിരുകൾക്ക് പുറമേ, റോഡ്, നടപ്പാത, ചെറുവഴികൾ, റെയിൽവേലൈൻ, പൊതു സ്ഥാപനങ്ങൾ തുടങ്ങി വ്യക്തമായി തിരിച്ചറിയാവുന്നവയും അതിരുകളായി കണക്കാക്കാവുന്നതാണ്.
- 2001 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ്/നിയോജക മണ്ഡല വിഭജനം നടത്തേണ്ടത്.
- ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലേയും ജനസംഖ്യ കഴിയുന്നതും തുല്യമായിരിക്കണം. 2001 ലെ സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യയെ വിജ്ഞാപനം ചെയ്ത അംഗസംഖ്യ കൊണ്ട് ഹരിച്ചാൽ കിട്ടുന്നതാണ് ഓരോ മണ്ഡലത്തിലെയും/വാർഡിലെയും ശരാശരി ജനസംഖ്യ.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ 2001 സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യയെ നിലവിലുള്ള ആകെ വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ഒരു വീട്ടിലുള്ള ശരാശരി ജനസംഖ്യ കണ്ടുപിടിക്കണം. ഇപ്രകാരം കണ്ടെത്തിയ ശരാശരി ജനസംഖ്യയെ നിർദ്ദിഷ്ട വാർഡിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ കിട്ടുന്നതായിരിക്കും നിർദ്ദിഷ്ട വാർഡിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ.
- പ്രകൃത്യാലുള്ള അതിരുകൾ നിശ്ചയിക്കുന്നതിനായി ഒരു നിയോജക മണ്ഡലത്തിന്റെ ജനസംഖ്യ ശരാശരി ജനസംഖ്യയിൽ നിന്ന് അല്പസ്വല്പം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ അങ്ങനെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത് യാതൊരു കാരണവശാലും ശരാശരി ജനസംഖ്യയുടെ താഴെപ്പറയുന്ന പരിധിയിൽ കവിയാൻ പാടില്ല. പ്രസ്തുത പരിധിയിൽ കവിയുന്ന സാഹചര്യം ഉണ്ടായാൽ അതിന് മതിയായ കാരണങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതാണ്.

  ഗ്രാമ പഞ്ചായത്ത്/നഗരസഭ - 10%
  ബ്ലോക്ക് പഞ്ചായത്ത് - 20%
  ജില്ലാ പഞ്ചായത്ത് - 25%
- ബ്ലോക്ക് പഞ്ചായത്തിനെ നിയോജക മണ്ഡലങ്ങളായി വിഭജിക്കുമ്പോൾ യാതൊരു കാരണവശാലും ഗ്രാമ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളെയും ജില്ലാപഞ്ചായത്തിനെ നിയോജകമണ്ഡലങ്ങളായി വിഭജിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റേയോ നിയോജകമണ്ഡലങ്ങളെയും യാതൊരു കാരണവശാലും വിഭജിക്കാൻ പാടില്ല.
- ഓരോ ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലത്തിലും ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളുടെ എണ്ണവും ഓരോ ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലത്തിലും ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളുടെ എണ്ണവും അതത് തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ കഴിവതും തുല്യമായി വരത്തക്കവിധത്തിലാണ് വാർഡ് വിഭജനം നടത്തേണ്ടത്.
- സെക്രട്ടറിമാർ തയ്യാറാക്കുന്ന കരട് നിർദ്ദേശങ്ങളോടൊപ്പം പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, നിയോജക മണ്ഡല/വാർഡ് വിഭജന റിപ്പോർട്ട് (ഓരോ നിയോജക മണ്ഡലത്തിനും/വാർഡിനും പ്രത്യേകം), നിലവിലുള്ള നിയോജകമണ്ഡലങ്ങൾ കാണിക്കുന്ന പഞ്ചായത്തിന്റെ ഭൂപടം, നിർദ്ദിഷ്ട നിയോജകമണ്ഡലങ്ങൾ കാണിക്കുന്ന പഞ്ചായത്തിന്റെ ഭൂപടം, പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ ഒരു ഭാഗവും വിട്ടുപോയിട്ടില്ലെന്നും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്നുമുള്ള നിർദ്ദിഷ്ട ഫാറത്തിലുള്ള സർട്ടിഫിക്കറ്റ് എന്നിവയും നൽകേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകൾ എ4 സൈസിലും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ3 സൈസിലുമാണ് ഭൂപടങ്ങൾ തയ്യാറാക്കേണ്ടത്.
- കരടു നിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തി ഡീലിമിറ്റേഷൻ കമ്മിഷന്റെ അനുവാദത്തോടെ ജില്ലാ കളക്ടർമാർ നിർദ്ദിഷ്ട ഫാറങ്ങളിൽ 2009 ഡിസംബർ 21 ന് പ്രസിദ്ധീകരിക്കുന്നതാണ്.
- കരട് വിജ്ഞാപന നിർദ്ദേശങ്ങൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം പ്രസിദ്ധീകരിച്ചുവെന്ന വസ്തുത നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഗസറ്റിലും ജില്ലയിൽ പ്രചാരത്തിലുള്ള 2 ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

  *ഗ്രാമ പഞ്ചായത്ത്*: ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾക്കൊള്ളുന്ന വില്ലേജ് ആഫീസുകൾ, വായനശാലകൾ, റേഷൻകടകൾ, ഗ്രാമ പഞ്ചായത്തിന്റെ വാർത്താ ബോർഡുകൾ തുടങ്ങിയ പൊതു പ്രാധാന്യമുള്ള സ്ഥലങ്ങളിലും.

  *ബ്ലോക്ക് പഞ്ചായത്ത്:* ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിക്കുള്ളിലുള്ള ഗ്രാമ പഞ്ചായത്തുകളുടെയും നോട്ടീസ് ബോർഡുകളിലും ബ്ലോക്ക് പഞ്ചായത്ത് പ്രദേശം ഉൾക്കൊള്ളുന്ന വില്ലേജ് ആഫീസുകൾ, ഗ്രാമപഞ്ചായത്തുകളുടെ വാർത്താ ബോർഡുകൾ തുടങ്ങിയ പൊതുപ്രാധാന്യമുള്ള സ്ഥലങ്ങളിലും.

  *ജില്ലാപഞ്ചായത്ത്:* ജില്ലാപഞ്ചായത്തിന്റേയും ജില്ലാപഞ്ചായത്തിന്റെ പരിധിക്കുള്ളിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടേയും ഗ്രാമപഞ്ചായത്തുകളുടെയും നോട്ടീസ് ബോർഡുകളിൽ.

  *മുനിസിപ്പാലിറ്റി/കോർപ്പറേഷൻ:* മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ നോട്ടീസ് ബോർഡിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് ഉൾപ്പെടുന്ന വില്ലേജ് ആഫീസുകൾ, വായനശാലകൾ, റേഷൻകടകൾ, മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വാർത്താ ബോർഡുകൾ തുടങ്ങിയ പൊതുപ്രാധാന്യമുള്ള സ്ഥലങ്ങളിലും.
- ദേശീയതലത്തിലും സംസ്ഥാന തലത്തിലും അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളുടേയും സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടേയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതികൾക്ക് കരട് വിജ്ഞാപന നിർദ്ദേശങ്ങളുടെ മൂന്നു പകർപ്പുകൾ വീതം വില ഈടാക്കാതെ നൽകേണ്ടതാണ്.





## ഗ്രാമപഞ്ചായത്തുകളിലെ അംഗസംഖ്യ*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2010 ൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിനു വേണ്ടി 976 ഗ്രാമ പഞ്ചായത്തുകളിലെ അംഗസംഖ്യ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തു. പഞ്ചായത്ത് ഡയറക്ടറുടെ 20.11.ലെ ജെ3-32932/2009-ാം നമ്പരായുള്ള വിജ്ഞാപനം 21.11.2009 ലെ 2167-ാം നമ്പർ അസാധാരണ ഗസറ്റിലാണ് പ്രസിദ്ധീകരിച്ചത്. നഗരസഭകളാക്കുന്നതിനും തൊട്ടടുത്ത നഗരസഭകളിൽ കൂട്ടിച്ചേർക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ള 22 ഗ്രാമപഞ്ചായത്തുകളും ഇടമലക്കുടി എന്ന പേരിൽ പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിനായി വിഭജിക്കാൻ തീരുമാനിച്ച മൂന്നാർ ഗ്രാമപഞ്ചായത്തും ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളിലെ അംഗസംഖ്യയാണ് നിശ്ചയിച്ചത്. ജില്ലാടിസ്ഥാനത്തിലുള്ള അംഗസംഖ്യയും സംവരണ സീറ്റുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടിക ജാതികളിലോ പട്ടിക വർഗ്ഗങ്ങളിലോ പെടുന്ന സ്ത്രീകൾ ഉൾപ്പടെ) സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് സംവരണംചെയ്ത സ്ഥാനങ്ങളുടെ എണ്ണം (പട്ടിക ജാതികളിൽപെടുന്ന സ്ത്രീകൾ ഉൾപ്പടെ) | പട്ടികജാതികളിൽ പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം (പട്ടികവർഗ്ഗങ്ങളിൽ പെടുന്ന സ്ത്രീകൾ ഉൾപ്പടെ) | പട്ടികവർഗ്ഗങ്ങളിൽ പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | തിരുവനന്തപുരം | 1299 | 669 | 158 | 79 | 12 | 3 |
| 2 | കൊല്ലം | 1274 | 656 | 174 | 96 | 1 | 0 |
| 3 | പത്തനംതിട്ട | 811 | 424 | 109 | 51 | 3 | 0 |
| 4 | ആലപ്പുഴ | 1186 | 617 | 125 | 51 | 0 | 0 |
| 5 | കോട്ടയം | 1180 | 613 | 101 | 29 | 12 | 5 |
| 6 | ഇടുക്കി | 780 | 407 | 103 | 39 | 37 | 15 |
| 7 | എറണാകുളം | 1369 | 708 | 138 | 54 | 2 | 1 |
| 8 | തൃശ്ശൂർ | 1501 | 773 | 195 | 103 | 3 | 1 |
| 9 | പാലക്കാട് | 1542 | 793 | 267 | 150 | 27 | 13 |
| 10 | മലപ്പുറം | 1902 | 984 | 163 | 63 | 4 | 0 |
| 11 | കോഴിക്കോട് | 1335 | 694 | 116 | 42 | 1 | 0 |
| 12 | വയനാട് | 459 | 237 | 18 | 2 | 84 | 47 |
| 13 | കണ്ണൂർ | 1345 | 694 | 76 | 7 | 14 | 2 |
| 14 | കാസർകോട് | 663 | 344 | 56 | 16 | 20 | 8 |
| | **ആകെ** | **16646** | **8613** | **1799** | **782** | **220** | **95** |

*976 ഗ്രാമ പഞ്ചായത്തുകളിലെ അംഗസംഖ്യ മാത്രമേ നിശ്ചയിച്ചിട്ടുള്ളു എന്നതിനാൽ ഈ കണക്ക് പൂർണ്ണമല്ല.

- മറ്റാരെങ്കിലും ആവശ്യപ്പെടുന്ന പക്ഷം ഫോട്ടോകോപ്പിക്കുള്ള നിരക്ക് ഈടാക്കിക്കൊണ്ട് പകർപ്പുകൾ നൽകാവുന്നതാണ്.
- ജില്ലാ ഇൻഫർമേഷൻ ആഫീസിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കരട് നിർദ്ദേശങ്ങളുടെ പകർപ്പ് ആവശ്യക്കാരുടെ റഫറൻസിനായി സൂക്ഷിക്കേണ്ടതാണ്.
- കരട്‌വിഭജന നിർദ്ദേശങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങളോ പരാതികളോ അഭിപ്രായങ്ങളോ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് 2010 ജനുവരി 5 വരെ നൽകാവുന്ന താണ്.
- ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അന്വേഷണ വിധേയമാക്കി അതിലേയ്ക്കുള്ള അന്വേഷണ/പരിശോധനാ റിപ്പോർട്ട് വ്യക്തമായ അഭിപ്രായക്കുറിപ്പോടെ ഡീലിമിറ്റേഷൻ കമ്മിഷന് നൽകുന്നതും ഡീലിമിറ്റേഷൻ കമ്മിഷൻ അവ പരിഗണിച്ച് യുക്തമെന്നു കാണുന്ന പക്ഷം പരാതിക്കാരെ മുഖദാവിൽ കേൾക്കുന്നതുമാണ്. കരട് വിഭജന നിർദ്ദേശം സംബന്ധിച്ചുള്ള എല്ലാ വസ്തുതകളും വിശദമായി വിലയിരുത്തിയശേഷം ഡീലിമിറ്റേഷൻ കമ്മിഷൻ വാർഡുകളുടെ വിഭജനം സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

അംഗസംഖ്യ നിശ്ചയിച്ച 976 ഗ്രാമ പഞ്ചായത്തുകളുടെയും 51 നഗരസഭകളുടെയും വാർഡ് വിഭജന നടപടികളാണ് ആദ്യഘട്ടത്തിൽ നടത്തുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിച്ച ശേഷം ബ്ലോക്ക് പഞ്ചായത്തുകളുടെയും അത് പൂർത്തിയായ ശേഷം ജില്ലാ പഞ്ചായത്തുകളുടെയും വാർഡ് വിഭജന നടപടികൾ ആരംഭിക്കുന്നതാണ്. മറ്റു ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അംഗസംഖ്യ നിശ്ചയിക്കുന്ന മുറയ്ക്ക് അവയുടെ വാർഡ് വിഭജനവും ആരംഭിക്കുന്നതാണ്. ■

*ലേഖകൻ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിയാണ്*

എം. കണ്ണൻ നായർ

# ഇ.എം.എസ്. ഭവന പദ്ധതിക്ക് തുടക്കമായി

കയറിക്കിടക്കാൻ സുരക്ഷിതമായൊരിടം ഏതൊരാളിന്റെയും സ്വപ്നമാണ്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കിയ ഒൻപതാം പദ്ധതിയിൽ നടന്നത്. അഞ്ചു ലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ച് മാതൃകയായ പദ്ധതിയെ തുടർന്ന് പത്താം പദ്ധതിയിൽ മൂന്നര ലക്ഷത്തോളം വീടുകൾ നൽകി. പതിനൊന്നാം പദ്ധതിയിൽ മുഖ്യലക്ഷ്യങ്ങളിലൊന്നാണ് സമ്പൂർണ്ണ ഭവന പദ്ധതി. അഞ്ച് ലക്ഷത്തോളം വരുന്ന ഭവന രഹിതരിൽ പതിനൊന്നാം പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ രണ്ട് ലക്ഷത്തോളം പേർക്ക് വീടുകൾ നിർമ്മിച്ച് നൽകി കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിത - ഭവനരഹിതർക്കും രണ്ട് വർഷം കൊണ്ട് വീട് നൽകുക എന്ന ലക്ഷ്യത്തോടെയാണ് "ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി"ക്ക് സർക്കാർ രൂപം നൽകിയത്. വീടും തൊഴിലും ജനകീയ ക്യാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയാണ് ഈ പദ്ധതി ലക്ഷ്യത്തിലേയ്ക്ക് എത്തിക്കുന്നത്. ഈ പരിപാടിക്ക് ജനകീയ പിന്തുണ ഉറപ്പാക്കുകയാണ് ക്യാമ്പയിനിന്റെ ലക്ഷ്യം.

പാവപ്പെട്ടവന്റെ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ഇ.എം.എസ്. ഭവനപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമത്തിന് ഉത്സവഛായ പകർന്ന പ്രൗഢഗംഭീരമായ ചടങ്ങിൽവെച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 59 ഗുണഭോക്താക്കൾക്ക് ആദ്യഗഡു തുക വിതരണം ചെയ്തുകൊണ്ട് നിർവഹിച്ചു. മടിക്കൈ ഗ്രാമപഞ്ചായത്തിലെ ആലയി പ്രദേശത്തു നിന്നുള്ള പി.വി. ചെറിയോൾ ആദ്യഗഡു മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി.

ഭൂരഹിത - ഭവനരഹിതർക്ക് സ്ഥലവും വീടും ഭവനരഹിതർക്ക് വീടും നൽകുന്ന സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതി ദേശീയ ചരിത്രത്തിലെ നാഴികക്കല്ലാണെന്ന് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും ഒത്തൊരുമിച്ചുള്ള ആത്മാർത്ഥമായ പ്രവർത്തനം ഉണ്ടാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പെരിയയിൽ നടന്ന ചടങ്ങിൽ അഗതി കുടുംബാംഗങ്ങൾക്ക് അതിജീവനാവശ്യങ്ങൾ നൽകുന്ന ആശ്രയ പദ്ധതിയുടെ സംസ്ഥാനതല ഉൽഘാടനവും മന്ത്രി നിർവ്വഹിച്ചു. നിരാലംബരും നിരാശയരുമായ അഗതികളെ ശാശ്വതമായി പരിപാലിക്കേണ്ട ചുമതല സമൂഹത്തിനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആശ്രയ പദ്ധതിയിൽപ്പെടുത്തി അഗതികൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം. ചികിത്സ എന്നിവയ്ക്കാവശ്യമായ തുക വികസന ഫണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറ്റിവെയ്ക്കണം. സമൂഹത്തിലെ മറ്റ് വിഭാഗക്കാർ സംഘടിതമായും വിലപേശിയും സമ്മർദ്ദം ചെലുത്തിയും തങ്ങളുടെ ആവശ്യം നേടിയെടുക്കുമ്പോൾ, സമൂഹത്തിൽ ഏറ്റവും പരിതാപകരമായി ജീവിക്കുന്ന അഗതികളുടെ പ്രശ്നങ്ങളെ സമൂഹം ഗൗരവമായി കാണുന്നില്ല. ആനുകൂല്യങ്ങൾ നൽകിയതുകൊണ്ട് മാത്രം ഈ വിഭാഗത്തെ സംരക്ഷിക്കാനാവില്ല. ഈ വിഭാഗത്തെ സമ്പൂർണ്ണമായി സംരക്ഷിക്കേണ്ട ചുമതല സമൂഹത്തിനുണ്ടെന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ വെച്ച് 35 ആശ്രയ ഗുണഭോക്താക്കൾക്ക് പലവ്യഞ്ജന കിറ്റും 26 പേർക്ക് വസ്ത്രവിതരണവും മന്ത്രി നിർവ്വഹിച്ചു. പെരിയാനത്തെ കുഞ്ഞാതയും തട്ടുമ്മലിലെ ശാന്തയും മന്ത്രിയിൽ നിന്നും കിറ്റുകൾ ഏറ്റുവാങ്ങി. കെ.വി. കുഞ്ഞിരാമൻ എം.എൽ.എ. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.വി. ബാലകൃഷ്ണൻ വീൽ ചെയറുകൾ വിതരണം ചെയ്തു. ■



*ഇ.എം.എസ്. ഭവനപദ്ധതിയുടെ സംസ്ഥാനതല ഉൽഘാടനം മടിക്കൈയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ആദ്യഗഡു നൽകി നിർവ്വഹിക്കുന്നു.*

*ലേഖകൻ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ കോർഡിനേറ്ററാണ്*





# ബജറ്റ് ശല്യമോ സഹായമോ?

ഉദയഭാനു കണ്ടേത്ത്

**ബജറ്റിൽ ഉൾപ്പെടുത്തിയ ചെലവുമാത്രമേ ചെയ്യാവൂ എന്നതിനർത്ഥം, മൊത്തം വരുമാനത്തിന്റേയും മൊത്തം ആവശ്യങ്ങളുടേയും പശ്ചാത്തലത്തിൽ, ആലോചിച്ചെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കണം ഓരോ ചെലവും എന്നാണ്. ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവു ചെയ്യണമെങ്കിൽ ആദ്യം അനുപൂരകബജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയിരിക്കണം എന്ന വ്യവസ്ഥയുടേയും അർത്ഥം ഇതുതന്നെ. ഓരോ ചെലവിന്റേയുംമേൽപഞ്ചായത്തിന്റെ അർത്ഥപൂർണ്ണമായ നിയന്ത്രണം ഉറപ്പുവരുത്തുകയെന്നതാണുദ്ദേശ്യം.**

ബജറ്റിനെ ശല്യമായി കരുതുന്നവരുണ്ട്. വർഷാവസാനത്തിനകം ബജറ്റ് പാസ്സാക്കിയില്ലെങ്കിൽ സർക്കാർ പഞ്ചായത്തിനെ പിരിച്ചുവിട്ടേക്കാം; ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവോ, ഏതെങ്കിലും ഇനത്തിൽ ഉൾപ്പെടുത്തിയതിൽ കൂടുതൽ ചെലവോ ചെയ്താൽ ഓഡിറ്റ് കുറ്റപ്പെടുത്തിയേക്കാം; ബജറ്റിൽ ഉൾപ്പെടുത്തിയ തുക ചെലവ് ചെയ്തില്ലെങ്കിൽ പണം ലാപ്സാക്കിക്കളഞ്ഞുവെന്ന് ആരോപണം ഉയർന്നേയ്ക്കാം; ബജറ്റിൽ കാണിച്ചപോലെ പിരിവുനടന്നില്ലെങ്കിൽ വരുമാനം നഷ്ടപ്പെടുത്തിയെന്ന കുറ്റപ്പെടുത്തലിനെ നേരിടേണ്ടിവന്നേയ്ക്കാം. ഇങ്ങനെ ശല്യങ്ങൾ നിരവധിയാണ്.

### പ്ലാനും എസ്റ്റിമേറ്റും ബജറ്റും

കെട്ടിടം നിർമ്മിക്കണമെങ്കിൽ പ്ലാനും എസ്റ്റിമേറ്റും കൂടിയേതീരൂ. പെർമിറ്റ് നൽകുന്ന തദ്ദേസ്വയംഭരണ സ്ഥാപനത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രമല്ല ഇത്. ഉദ്ദേശിക്കുന്ന വരുമാനസ്രോതസ്സുകളിൽ നിന്നുള്ള വരുമാനത്തിനകത്ത് ചെലവുകൾ നിയന്ത്രിച്ചുനിർത്തണമെങ്കിലും കെട്ടിടത്തിന് നിയതമായ പ്ലാനും എസ്റ്റിമേറ്റും ആവശ്യമാണ്. ആവശ്യത്തിന് ഉതകത്തക്കവിധത്തിൽ ഡിസൈനിൽ മാറ്റം വരുത്താനും വർദ്ധിച്ചവരുമാനം ലഭിക്കുമെന്നുണ്ടെങ്കിൽ വലിപ്പം വർദ്ധിപ്പിക്കാനുമൊക്കെ ഉടമസ്ഥനുതന്നെയാണ് അധികാരം. പക്ഷെ ഈ അധികാരം ഉടമസ്ഥൻ പ്രയോഗിക്കുന്നത് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ചായിരിക്കുമെന്നുമാത്രം.

ഇതേ രീതിയിൽ, പഞ്ചായത്തിന്റെ അടുത്ത വർഷത്തെ ചെലവുകൾ, വരുമാനസ്രോതസ്സുകൾക്കിണങ്ങത്തക്ക രീതിയിലും ആവശ്യങ്ങൾക്കുതകത്തക്കതരത്തിലും തന്നെയായിരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉപാധിയാണ് ബജറ്റ്. എന്തുചെയ്യണമെന്നത് പ്ലാൻ; അതിന് എന്തു ചെലവുവരും എന്നത് എസ്റ്റിമേറ്റ്, എന്തെല്ലാം ചെയ്യണമെന്ന പ്ലാൻ വിവിധ തീരുമാനങ്ങളിലായി കിടക്കുന്നു. അതിനൊക്കെ കൂടിവരുന്ന ചെലവുകൾ സമാഹരിച്ച എസ്റ്റിമേറ്റാണ് ബജറ്റ്. എന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ചെലവുചെയ്യുന്നതിനു മുമ്പ് ബജറ്റ് പുതുക്കുകയോ, അനുപൂരക ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കുകയോ ചെയ്യണം. ഒഴിവാക്കാനാവാത്ത അടിയന്തരസാഹചര്യത്തിൽ മാത്രം 'ആദ്യം ചെലവ്; തുടർന്ന് അനുപൂരക ബജറ്റ്' എന്ന സമീപനം അവലംബിക്കാം.

ഇപ്രകാരം ചെയ്തില്ലെങ്കിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെപ്പറ്റിയല്ല, ചെയ്താലുള്ള പ്രയോജനങ്ങളെപ്പറ്റിയാണ് ചിന്തിക്കേണ്ടത്.

'ചോക്കുമലയിൽ നില്ക്കുന്ന ഒരാൾ ചോക്കു തേടി അലഞ്ഞ കഥയാണ് നിങ്ങളെ കാണുമ്പോൾ എനിക്കോർമ്മ വരുന്നത്' എന്ന് ലോഹിതദാസിന്റെ കഥാപാത്രം ജയറാമിന്റെ കഥാപാത്രത്തോട് പറയുന്നുണ്ട്. 'വീണ്ടും ചില വീട്ടുവിശേഷങ്ങൾ' എന്ന ചിത്രത്തിൽ മിടുക്കനായ ഓട്ടോമൊബൈൽ മെക്കാനിക്ക്, തൊഴിൽരഹിതനായി, മറ്റേതെങ്കിലും തൊഴിൽ തേടി അലയുന്നതു കണ്ടാണ് ഇപ്രകാരം പറയുന്നത്. ബജറ്റ് എന്ന ഒരൊന്നാംതരം സാമ്പത്തികനിയന്ത്രണോപാധി കൈവശമിരിക്കേ, ചെലവുകളെ നിയന്ത്രിക്കുന്നതെങ്ങനെ എന്ന് ക്ലേശിക്കുന്നവർ ഇക്കഥയെ വീണ്ടും ഓർമ്മയിലെത്തിക്കുന്നു.

### ബജറ്റിന്റെ ദൗത്യം

ബജറ്റിനെപ്പറ്റി ചിന്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ആദ്യത്തെ കാര്യം, ചെലവാക്കാനുള്ള പണം ഇപ്പോൾ ബാങ്കിലോ ട്രഷറിയിലോ ഉണ്ടോ എന്നറിയിക്കുകയല്ല ബജറ്റിന്റെ ദൗത്യം എന്നതാണ്. അതിന് കണക്കും പാസ് ബുക്കും നോക്കണം. ഏതെങ്കിലും ചെലവു ചെയ്യാൻ ആലോചിച്ചുറപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകവരെ ചെലവു ചെയ്യാം; ഇതേ ഇനത്തിൽ കുറേചെലവുചെയ്തിട്ടുണ്ടെങ്കിൽ മുൻതീരുമാനപ്രകാരം ഇനി എത്ര കൂടി ചെലവു ചെയ്യാം എന്നൊക്കെയാണ് ബജറ്റ് ഉപദേശിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഓരോ ദിവസവും രാവിലെ

പാസ് ബുക്ക് നോക്കി, ഇന്ന് എന്തു ചെലവു ചെയ്യാം എന്ന് ആലോചിക്കുകയല്ല വേണ്ടത്.

വർഷം ആരംഭിക്കുന്നതിനുമുമ്പേ ആ വർഷത്തിന്റെ ബജറ്റ് തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന ബജറ്റിൽ സാഹര്യത്തിനനുസരിച്ച് മാറ്റം വേണ്ടിവരും. ഇത്തരം മാറ്റങ്ങളെ ഒരു നിയമവും തടയുന്നില്ല. ആകെ നിർദ്ദേശിക്കുന്നത് ചെലവ് ചെയ്യുന്നതിനുമുമ്പ് മാറ്റം വരുത്തിയിരിക്കണമെന്നു മാത്രമാണ്.

**ബജറ്റ് എത്ര പ്രാവശ്യം പുതുക്കാം?**

കെട്ടിടത്തിന്റെ ഉടമസ്ഥന് കെട്ടിടത്തിന്റെ പ്ലാനിൽ എത്രപ്രാവശ്യം മാറ്റം വരുത്താം? 10 ലക്ഷം രൂപ എസ്റ്റിമേറ്റിൽ പണി തുടങ്ങിയശേഷം പ്ലാനിൽ ഭേദഗതിവരുത്തി, എസ്റ്റിമേറ്റ് 6 ലക്ഷം രൂപയാക്കി മാറ്റാമോ? കെട്ടിടം ഉടമസ്ഥന്റെ ഇഷ്ടത്തിനനുസരിച്ച് ചെയ്യാം എന്നായിരിക്കുമല്ലോ മറുപടി.

പഞ്ചായത്തിന്റെ ബജറ്റ് എത്രപ്രാവശ്യം പുതുക്കാം? ഒരു വർഷത്തിൽ എത്ര അനുപൂരകബജറ്റ് അവതരിപ്പിക്കാം. ഇതിനൊന്നും ഒരു നിയന്ത്രണവും നിയമം ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ആവശ്യാനുസരണം ഇതൊക്കെ ചെയ്യാം. എന്നാൽ വർഷത്തിൽ 365 ദിവസവും അനുപൂരകബജറ്റ് അവതരിപ്പിച്ച് പാസ്സാക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ 'അല്പം ദൂരക്കാഴ്ച കുറവുണ്ട്' എന്ന് കണ്ടു നിൽക്കുന്നവർ കുറ്റപ്പെടുത്തിയേക്കാം.

**പുതുക്കിയ ബജറ്റ് എത്രമാത്രം വ്യത്യാസപ്പെടാം?**

ഒരു പഞ്ചായത്തിൽ പുതുതായി ചാർജ്ജെടുത്ത അക്കൗണ്ടന്റ്, ബജറ്റിനനുസൃതമായിരിക്കണം ചെലവ് എന്ന തത്വത്തിലൂന്നി, നിലവിലുള്ള ബജറ്റ് പരിശോധിച്ചു. കണ്ടത്, ബജറ്റ് ഊതിപ്പെരുക്കിയതാണെന്നായിരുന്നു. ഏകദേശം 3 കോടി രൂപ ചെലവുവരുന്നിടത്ത് 8 കോടി രൂപയുടെ ചെലവ് കാണിച്ച് ബജറ്റ് തയ്യാറാക്കിവെച്ചിരിക്കുന്നു. ബജറ്റ് പുതുക്കുകയാണെങ്കിൽ 8 കോടിരൂപയുടെ ചെലവ് 3 കോടി രൂപയാക്കി ചുരുക്കാമോ എന്നതായിരുന്നു സംശയം. അയഥാർത്ഥമായ സംഗതിയെ യഥാർത്ഥരൂപത്തിലേയ്ക്കു കൊണ്ടുവരുന്നതിൽ യാതൊരു തെറ്റുമില്ല എന്നാരും സമ്മതിക്കും.

**ബജറ്റ് തയ്യാറാക്കുന്നതെങ്ങനെ?**

എങ്ങനെയാണ് ബജറ്റ് തയ്യാറാക്കുന്നത്? 'കഴിഞ്ഞവർഷത്തെ ബജറ്റിലെ വരവുകളോട് 10 ശതമാനം കൂട്ടുക; അതേപോലെ ചെലവുകളോടും 10 ശതമാനം കൂട്ടുക. ബജറ്റ് തയ്യാറായി. ഇതാണ് പലരുടേയും ബജറ്റ്, എന്നാൽ ഇതല്ലബജറ്റ്. കഴിഞ്ഞവർഷത്തെ ബജറ്റ് തന്നെ ഊതിപ്പെരുപ്പിച്ചതായിരുന്നു. ഇനിയും അതിനെ ഊതിപ്പെരുപ്പിച്ചാൽ യാഥാർത്ഥ്യവുമായി അതിനൊരു ബന്ധവും കാണുകയില്ല.

മറ്റൊരു തെറ്റുധാരണ, ഉയർന്നവരവും ഉയർന്നചെലവും കാണിക്കുന്ന ബജറ്റ് തയ്യാറാക്കി, വരവും ചെലവും അതിൽ വർദ്ധിക്കാതിരുന്നാൽ മതി എന്നതാണ്. ചെലവ് ബജറ്റിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതലാകരുതെന്നു മാത്രമല്ല, കുറഞ്ഞും ഇരിക്കരുത് എന്നതും ബജറ്റിന്റെ അടിസ്ഥാനപ്രമാണമാണ്.

**ബജറ്റ് തയ്യാറാക്കേണ്ടത് ഇപ്രകാരമാണ്**

മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനുവരി 15ന് മുമ്പ് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണെന്ന് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214(1)-ാം വകുപ്പ് അനുശാസിക്കുന്നു.

അതിനാൽ 2010-11 ലെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ 2009 ഡിസംബറിൽ ആരംഭിക്കണം. 2008-09 ലെ വാർഷികധനകാര്യപത്രിക തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിരിക്കും. ഈ കണക്കുകളെ അടിസ്ഥാനമാക്കി ബജറ്റ് തയ്യാറാക്കാൻ ആരംഭിക്കണം.

2009-10 ലെ ഏപ്രിൽ മുതൽ നവംബർ വരെയുള്ള പ്രതിമാസക്കണക്കുകൾ തയ്യാറായിരിക്കും. ബജറ്റിന്റെ ഫോർമാറ്റ് എടുക്കുക. ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും ഈ വർഷത്തെ ആദ്യത്തെ 8 മാസത്തെ ചെലവുകൾ രേഖപ്പെടുത്തുക. ബാക്കി 4 മാസത്തെ ചെലവുകൾ എസ്റ്റിമേറ്റ് ചെയ്ത് അവയും ഓരോ ഹെഡ് ഓഫ് അക്കൗണ്ടിനുനേരെ എഴുതുക. ഇവയുടെ ആകെത്തുകയാണ് 2009-10ലെ 'പുതുക്കിയ ബജറ്റ്'.

ഈ പുതുക്കിയ ബജറ്റാണ് അടുത്ത വർഷത്തെ ബജറ്റിന്റെ വഴികാട്ടി. സാഹചര്യങ്ങൾ പരിശോധിച്ചും കണക്കിലെടുത്തും ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും 'പുതുക്കിയ ബജറ്റ്' തുകകളെ വർദ്ധിപ്പിച്ചോ കുറച്ചോ രേഖപ്പെടുത്തിയാൽ അടുത്തവർഷത്തെ ബജറ്റ് തയ്യാറായി.

2009-10 ലെ ഏപ്രിൽ മുതൽ നവംബർ വരെയുള്ള പ്രതിമാസക്കണക്കുകൾ തയ്യാറായിരിക്കും. ബജറ്റിന്റെ ഫോർമാറ്റ് എടുക്കുക. ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും ഈ വർഷത്തെ ആദ്യത്തെ 8 മാസത്തെ ചെലവുകൾ രേഖപ്പെടുത്തുക. ബാക്കി 4 മാസത്തെ ചെലവുകൾ എസ്റ്റിമേറ്റ് ചെയ്ത് അവയും ഓരോ ഹെഡ് ഓഫ് അക്കൗണ്ടിനു നേരെ എഴുതുക. ഇവയുടെ ആകെത്തുകയാണ് 2009-10ലെ 'പുതുക്കിയ ബജറ്റ്'.

**എന്തെല്ലാം പുതുക്കിയ ബജറ്റ്?**

പുതുക്കിയ ബജറ്റ് എന്ന പദം പലരേയും തെറ്റുധാരണയിലേയ്ക്കു നയിക്കുന്നുണ്ട്. ഇത് യഥാർത്ഥത്തിൽ ചെലവുചെയ്യുന്നതിന് അനുമതി നൽകുന്ന രേഖയല്ലെന്ന് കേരള ബജറ്റ് മാന്വലിന്റെ 20-ാം ഖണ്ഡിക വ്യക്തമായി അനുശാസിക്കുന്നുണ്ട്. അത്, അടുത്ത വർഷത്തെ ബജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതും, അടുത്തവർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള വഴികാട്ടിയായി വർത്തിക്കുന്നതുമായ സ്റ്റേറ്റ്മെന്റ് മാത്രമാണ്. 2009-10ന്റെ ബജറ്റിൽ മാറ്റം വരുത്തി ചെലവു ചെയ്യണമെങ്കിൽ ഇപ്രകാരം തയ്യാറാക്കി 2010-11 ന്റെ ബജറ്റിനോടൊപ്പം അവതരിപ്പിക്കുന്ന '2009-10ലെ പുതുക്കിയ ബജറ്റ്' പോര. 2009-10ൽ ചെലവുചെയ്യുന്നതായി തയ്യാറാക്കി, ചെലവുചെയ്യുന്നതിനുമുമ്പായി അവതരിപ്പിക്കുന്ന അനുപൂരകബജറ്റോ പുതുക്കിയ ബജറ്റോ തന്നെ വേണം.

കേരളത്തിലെ 1223 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ഓരോ ചെലവുകളും ബജറ്റിന് അനുസൃതമായി നിർവ്വഹിക്കണം; ഇപ്രകാരം നിർവഹിക്കാനാവുന്നില്ലെങ്കിൽ ചെലവു ചെയ്യുന്നതിനുമുമ്പ് അനുപൂരകബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിക്കണം - കാര്യക്ഷമമായി പ്രവർത്തിക്കുന്ന പ്രാദേശികസർക്കാരുകളായി പഞ്ചായത്തുകളും നഗരസഭകളും ഉയരണം എന്നാഗ്രഹിക്കുന്ന എല്ലാവരുടേയും സ്വപ്നമാണിത്. 2010-11 ലെങ്കിലും ഇപ്രകാരം സംഭവിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

ബജറ്റിൽ ഉൾപ്പെടുത്തിയ ചെലവു മാത്രമേ ചെയ്യാവൂ എന്നതിനർത്ഥം, മൊത്തം വരുമാനത്തിന്റേയും മൊത്തം ആവശ്യങ്ങളുടേയും പശ്ചാത്തലത്തിൽ, ആലോചിച്ചെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കണം ഓരോ ചെലവും എന്നാണ്. ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവു ചെയ്യണമെങ്കിൽ ആദ്യം അനുപൂരകബജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയിരിക്കണം എന്ന വ്യവസ്ഥയുടേയും അർത്ഥം ഇതുതന്നെ. ഓരോ ചെലവിന്റേയുംമേൽപഞ്ചായത്തിന്റെ അർത്ഥപൂർണ്ണമായ നിയന്ത്രണം ഉറപ്പുവരുത്തുകയെന്നതാണുദ്ദേശ്യം. ■

*ലേഖകൻ ഏജീസ് ഓഫീസിൽ*
*സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു.*
*ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ*
*കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇമെയിൽ: ubkandeth@gmail.com*





**പി.കെ. രാജഗോപാൽ അഷ്ടമുടി**

# യുവാക്കളും ദേശീയോദ്ഗ്രഥനവും

**ജനുവരി 12 ദേശീയ യുവജനദിനമായി ആചരിക്കുന്നു. ഇന്ത്യയുടെ യശസ്സ് ലോകത്ത് ഉയർത്തിക്കാട്ടിയ സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ് യുവജനദിനമായി ആചരിച്ചുവരുന്നത്.**



ഇന്ത്യൻ ജനസംഖ്യയുടെ നാല്പത് ശതമാനത്തോളം യുവാക്കളാണ്. രാഷ്ട്രത്തിന്റെ പ്രതീക്ഷയും സ്വപ്നവുമൊക്കെയാണ് ഈ യുവജനങ്ങൾ. രാഷ്ട്ര പുനർനിർമ്മാണപ്രക്രിയയിൽ സജീവ പങ്കാളിത്തം വഹിക്കുന്ന യുവജനങ്ങൾ ദേശീയോദ്ഗ്രഥനത്തിനായി നിരവധി സംഭാവനകൾ നല്കുന്നുമുണ്ട്. എന്നാൽ യുവാക്കൾക്കിടയിൽ വളർന്നുവരുന്ന തീവ്രവാദ ചിന്തകൾ രാഷ്ട്രസുരക്ഷയ്ക്കും അഖണ്ഡതയ്ക്കും ഭീഷണിയായി മാറിക്കഴിഞ്ഞു. തീവ്രവാദമെന്നത് മതാടിസ്ഥാനത്തിലും ഭാഷാടിസ്ഥാനത്തിലും പ്രാദേശികതയുടെ അടിസ്ഥാനത്തിലും ഒക്കെ കാണുവാൻ സാധിക്കും. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും നിലനിർത്താനും ജനങ്ങൾക്കിടയിൽ സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുവാനും ഭരണഘടന ആഹ്വാനം ചെയ്യുമ്പോൾ, മത മൗലികതയും ജാതീയതയും ഭാഷാവാദവുമൊക്കെ രാജ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു. യുവാക്കൾക്കിടയിൽ വളർന്നുവരുന്ന തൊഴിലില്ലായ്മ, തൊഴിൽ സുരക്ഷിതത്വമില്ലായ്മയുമൊക്കെ തീവ്രവാദ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നു. ഈ പ്രതിസന്ധി ഘട്ടത്തിലാണ് നാം വീണ്ടുമൊരു യുവജന ദിനം കൂടി ആചരിക്കുന്നത്. യുവാക്കൾക്കിടയിൽ ദേശസ്നേഹവും ദേശീയബോധവും മതസഹിഷ്ണുതയും മതേതരസംസ്കാരവും ഒക്കെ പ്രചരിപ്പിക്കാനാവശ്യമായ ചർച്ചകളും സംവാദങ്ങളുമൊക്കെ ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

**ദേശീയോദ്ഗ്രഥനം**
**(National Integration)**

ഇന്ന് നാം വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ദേശീയോദ്ഗ്രഥനം. ജാതി, മത, വർഗ്ഗ, ലിംഗ ഭാഷാ വ്യത്യാസങ്ങളില്ലാതെ ജനഹൃദയങ്ങളിൽ ദേശീയ ബോധം വളർത്തുന്ന മാനസികവും വൈകാരികവുമായ സങ്കല്പമാണ് ദേശീയോദ്ഗ്രഥനം എന്നത്. ജാതി-മത-ഭാഷാ വൈവിധ്യങ്ങൾക്കിടയിലും ഏകത്വം പരിപോഷിപ്പിക്കാൻ ദേശീയോദ്ഗ്രഥനത്തിലൂടെ സാധിക്കുന്നു. 'നാനാത്വത്തിൽ ഏകത്വം' (Unity in Diversity) എന്നതാണ് ദേശീയോദ്ഗ്രഥനത്തിന്റെ മുഖമുദ്ര. ഭാരതമെന്നത് സർവ്വമതങ്ങളുടേയും കളിത്തൊട്ടിലാണ്. മതാടിസ്ഥാനത്തിൽ വിവേചനങ്ങളില്ലാതെ എല്ലാ മതങ്ങളേയും തുല്യമായി കാണുന്ന ഒരു മതേതര സംസ്കാരം ഇന്ത്യയിലുണ്ട്. നമ്മുടെ രാഷ്ട്രത്തിന്റെ പാരമ്പര്യം തന്നെ മതസഹിഷ്ണുതയിലും മതസൗഹാർദ്ദത്തിലും അധിഷ്ഠിതമാണ്. എല്ലാ മതമൂല്യങ്ങളേയും ധർമ്മങ്ങളേയും തുല്യമായി കാണുന്ന ഇന്ത്യൻ മതേതരത്വ സംസ്കാരം ലോകത്തിന് തന്നെ മാതൃകയാണ്. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിരക്ഷ ഭരണഘടന ഉറപ്പുവരുത്തുന്നു. തുല്യനീതിയും മതസ്വാതന്ത്ര്യവും ഇവിടെ ഉറ

പ്പുവരുത്തുന്നു. ജാതിമത ഭാഷാ ലിംഗ പരമായ വിവേചനങ്ങളിൽ നിന്നും പൗരന്മാരെ സംരക്ഷിക്കുന്ന ഭരണഘടനയിലെ 15-ാം വകുപ്പും പ്രസക്തമാണ്. ഒരു ചങ്ങലയിലെ കണ്ണികൾ പോലെ എല്ലാ മതവിഭാഗങ്ങളേയും കോർത്തിണക്കുന്ന ഒന്നാണ് ഇന്ത്യൻ മതേതരത്വ സംസ്കാരം. മതാടിസ്ഥാനത്തിലുള്ള തീവ്രവാദവും വർഗ്ഗീയതയും തടയാൻ ഒരു പരിധി വരെ മതേതര സംസ്കാരം സഹായിക്കുന്നു. യുവാക്കൾ മത തീവ്രവാദത്തിനും വർഗ്ഗീയതയ്ക്കും അടിമകളാകാതെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള തീവ്രയത്നം ആവശ്യമാണ്. ശരിയായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇതിന് സാധിക്കുകയുള്ളു. ദേശീയ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി യുവമനസ്സുകൾ ഒറ്റക്കെട്ടായി നീങ്ങേണ്ടിയിരിക്കുന്നു. ദേശീയ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാനും വെല്ലുവിളികളെ അതിജീവിക്കാനും യുവാക്കളുടെ കൂട്ടായ്മ ഒരു പരിധി വരെ സഹായകരമാകും.

### വെല്ലുവിളികൾ

രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കുന്ന എല്ലാ ഘടകങ്ങളും ദേശീയോദ്ഗ്രഥനത്തിന് വെല്ലുവിളിയാകാറുണ്ട്. ജാതിയുടെയും മതത്തിന്റേയും ഭാഷയുടേയുംപ്രാദേശികതയുടേയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന ശക്തികൾ നമ്മുടെ രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും ഭീഷണി ഉയർത്താറുണ്ട്. തീവ്രവാദം, മതമൗലികവാദം, ജാതീയത (Casteism) പ്രാദേശികവാദം, (regionalism) ഭാഷാവാദം (linguism) എന്നിങ്ങനെ നീളുന്നു രാജ്യസുരക്ഷ നേരിടുന്ന പ്രധാന വെല്ലുവിളികൾ. 1961 ലെ കേന്ദ്ര നിയമപ്രകാരം ജാതി, മത പ്രാദേശികത, ഭാഷാടിസ്ഥാനത്തിലുള്ള ശത്രുത ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നത് ഗുരുതരമായ കുറ്റമാണ്. തിരഞ്ഞെടുപ്പ് വേളകളിൽ മതപ്രചരണം നടത്തുന്നതും മതത്തെ ദുരുപയോഗം ചെയ്യുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്.

എന്നാൽ പ്രാദേശികാടിസ്ഥാനത്തിലും ഭാഷയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയചേരികളും ഇന്ത്യയിൽ നിലനില്ക്കുന്നുമുണ്ട്.

വർദ്ധിച്ചുവരുന്ന വിഘടനവാദത്തെ ചെറുക്കാനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാനും ദേശീയോദ്ഗ്രഥന കൗൺസിൽ നിലവിൽ വരുകയുണ്ടായി. 1961ലെ ആദ്യ ദേശീയോദ്ഗ്രഥന കോൺഫറൻസിൽ രാഷ്ട്രീയപാർട്ടികൾ ജനങ്ങളെ വിവിധ വിഷയങ്ങളിൽ ഭിന്നിപ്പിക്കുന്നത് അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി. ഭാഷാവാദം, പ്രാദേശികത, വർഗ്ഗീയത, ജാതീയത എന്നിങ്ങനെ വിഘടിത പ്രവർത്തനങ്ങൾ രാഷ്ട്രീയ പാർട്ടികൾ നടത്തുന്നത് രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളിയായി മാറിയ സാഹചര്യത്തിൽ ഈ നിർദ്ദേശം സ്വാഗതാർഹമാണ്.

**രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കുന്ന എല്ലാ ഘടകങ്ങളും ദേശീയോദ്ഗ്രഥനത്തിന് വെല്ലുവിളിയാകാറുണ്ട്. ജാതിയുടെയും മതത്തിന്റേയും ഭാഷയുടേയുംപ്രാദേശികതയുടേയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന ശക്തികൾ നമ്മുടെ രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും ഭീഷണി ഉയർത്താറുണ്ട്. തീവ്രവാദം, മതമൗലികവാദം, ജാതീയത (Casteism) പ്രാദേശികവാദം, (regionalism) ഭാഷാവാദം (linguism) എന്നിങ്ങനെ നീളുന്ന രാജ്യസുരക്ഷ നേരിടുന്ന പ്രധാന വെല്ലുവിളികൾ.**

ഭാഷയുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്യുന്നതിനെ തടസ്സപ്പെടുത്തിയ സംഭവം മഹാരാഷ്ട്ര നിയമസഭയിൽ അരങ്ങേറിയിരുന്നു. കേരളമാകട്ടെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കഴിഞ്ഞു.

ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത് പ്രാദേശിക ഭാഷാവാദങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി. 1950കളിൽ തെലുങ്ക് സംസാരിക്കുന്നവർക്കായി പ്രത്യേക സംസ്ഥാനം വേണമെന്നാവശ്യപ്പെട്ട് മരണം വരെ സത്യാഗ്രഹം നടക്കുകയുണ്ടായി. തുടർന്ന് 1956ൽ ആന്ധ്രാപ്രദേശിന് രൂപം നൽകി. എന്നാൽ ആന്ധ്രയിൽതന്നെ പ്രത്യേക തെലുങ്കാന സംസ്ഥാനത്തിനുള്ള മുറവിളി ഇന്ന് ശക്തമായി നിലനില്ക്കുന്നു. തമിഴ്നാട്ടിൽ ദ്രാവിഡ പ്രസ്ഥാനങ്ങൾ ദേശീയ പ്രസ്ഥാനങ്ങളെ പിന്നിലാക്കി ഭരണം കയ്യാളാൻ തുടങ്ങി. ഹിന്ദി വിരുദ്ധസമരം തമിഴ്നാട്ടിൽ ശക്തംതന്നെ. കാവേരിനദീ ജല തർക്കം പോലുള്ള അന്തർസംസ്ഥാന തർക്കങ്ങൾ ഫെഡറലിസത്തിന് മാത്രമല്ല ദേശീയോദ്ഗ്രഥനത്തിന് തന്നെ ഭീഷണിയാണ്. കേരളവും തമിഴ്നാടും തമ്മിൽ നിലനില്ക്കുന്ന മുല്ലപ്പെരിയാർ ഡാമിന്റെ തർക്കവും രമ്യമായി പരിഹരിക്കേണ്ടതാണ്.

മറ്റൊരു പ്രധാന വെല്ലുവിളിയായി വർഗ്ഗീയതയും തീവ്രവാദവും മാറിക്കഴിഞ്ഞിരിക്കുന്നു. മത തീവ്രവാദം ഇന്ത്യയുടെ വിഭജനത്തിനും രാഷ്ട്രപിതാവിന്റെ ജീവൻ നഷ്ടപ്പെടുത്താനും ഇടയാക്കി. ഈ മുറിവുകൾ ഉണങ്ങാൻ നാം എത്രകാലം കാത്തിരിക്കേണ്ടിവന്നു. ഇന്ത്യയിലെ പല ഭാഗങ്ങളിലും വർഗ്ഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. മത തീവ്രവാദത്തിനടിമകളാകുന്നവരിൽ ഭൂരിഭാഗവും യുവാക്കളാണ്. ഒരു പ്രത്യേക മതവിഭാഗത്തെ തിരിഞ്ഞുപിടിച്ച് ആക്രമിക്കുക, അവരുടെ ആരാധനാലയങ്ങൾ തകർക്കുക, കൊള്ളയടിക്കുക എന്നിങ്ങനെ നീളുന്നു വർഗ്ഗീയതയുടെ കറുത്ത മുഖങ്ങൾ. തീവ്രവാദത്തിനുപോലും മതത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനം നല്കപ്പെടുന്നു. തീവ്രവാദികളുടെ ആക്രമണങ്ങളിൽ എത്രയോലക്ഷം പേരുടെ ജീവനാണ് നഷ്ടമായത്. ഇതിൽ നിരപരാധികളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു. ഒരു മനുഷ്യാവകാശ പ്രശ്നമായി തീവ്രവാദം മാറിക്കഴിഞ്ഞിരിക്കുന്നു.

### പ്രശ്നപരിഹാരങ്ങൾ

വെല്ലുവിളികൾ നേരിടാൻ അവയുടെ സാമൂഹ്യ പശ്ചാത്തലം കണ്ടെത്തേണ്ടതായിട്ടുണ്ട്. യുവജനങ്ങളെ മുഖ്യധാരയിൽ കൊണ്ടുവരാനും ജാതി മതശക്തികളിൽ നിന്നും മോചിപ്പിക്കാ







നും കർമ്മപദ്ധതികളാവിഷ്ക്കരിക്കേണ്ടതുണ്ട്. ഒരു യഥാർത്ഥ മതവിശ്വാസിയും വർഗ്ഗീയവാദിയാകാൻ പാടില്ല. തങ്ങളെപ്പോലെതന്നെ അന്യമതങ്ങളേയും സ്നേഹിക്കാൻ കഴിയണം. യുവജനങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന തൊഴിലില്ലായ്മ, പട്ടിണി, നിരക്ഷരത എന്നിവയൊക്കെ നിർമ്മാർജ്ജനം ചെയ്യാൻ ആത്മാർത്ഥമായ പരിശ്രമം ആവശ്യമാണ്. ഇതിനായി ഗ്രാമതലങ്ങളിൽ കർമ്മപദ്ധതികളാവിഷ്ക്കരിക്കണം. തൊഴിൽ മേഖലകളിൽ നിയമന നിരോധനം പാടില്ല. കൂടുതൽ തൊഴിലവസരങ്ങൾ സ്വകാര്യമേഖലയിൽ സൃഷ്ടിക്കുന്ന വ്യവസായസംരംഭങ്ങൾക്ക് അനുമതി നല്കണം. ഐ.ടി. പാർക്കുകളും ടെക്നോസിറ്റികളും ഗ്രാമതലങ്ങളിൽ ആരംഭിക്കുവാനുള്ള സർക്കാർ നീക്കം സ്വാഗതാർഹമാണ്. ഗ്രാമീണ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കണം. സർവ്വകലാശാല പ്രാദേശി പഠനകേന്ദ്രങ്ങൾ ഗ്രാമീണ മേഖലയിൽ തുടങ്ങണം. പഞ്ചായത്തുകൾ തൊഴിൽപരിശീലന കേന്ദ്രങ്ങൾക്ക് പ്രാധാന്യം നല്കണം. പി.എസ്.സി. പോലുള്ള മത്സരപരീക്ഷകൾക്കായി പ്രത്യേക കോച്ചിംഗ് സെന്ററുകളാരംഭിക്കണം. ദേശീയ അന്തർദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ തിരഞ്ഞെടുത്ത് ചർച്ചകളും പഞ്ചായത്ത് തലങ്ങളിൽ സംഘടിപ്പിക്കാം. ഉന്നത ബിരുദധാരികളായവരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തണം. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി പഠനകേന്ദ്രങ്ങൾ ഓരോ പഞ്ചായത്തിലും ഉറപ്പുവരുത്താം, യുവജനശാക്തീകരണത്തിനുള്ള കർമ്മപദ്ധതികൾക്ക് രൂപം നല്കാം. സ്വാതന്ത്ര്യദിനം റിപ്പബ്ലിക് ദിനം ഗാന്ധിജയന്തി തുടങ്ങിയ പ്രാധാന്യമുള്ള ദിനങ്ങൾ ഗ്രാമീണമേഖലയിൽ ഉത്സവങ്ങളായി മാറ്റണം. സാംസ്കാരിക വിനിമയ പരിപാടി (Cultural Exchange Programme) പോലുള്ള പരിപാടികൾ സംഘടിപ്പിക്കാം. ഇതുപ്രകാരം ഒരു പഞ്ചായത്തിലെ കലാപരിപാടികളവതരിപ്പിക്കുന്ന സംഘങ്ങളെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് വിടുകയും അവിടെ നിന്നുള്ള കലാഗ്രൂപ്പുകളെ ഇവിടേയ്ക്കും ക്ഷണിക്കാം.

ഒരൊറ്റ ഇന്ത്യ ഒരൊറ്റ ജനത എന്ന ആശയം സാക്ഷാത്ക്കരിക്കാനായി നാം ഓരോരുത്തരും മുന്നോട്ട് വരേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതോടൊപ്പം മതേതരത്വം, ജനാധിപത്യം, സോഷ്യലിസം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മൂല്യങ്ങൾ സംരക്ഷിക്കാൻ കൂട്ടായി യത്നിക്കാം. ■

*ലേഖകൻ നെന്മാറ എൻ.എസ്.എസ്. കോളേജിൽ ലക്ചററാണ്*

റിപ്പോർട്ട്

# പദ്ധതി നിർവഹണപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം

**- പാലോളി മുഹമ്മദ് കുട്ടി**



*തിരുവനന്തപുരം ജില്ലയിൽ നടന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അവലോകന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി സംസാരിക്കുന്നു. പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ തുടങ്ങിയവർ സമീപം.*

പദ്ധതി നിർവഹണത്തിന് ഈ സാമ്പത്തിക വർഷം ബാക്കിയുള്ള 3 മാസക്കാലം ശ്രദ്ധാപൂർവ്വം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആഹ്വാനം ചെയ്തു. ജില്ലാ തലങ്ങളിൽ നടന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവഹണ അവലോകന യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി പ്രവർത്തനങ്ങളിൽ ഇ.എം.എസ്. ഭവന പദ്ധതിക്കും, തൊഴിലുറപ്പ് പദ്ധതിക്കും പ്രത്യേകം പ്രാമുഖ്യം നൽകുവാനും അദ്ദേഹം ആവശ്യപ്പെട്ടു.

വീടില്ലാത്ത പാവപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നത് അനന്തമായി നീട്ടിക്കൊണ്ടുപോകുവാൻ സർക്കാർ ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണ് അർഹരായ ഭവനരഹിതർക്ക് സമയബന്ധിതമായി രണ്ട് വർഷക്കാലയളവിനുള്ളിൽ വീട് നൽകുവാൻ തീരുമാനിച്ചത്. ആദ്യവർഷത്തിൽ അർഹരായ ഭൂമി ലഭ്യമായ ഭവന രഹിതർക്കും, രണ്ടാം വർഷം ഭൂരഹിത ഭവനരഹിതർക്കും സ്ഥലവും വീടും നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എല്ലാ ഗുണഭോക്താക്കളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാനും അനർഹർ ഉൾപ്പെടാതിരിക്കാനും ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് പ്രത്യേകം പരിശോധന നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. എന്നാൽ തിരുവനന്തപുരം പോലുള്ള ചില ജില്ലകളിൽ തിട്ടപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം എല്ലാ സ്ഥിതിവിവര കണക്കുകളെയും അസ്ഥാനത്താക്കുന്നതാണ്. ഇത് പരിശോധിക്കണം. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ മറ്റ് പരിഗണനകളും സ്വാധീനങ്ങളും വരാൻ പാടില്ല. അർഹർ തഴയപ്പെടുകയും അനർഹർ കയറിപറ്റുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചും ജനപ്രതിനിധികളെക്കുറിച്ചും മോശപ്പെട്ട അഭിപ്രായം ജനിപ്പിക്കും. അത് ഉണ്ടാകാൻ പാടില്ല, അദ്ദേഹം പറഞ്ഞു.

ദേശീയ തൊഴിലുറപ്പു പദ്ധതി കാർഷികമേഖലയ്ക്ക് ഗുണപ്രദമാകുന്ന തരത്തിൽ നടപ്പാക്കണം. കേരളത്തിൽ വലിയ തട്ടിപ്പും വെട്ടിപ്പുമില്ലാതെ മികച്ച

# പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ ജാഗ്രത വേണം - മുഖ്യമന്ത്രി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പ് അവസാന ഘട്ടത്തിലേയ്ക്ക് മാറ്റിവയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും പദ്ധതി പ്രവർത്തനത്തിലെ ദൗർബല്യങ്ങൾ പരിഹരിക്കാൻ ജാഗ്രത വേണമെന്നും മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു. തിരുവനന്തപുരം തൈയ്ക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സംസ്ഥാന വികസന സമിതിയോഗത്തിൽ പങ്കെടുക്കുകയായിരുന്നു മുഖ്യമന്ത്രി. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാകാത്തത് വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദിവസം രണ്ടോ മൂന്നോ മണിക്കൂർ നീളുന്ന ശ്രമദാനംപോലെയാകരുത് തൊഴിലുറപ്പ് പദ്ധതിയിലെ ജോലി. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുമായി ബന്ധപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി വിനിയോഗിക്കാനാവുമോയെന്ന് പരിശോധിക്കണം, മുഖ്യമന്ത്രി പറഞ്ഞു. മന്ത്രിമാരായ പാലോളി മുഹമ്മദ്കുട്ടി, പി.ജെ. ജോസഫ്, എൻ.കെ. പ്രേമചന്ദ്രൻ, ഡോ. ടി.എം. തോമസ് ഐസക്, സി. ദിവാകരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.പി. രാജേന്ദ്രൻ, എ.കെ. ബാലൻ, ജോസ് തെറ്റയിൽ, എം.എ. ബേബി, പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. പ്രഭാത് പട്നായിക്, ചീഫ് സെക്രട്ടറി നീലഗംഗാധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, വകുപ്പ് സെക്രട്ടറിമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ, നഗരസഭാ മേയർമാർ തുടങ്ങിയവർ പങ്കെടുത്തു.




*തിരുവനന്തപുരത്ത് നടന്ന സംസ്ഥാന വികസന സമിതി യോഗത്തിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ സംസാരിക്കുന്നു.*

രീതിയിലാണ് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നത്. എന്നാൽ അങ്ങിങ്ങ് നിന്ന് ആക്ഷേപങ്ങളും ഉയർന്നുവരുന്നുണ്ട്. പൊതുഭൂമി കേരളത്തിൽ കുറവാണ്. സ്വകാര്യഭൂമിയിൽ പണിയെടുക്കുന്നത് അനുവദനീയവുമല്ല. ചെറുകിട കൃഷിക്കാരുടെ ഭൂമിയിൽ പണിയെടുക്കുന്നതിന് ആവശ്യമായ നിയമ ഭേദഗതി നടത്തുവാൻ കേന്ദ്രത്തോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേരള സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടും അനുമതി മാത്രം ലഭിക്കുന്നില്ല. നീർത്തടാധിഷ്ഠിതമായി പ്രവർത്തനങ്ങൾ നടത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. മാത്രമല്ല, തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുറവ് ജനങ്ങളിൽ വേണ്ടത്ര ആവേശം ഉണ്ടാക്കുന്നുമില്ല. എന്നിരുന്നാലും കൂടുതൽ പേരെ പദ്ധതിയിലേയ്ക്ക് കൊണ്ടുവരുന്നതിനും കൂടുതൽ ദിവസം തൊഴിൽ നൽകുന്നതിനും, തൊഴിൽ കണ്ടെത്തുന്നതിനും പഞ്ചായത്തുകൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം, അദ്ദേഹം പറഞ്ഞു.

ഈ സാമ്പത്തിക വർഷം പൊതുവിൽ മെച്ചപ്പെട്ട പ്രകടനമാണ് പദ്ധതി നിർവഹണ രംഗത്ത് പഞ്ചായത്തുകൾ കാഴ്ചവെയ്ക്കുന്നത്. ഈ രീതി തുടർന്നുപോകാൻ കഴിയണം. എന്നാൽ ചില സ്ഥാപനങ്ങൾ ഇപ്പോഴും പഴയപടിപോലെ പ്രവർത്തിക്കുന്നുണ്ട്. അത് മാറി അവരും പൊതുധാരയിലേയ്ക്ക് വരണം, മന്ത്രി പറഞ്ഞു.

വിവിധ ജില്ലകളിൽ നടന്ന യോഗത്തിൽ മെയിന്റനൻസ് ഗ്രാന്റ്, ഖരമാലിന്യ നിർമ്മാർജ്ജനം, ശുചിത്വം, ശ്മശാനം, അറവുശാലകൾ, കുടുംബശ്രീ, ബി.പി.എൽ സർവ്വേ, സ്വരാജ് ട്രോഫി, ധനകാര്യ കമ്മിഷന്റെ പരിശോധനാ വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങളും ചർച്ചചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പി.കെ. രവീന്ദ്രൻ, പഞ്ചായത്ത് വകുപ്പിലെ ഉന്നതോദ്യോഗസ്ഥരും യോഗങ്ങളിൽ പങ്കെടുത്തു.■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*







# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **സാർവ്വദേശീയ വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

അവതാരകൻ : **ബിനായി പട്നായ്ക്** , സർവശിക്ഷ അഭിയാൻ, ന്യൂഡൽഹി

- വിദ്യാഭ്യാസ നിയമം അനുസരിച്ച് എന്തായിരിക്കണം ഓരോ തദ്ദേശ സ്ഥാപനങ്ങളുടെയും പങ്കും ഉത്തരവാദിത്വവും?
- വിദ്യാഭ്യാസ വകുപ്പിനേയും മറ്റ് ഡിപ്പാർട്ടുമെന്റുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നതിനുവേണ്ടി ഏത് തരത്തിലുള്ള മേൽനോട്ട നടപടികളാണ് നടപ്പാക്കേണ്ടത്?
- വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പങ്ക് കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ഏതു വിധത്തിലുള്ള തയ്യാറെടുപ്പുകളും ശാക്തീകരണവുമാണ് ആവശ്യമായിത്തീർന്നിരിക്കുന്നത്?
- വിദ്യാഭ്യാസാവകാശ ബിൽ നടപ്പിലാക്കുന്നതിനായി മാർഗ്ഗനിർദ്ദേശരേഖയും ചട്ടങ്ങളും രൂപപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ എന്തൊക്കെ നടപടിക്രമങ്ങളാണ് അവലംബിക്കേണ്ടത്? ആരൊക്കെ പങ്കെടുത്തിരിക്കണം, എങ്ങനെ ഇത് ചെയ്തിരിക്കണം?

**പ്രതികരണങ്ങളുടെ ചുരുക്കം**

ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം, സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസപരമായ നിയമങ്ങൾ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപോലെ ഭരണഘടനയുടെ പതിനൊന്നാമത്തെയും പന്ത്രണ്ടാമത്തെയും പട്ടിക പ്രകാരം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള വിദ്യാഭ്യാസപരമായ അധികാരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതി നിലവിൽ വന്നിട്ട് ഒരു ദശാബ്ദകാലമായെങ്കിലും അടിസ്ഥാനസേവനമേഖല തദ്ദേശസ്ഥാപനങ്ങളുടെ പരിധിക്ക് പുറത്താണ്. വിദ്യാഭ്യാസാവകാശനിയമം ഒരു ചരിത്രപരമായ ചുവടുവെയ്പ്പാണ്, പ്രത്യേകിച്ചും തദ്ദേശ സ്ഥാപനങ്ങളുടെ പ്രാധാന്യത്തെ അംഗീകരിക്കുന്നതിനും രാജ്യ ത്തെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും.

**തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള ഓരോ വിഭാഗങ്ങളുടെയും പങ്കും ഉത്തരവാദിത്വവും**

ഓരോ സ്കൂളുകളുടെയും ആസൂത്രണവും വിലയിരുത്തലിനും വേണ്ടിയുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനായി ഓരോ ഗ്രാമങ്ങളിലും School Development and Management Committee (SDMCs)കളെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളെയും രൂപികരിച്ചിട്ടുണ്ട്. ഗ്രാമസഭകളാണ് സ്കൂളുകൾക്കുവേണ്ടി SDMCs തയ്യാറാക്കിയ പദ്ധതികൾക്ക് അംഗീകാരം നല്കുന്നത്. ഗ്രാമപഞ്ചായത്തുകളായിരിക്കും നിരീക്ഷകന്റെ മേൽനോട്ടം നിർവ്വഹിക്കുന്നത്. പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട ദൗത്യം വിദ്യാഭ്യാസവകുപ്പും മറ്റ് വകുപ്പുകളും തമ്മിലുള്ള ഏകോപനമാണ്. അതായത് ജലസേചനം, ശുചീകരണം, ഉച്ചഭക്ഷണം, വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനം ഗ്രാമപഞ്ചായത്തുകൾ നടത്തുന്നതായിരിക്കും.

സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെ

# 2009–10 ഗ്രാമസഭാ വർഷമായി ആചരിക്കും

**പഞ്ചായത്തീരാജിന്റെ 50-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് 2009 ഒക്ടോബർ രണ്ട് മുതൽ 2010 ഒക്ടോബർ രണ്ട് വരെ ഗ്രാമസഭാ വർഷമായി ആചരിക്കുന്നത്.**

2009–10 ഗ്രാമസഭാ വർഷമായി ആചരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. 1959 ഒക്ടോബർ രണ്ടിന് പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഇന്ത്യയിലാദ്യമായി പഞ്ചായത്തീരാജ് സംവിധാനം രാജസ്ഥാനിലെ നാഗൂരിലാണ് ഉദ്ഘാടനം ചെയ്തത്. അതിന്റെ 50-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് 2009 ഒക്ടോബർ രണ്ട് മുതൽ 2010 ഒക്ടോബർ രണ്ട് വരെ ഗ്രാമസഭാ വർഷമായി ആചരിക്കുന്നത്. ഗ്രാമസഭയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക, അധികാരത്തിന്റെ നാലാംതലമെന്ന നിലയിൽ ഗ്രാമസഭകളുടെ പ്രവർത്തനം അർത്ഥവത്താക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഗ്രാമസഭാ വർഷാചരണത്തിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ പഞ്ചായത്തുകൾ ഇന്ത്യയിൽ പ്രാദേശിക വികസനത്തിനും ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനും മുന്നിലാണ്. വീടും തൊഴിലും ജനകീയ ക്യാമ്പയിൻ നടക്കുന്ന അവസരത്തിൽ ഗ്രാമസഭകളിൽ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കണം. ഗ്രാമസഭാ വർഷം ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം, ജില്ല, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ മികച്ച ഗ്രാമസഭകളെ തെരഞ്ഞെടുക്കും. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ പൂർണ രൂപം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ www.lsg.kerala.gov.in ലഭ്യമാണ്.

ട്ടിട്ടുള്ള കുട്ടികളുടെ അവകാശ കമ്മീഷൻ മുൻപാകെ വരുന്ന പരാതികളെ പുനപരിശോധനയ്ക്ക് വിധേയമാകുന്നുണ്ടോയെന്ന് ഉറപ്പാക്കുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം.

വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന പ്രക്രിയയിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും കമ്മ്യൂണിറ്റിയുടെയും പങ്ക് വളരെ പ്രശംസനീയമായ രീതിയിൽ നാഗാലാന്റിലും മദ്ധ്യപ്രദേശിലും നടപ്പിലാക്കിയത് അംഗങ്ങൾ പരാമർശിക്കുകയുണ്ടായി. അവർ ബീഹാർ സംസ്ഥാനത്തിലെ ഒരു ഉദാഹരണം ചൂണ്ടികാണിച്ചിട്ടുണ്ട്. അവിടെ വിദ്യാഭ്യാസസംബന്ധമായ ചുമതലകൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതുപോലെ തന്നെ കരകുളം പഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശക രേഖയും മറ്റൊരു ഉദാഹരണമാണ്.

**നിയമപരമായ ഉത്തരവാദിത്വവും മേൽനോട്ടരീതിയും**

വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ വ്യക്തമായ നിർദ്ദേശകത്വങ്ങളുടെയും ചട്ടങ്ങളുടെയും അഭാവത്തിൽ തദ്ദേശസ്ഥാപനങ്ങളെ അവഗണിക്കുന്നതിനെക്കുറിച്ച് മെമ്പർമാർ നിരീക്ഷിച്ചിട്ടുണ്ട്.

ഗ്രാമസഭയെ പ്രാഥമിക വിദ്യാഭ്യാസ സംബന്ധമായ വിഷയത്തിൽ തീരുമാനമെടുക്കുന്ന അധികാര സ്ഥാപനമായി രൂപീകൃതമാക്കുന്നതിന് സമാന്തരമായിട്ടുള്ള മറ്റ് കമ്മിറ്റികളെയും സ്ഥാപനങ്ങളെയും ഒഴിവാക്കേണ്ടതുണ്ടെന്ന അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തെ ജനാധിപത്യവൽക്കരിക്കുന്നതിനായി എടുത്തിട്ടുള്ള നടപടികളെക്കുറിച്ച് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടു. സുതാര്യതയും നിയമപരമായ ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനായി നിരവധി സംസ്ഥാനങ്ങൾ നടപടികൾ എടുത്തിട്ടുണ്ട്. ഉദാഹരണത്തിന് ഒറീസ്സയിൽ ടീച്ചർമാർക്കുള്ള ശമ്പളം നൽകുന്ന പ്രക്രിയയിൽ വനിതഗ്രൂപ്പുകളെ ഉൾപ്പെടുത്തിയ കാര്യം ചൂണ്ടിക്കാണിക്കാവുന്നതാണ്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ വിദ്യാഭ്യാസത്തിനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു അർദ്ധ നീതിന്യായ സ്ഥാപനം ഗുവാഹത്തി ഹൈക്കോടതിയുടെ സഹായത്താൽ വിദ്യാഭ്യാസമേഖലയിലെ നീതി ഉറപ്പാക്കുന്നതിന്റെ മറ്റ് പ്രശ്നങ്ങൾ ചൂണ്ടികാട്ടിയിട്ടുണ്ട്. എപ്പോഴെങ്കിലും വിദ്യാഭ്യാസാവകാശം കുട്ടികൾക്ക് നിക്ഷേധിക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെ രക്ഷിതാക്കൾക്കും, രക്ഷകർത്താക്കൾക്കും അല്ലെങ്കിൽ അധ്യാപകർക്കും ഈ സ്ഥാപനത്തെ സമീപിക്കാവുന്നതാണ്.

**ചട്ടങ്ങളും മാർഗ്ഗനിർദ്ദേശക രേഖയും**

സംസ്ഥാനതലത്തിൽ ഒരു ബഹുമുഖ തന്ത്രം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അംഗങ്ങൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള ബഹുമുഖ തന്ത്രം നിർദ്ദേശകത്വങ്ങളും ചട്ടങ്ങളും സാഹചര്യാടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിന് ഉപകാരപ്രദമായിരിക്കും. ഈ നിയമത്തിന്റെ ഒരു കോപ്പി മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കണം. മാത്രവുമല്ല പൊതുസമൂഹത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസരവും ഇതിനോടൊപ്പം നല്കുകയും വേണം.

അവസാനമായി, ഈ നിയമത്തിന്റെ പരമാവധി ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടി അധികാരവികേന്ദ്രീകരണ സംവിധാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ നിയമം നടപ്പിലാക്കേണ്ടതാണ്. ■

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.*

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെന്റ്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊലൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.*
*മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:*
*സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.*







# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 3



**റോയ് ചാക്കോ ഇളമണ്ണൂർ**

**കേരളത്തിലെ മിക്കവാറും എല്ലാ പ്രധാന സ്റ്റേഷനുകളിലും കേരളാ എക്സ്പ്രസ് നിർത്തും. എന്നാൽ കേരളം വിട്ടാൽ ഇവൻ മണിക്കൂറിൽ 120 കിലോമീറ്റർ വേഗതയിൽ കുതിക്കും. നാലഞ്ചു മണിക്കൂറുകൾ കഴിഞ്ഞായിരിക്കും വണ്ടിയൊന്നു നിർത്തുക. ആഹാരമൊക്കെ ഇഷ്ടംപോലെ യഥാസമയം ലഭിക്കുമെന്നതിനാൽ പോക്കറ്റ് നിറയെ കാശുണ്ടായാൽ മാത്രം മതി.**

തണുപ്പ് ആസ്വദിക്കാനും അനുഭവിച്ചറിയുവാനും നമ്മുടെ രാഷ്ട്രത്തിന്റെ തലസ്ഥാന നഗരി ഒന്നു പോയിക്കണ്ടുവരുവാനും മനസ്സിൽ പലരും ഇപ്പോൾ ടിക്കറ്റ് എടുത്തുകാണുമല്ലോ. ഡൽഹിയിലേയ്ക്കുള്ള നിരവധി ട്രെയിനുകളിൽ ഏറ്റവും പ്രചാരം നേടിയത് കേരളാ എക്സ്പ്രസാണ്. ആദ്യകാലത്ത് കേരളത്തിൽ നിന്ന് ഡൽഹിയിലേയ്ക്ക് ആഴ്ചയിൽ ഒരു ദിവസം മാത്രം സർവീസുണ്ടായിരുന്ന ഈ ട്രെയിൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന്, ഇതെന്നുമോടുന്നു, കൂടാതെ എറണാകുത്തുനിന്നും എന്നും ഓടുന്ന മംഗളാ എക്സ്പ്രസുമുണ്ട്. രാജധാനി, ഹിമസാഗർ, പ്രതിവാരട്രെയിനുകൾ കൂടാതെ കൊങ്കൺ, ഗുജറാത്ത്, രാജസ്ഥാൻ വഴി ഡൽഹിയിലെത്തുന്ന ഡെറാഡൂൺ, ചണ്ഡിഗഢ്, അമൃത്സർ തുടങ്ങിയ ട്രെയിനുകളെല്ലാം ഇന്നുണ്ട്.

ഡൽഹിക്കു പുറപ്പെടാൻ മനസ്സുകൊണ്ട് ടിക്കറ്റെടുത്തവർക്കായി ഇതാ പ്രസിദ്ധമായ 'കേരളാ എക്സ്പ്രസ്' ഇരുപതിലേറെ കംപാർട്ട്മെന്റുകളുമായി തിരുവനന്തപുരം റെയിൽവേസ്റ്റേഷനിൽ കിടക്കുന്നു. രാവിലെ 11.30 നാണ് യാത്ര തിരിക്കുക. മൂവായിരത്തോളം കിലോമീറ്റർ യാത്ര ചെയ്ത് മൂന്നാംനാളിൽ ഡൽഹിയിലെത്തും. തമിഴ്നാട്, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ നിരവധി സ്ഥലങ്ങളിലൂടെ ഓടി മൂന്നാംനാൾ വൈകിട്ടോടെ ഡൽഹിയിലെത്തും. കേരളത്തിലെ 'കരയുന്ന സ്റ്റേഷൻ' എന്ന് പണ്ട് ചിലർ വിളിക്കുന്ന ചെങ്ങന്നൂരിലെത്തുമ്പോൾ പതിവുപോലെ ഒരു വലിയ റെയിൽവേസ്റ്റേഷനിലെ തിരക്കുണ്ടാകും. സ്റ്റേഷൻ ചെറുതാണെങ്കിലും ഇവിടെ എല്ലാ ട്രെയിനുകൾക്കും വലിയ തിരക്കു വരാൻ കാരണമുണ്ട്. പത്തനംതിട്ട ജില്ലയുടെ എല്ലാ ഭാഗത്തുനിന്നും ഉള്ളവർ ഇവിടെയെത്തുന്നു. കൂടാതെ ആലപ്പുഴ, കൊല്ലം ജില്ലയുടെ ചില ഭാഗങ്ങളിലുള്ളവരും ഈ സ്റ്റേഷനെയാണ് ആശ്രയിക്കുന്നത്. ഒരാളെ യാത്രയയ്ക്കാൻ പത്തിരുപതു കെട്ടുകളുമായി ഏഴെട്ടു പേരെങ്കിലുമുണ്ടാകും. ട്രെയിൻ വിടാറാകുമ്പോൾ യാത്രയയ്ക്കാൻ വന്നവരിൽ ഭൂരിഭാഗവും വിങ്ങിപ്പൊട്ടുന്നതും വാവിട്ടുകരയുന്നതും ഏങ്ങലടിച്ചു കരയുന്നതും ആരും കാണാതെ മാറിനിന്ന് കണ്ണീർ വാർക്കുന്നതും പത്തുവർഷം മുൻപുവരെ ഇവിടെ പതിവു കാഴ്ചയായിരുന്നു. എന്നാൽ യാത്ര ജീവിതത്തിന്റെ ഭാഗമാകുകയും ദൂരം കുറഞ്ഞതായി തോന്നുകയും മനുഷ്യർ പൊങ്ങച്ചക്കാരാകുകയും മനുഷ്യബന്ധങ്ങളുടെ ഊഷ്മളത കുറയുകയും നല്ല മനുഷ്യബന്ധങ്ങളിൽ ഗണ്യമായ കുറവ് വരികയും ചെയ്തപ്പോൾ "കരയുന്ന സ്റ്റേഷൻ" എന്ന പേര് നിലനിർത്താൻ ചെങ്ങന്നൂർ ഇപ്പോൾ പാടുപെടുകയാണ്.

കേരളത്തിലെ മിക്കവാറും എല്ലാ പ്രധാന സ്റ്റേഷനുകളിലും കേരളാ എക്സ്പ്രസ് നിർത്തും. എന്നാൽ കേരളം വിട്ടാൽ ഇവൻ മണിക്കൂറിൽ 120 കിലോമീറ്റർ വേഗതയിൽ കുതിക്കും. നാലഞ്ചു മണിക്കൂറുകൾ കഴിഞ്ഞായിരിക്കും വണ്ടിയൊന്നു നിർത്തുക. ആഹാരമൊക്കെ ഇഷ്ടംപോലെ യഥാസമയം ലഭിക്കുമെന്നതിനാൽ പോക്കറ്റ് നിറയെ കാശുണ്ടായാൽ മാത്രം മതി. ഇടയ്ക്കുനിന്നെല്ലാം ധാരാളം കച്ചവടക്കാരും കയറും. രാത്രി

8 മണിയോടെ തമിഴ്നാട്ടിലെ ആദ്യപ്രധാന സ്റ്റേഷനായ കോയമ്പത്തൂരിൽ നിർത്തും. തിരുപ്പൂർ, ഈറോഡ്, സേലം, ജോലാർപേട്ട, കാട്പാടി എന്നീ സ്ഥലങ്ങളും പിന്നിട്ട് അതിരാവിലെ റേനിഗുണ്ടയിൽ എത്തും. ഇന്ത്യയിലെ പ്രസിദ്ധമായ തിരുപ്പതി ക്ഷേത്രത്തിന്റെ പ്രധാന റെയിൽവേസ്റ്റേഷനാണിതെന്ന് പലർക്കുമറിയില്ല. ഇവിടെയിറങ്ങി തിരുപ്പതിയിലേയ്ക്കുള്ള ലോക്കൽ ട്രെയിനിൽ പത്തുമിനിറ്റ് യാത്ര ചെയ്താൽ മതി. അല്ലെങ്കിൽ ബസ്സിൽ ഇരുപത് മിനിറ്റിനുള്ളിലെത്താം. ആന്ധ്രാപ്രദേശിലാണ് റേനിഗുണ്ട. നെല്ലൂർ, ഗുഡൂർ, വെങ്കിടാചലം, ബിട്രാഗുണ്ട, ഓങ്കോൾ, തെന്നാലി എന്നിവിടങ്ങളിലൂടെ ഉച്ചയോടെ ആന്ധ്രാപ്രദേശിലെ ഒരു പ്രധാന നഗരമായ വിജയവാഡയിലെത്തും. രണ്ടു മൂന്നു കിലോമീറ്ററുകൾ നീളത്തിലുള്ള പാലത്തിലൂടെ ട്രെയിൻ പതുക്കെ പോകുമ്പോൾ തന്നെ വിജയവാഡയെത്തിയെന്ന് സ്ഥിരം യാത്രക്കാർ അനൗൺസ് ചെയ്തുകൊള്ളും. കൃഷ്ണാ നദിയുടെ വിസ്തൃതിയേറിയ ഭാഗമാണത്. യാത്രയിൽ ട്രെയിനിലിരുന്നുള്ള കാഴ്ചകളെല്ലാം ഒരുപോലെ. മുളക്, മല്ലി, ഉലുവ, ജീരകം, കടുക്, പയർവർഗങ്ങൾ, സൂര്യകാന്തി, നെല്ല് എന്നിവയുടെ അനന്തമായ പാടശേഖരങ്ങളുടെ മധ്യത്തിലൂടെ ട്രെയിൻ ഓടിക്കൊണ്ടിരിക്കും. ആന്ധ്രാപ്രദേശിൽ മണിക്കൂറുകളോളം നിറയെ പാറക്കല്ലുകളാൽ മൂടപ്പെട്ടുകിടക്കുന്ന സമനിരപ്പ് മലകൾ കാണാം. തരിശുഭൂമിയെന്ന് നമുക്കതിനെ വിശേഷിപ്പിക്കാം. ഇടയ്ക്കു കാണുന്നു മുള്ളുചെടികൾ മാത്രം ഏകപച്ചപ്പ്. മൈലുകളോളം യാതൊരു വളവുമില്ലാതെ കിടക്കുന്ന റെയിൽപാത. കണ്ണെത്താ ദൂരത്തിൽ കൃഷിഭൂമി. ഡൽഹി വരെ ഈ കാഴ്ചയ്ക്കു മാറ്റമില്ല. ഗ്വാളിയാറിൽ കാണുന്ന ചമ്പൽക്കാടുകളാണ് ഏക വ്യത്യസ്തമായ കാഴ്ച. മരങ്ങളൊന്നുമില്ലാത്ത ചെറിയ ചെറിയ മൊട്ടക്കുന്നുകൾ, വലിയ വലിയ മൺകൂനകൾ നിറഞ്ഞ പ്രദേശമാണ് ചമ്പൽക്കാടുകൾ. ഇതിന്റെയെല്ലാമിടയിലൂടെ ചെറിയ വഴികൾ. ആർക്കും എവിടെയും പോയി ഒളിക്കാവുന്ന സംവിധാനം.

ഖമ്മം, ഡോർണാക്കൽ, നെക്കോണ്ട എന്നിവിടങ്ങളിലൂടെ ഉച്ചയ്ക്ക് രണ്ട് മണിയോടെ വാറങ്കലിലെത്തും. നമ്മുടെ യാത്രയുടെ ഏതാണ്ട് പകുതിയായി. കാസിപ്പെട്ട് ആണ് അടുത്ത പ്രധാന സ്റ്റേഷൻ. വാറങ്കലിൽ നിന്ന് യാത്ര പുറപ്പെട്ടാൽ പിന്നെ മൂന്നു മണിക്കൂർ കഴിഞ്ഞ് രാമഗുണ്ടത്താണ് വണ്ടി നിർത്തുക. രാമഗുണ്ടം വിട്ടാൽ പിന്നെ ആന്ധ്രാപ്രദേശിൽ മറ്റെങ്ങും സ്റ്റോപ്പില്ല. മഹാരാഷ്ട്രയിലെ സിർപ്പൂർ കടന്ന് രാത്രി 8 മണിക്ക് ബെല്ലാർഷയിൽ നിർത്തും. വാർദ്ധായിൽ പത്തരയോടുകൂടി എത്തിച്ചേരും. പിന്നീട് ബീറ്റോൾ വഴി നാഗ്പൂർ സ്റ്റേഷനിലെത്തുമ്പോൾ രാത്രി 11 മണി. ഇതിനോടകം പെട്ടിയിൽ കരുതിവച്ചിരുന്ന കമ്പിളി വസ്ത്രങ്ങൾക്കുള്ളിലായിരിക്കും എല്ലാവരും. ഓറഞ്ചിന്റെയും നാരങ്ങയുടെയുമൊക്കെ നാടായി നാഗ്പൂർ സ്റ്റേഷനെ കേരളാ എക്സ്പ്രസിലെ യാത്രക്കാർ വിശേഷിപ്പിക്കുന്നു. 'ഇറ്റാർസി' കഴിയുന്നതോടെ ട്രെയിൻ മധ്യപ്രദേശിൽ കടക്കുകയായി. രാവിലെ 5 മണിക്ക് മധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിലെത്തും. ഒന്നര മണിക്കൂർ കഴിയുമ്പോൾ 'വിദീഷ'യിലും. വീണ്ടും ഒരു മണിക്കൂർ കഴിയുമ്പോൾ പട്ടാളമേഖലയായ 'ബിന' യിലെത്തും. പണ്ടൊക്കെ ട്രെയിനുകളിലിരുന്ന് പട്ടാളക്കാർ വീരശൂരപരാക്രമങ്ങൾ അടിച്ചുവിടുമായിരുന്നു. നാട്ടിൽ അവധിക്കു വന്ന് പോകുന്നവരാണ് സഹയാത്രികരോട് പൊടിപ്പും തൊങ്ങലും ചേർത്ത് കഥകൾ അവതരിപ്പിച്ചിരുന്നത്.

**റെയിൽവേ സ്റ്റേഷന്റെ രണ്ട് പ്രധാനകവാടങ്ങൾക്കു മുന്നിൽ നിന്നും ഡൽഹിയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലേയ്ക്കും ബസ് എപ്പോഴും പുറപ്പെടുന്നുണ്ട്. നല്ല പരിചയമില്ലാത്തവർക്ക് ഓട്ടോറിക്ഷകൾ തന്നെ ആശ്രയം. യഥാർത്ഥ ചാർജ്ജിന്റെ നാലിരട്ടിയായിരിക്കാം ഓട്ടോറിക്ഷക്കാർ ആവശ്യപ്പെടുക. പുതിയ ആളാണെന്നറിഞ്ഞാൽ ആവശ്യപ്പെടുന്ന തുകയ്ക്ക് വർദ്ധനയേറെ.**

അതിർത്തിയിൽ വെടിയുണ്ട കൈകൊണ്ടുപിടിച്ചു എന്നുവരെ പറഞ്ഞു ഫലിപ്പിക്കുന്ന രീതിയിലായിരുന്നു അന്നത്തെയൊക്കെ പറച്ചിൽ. എന്നാലിന്ന് ഇത്തരം രസകരമായ കഥപറച്ചിൽ അവർ ഒഴിവാക്കിയിട്ടുണ്ട്. വലിയൊരു മാറ്റമാണ് അവരുടെ കഥപറച്ചിലിൽ വന്നിട്ടുള്ളത്. ഇപ്പോൾ ഇത്തരം തമാശക്കഥകൾ പറയാൻ തന്നെ പലർക്കും മടിയാണ്. സഹയാത്രക്കാർ, ഊതി വീർപ്പിച്ച കഥകൾ വിശ്വസിക്കുന്നില്ല എന്ന് മനസ്സിലാക്കിയതുകൊണ്ടായിരിക്കാം. പട്ടാളകേന്ദ്രമായ ബിന കഴിഞ്ഞ് ധാരാളം ചെറിയ സ്ഥലങ്ങൾ പിന്നിട്ട് 2 മണിക്കൂർ കഴിയുമ്പോൾ ഉത്തർപ്രദേശിലെ ഝാൻസിയിലെത്തും. അവിടെ നിന്ന് ഒന്നരമണിക്കൂർ യാത്ര ചെയ്യുമ്പോൾ ഗ്വാളിയാർ വരും. മൊറിന വരെയുള്ള ഭാഗങ്ങളിലാണ് ചമ്പൽക്കാട് കാണുന്നത്. ഗ്വാളിയറിൽ 11 മണിയോടെയാണ് ട്രെയിനെത്തുന്നത്. ഇവിടെ നിന്ന് 6 മണിക്കൂർ യാത്ര ചെയ്താൽ









ഡൽഹിയാകും. ഗ്വാളിയാർ മധ്യപ്രദേശിലാണ്. താജ്മഹലിന്റെ നാടായ ആഗ്രയിലെത്തുമ്പോൾ ഉച്ച ഒരുമണി. ഉത്തർപ്രദേശിലാണ് ആഗ്ര. ഇവിടെ നിന്ന് 3 മണിക്കൂർ മാത്രം മതി ന്യൂഡൽഹിക്ക്. ശ്രീകൃഷ്ണന്റെ ജന്മനാടെന്ന് വിശേഷിപ്പിക്കുന്ന മഥുര, തുഗ്ലക്കാബാദ്, ഫരീദാബാദ് എന്നിവയാണ് അടുത്ത സ്റ്റേഷനുകൾ. ഫരീദാബാദ് ഹരിയാനയിലാണ്. മഥുര മുതൽ ന്യൂഡൽഹി വരെ ഗ്രാമീണ കാഴ്ചകളിൽ നിന്ന് നാം മറയുന്നു. വൻകിട കെട്ടിടങ്ങളുടെയും ഫാക്ടറികളുടെയും പുകക്കുഴലുകളുടെയും ഒക്കെ കാഴ്ചകളാണ് പിന്നീട്. ആയിരക്കണക്കിന് വാഹനങ്ങൾ നിരനിരയായി കിടക്കുന്ന ഫാക്ടറി പാർക്കിംഗ് ഏരിയാകൾ, നൂറുകണക്ക് ട്രക്കുകൾ ഓടിക്കൊണ്ടിരിക്കുന്ന വീതിയേറിയ റോഡുകൾ എന്നിവയൊക്കെയാണ് ഇനിയുള്ള കാഴ്ചകൾ. ഏതോ ഒരു വൻ വ്യവസായ മേഖലയിൽ എത്തിച്ചേർന്നതുപോലെയുള്ള തോന്നൽ യാത്രക്കാർക്കെല്ലാം അനുഭവപ്പെടും. ഒരു വൻനഗരത്തിനുള്ളിൽ അകപ്പെട്ടു പോയ അവസ്ഥ ട്രെയിനിനുള്ളിൽ തന്നെ അനുഭവപ്പെടും.

ഡൽഹി നഗരത്തിന്റെ ഭാഗങ്ങളാണ് തുഗ്ലക്കാബാദ്, ഫരീദാബാദ് എന്നു പറയാം. ഡൽഹിയുടെ വ്യവസായ മേഖലയാണ് ഫരീദാബാദ്. ഡൽഹിയുടെ ഒരു പ്രധാന റെയിൽവേസ്റ്റേഷനായ നിസാമുദ്ദീനാണ് അടുത്തത്. പല ട്രെയിനുകളും ഇവിടെ വരെ മാത്രമേയുള്ളൂ. തൊട്ടടുത്താണ് ന്യൂഡൽഹി റെയിൽവേ സ്റ്റേഷൻ. ഒരേസമയം പത്തോളം ട്രെയിനുകൾ ന്യൂഡൽഹി സ്റ്റേഷനിലെത്തിക്കൊണ്ടിരിക്കും. എപ്പോൾ നോക്കിയാലും 10 ട്രെയിനുകൾ പ്ലാറ്റ്ഫോമിൽ കിടക്കുന്നതു കാണാം. ഒന്നുകിൽ ട്രെയിനിൽ നിന്ന് യാത്രക്കാർ ഇറങ്ങുന്നു. അല്ലെങ്കിൽ ട്രെയിനിലേയ്ക്ക് യാത്രക്കാർ കയറുന്നു. ലോകത്തെ ഏറ്റവും വലിയ റെയിൽവേ ശൃംഖലയായ ഇന്ത്യൻ റെയിൽവേയുടെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ സ്റ്റേഷനുകളിലൊന്നാണ് ന്യൂഡൽഹി റെയിൽവേ സ്റ്റേഷൻ. അറുപത്തഞ്ചായിരത്തോളം കിലോമീറ്റർ ദൂരത്തിൽ നമ്മുടെ രാജ്യത്ത് റെയിൽ പാതയുണ്ട്. പ്രതിദിനം ഒരു കോടി 25 ലക്ഷത്തോളം പേർ ഇന്ത്യയിൽ ട്രെയിൻ യാത്ര ചെയ്യുന്നു. എണ്ണായിരത്തിഅഞ്ഞൂറോളം ട്രെയിനുകൾ യാത്രക്കാർക്കായി ഓടുന്നു. ചരക്കു തീവണ്ടികൾ ഒരു കോടി 10 ലക്ഷം ടൺചരക്ക് കൈകാര്യം ചെയ്തുവരുന്നു. ഒരു മാസം ഏകദേശം 250 ട്രെയിൻ കോച്ചുകൾ നമുക്കായി നിർമിച്ചുകൊണ്ടിരിക്കുന്നു.

റെയിൽവേ സ്റ്റേഷന്റെ രണ്ട് പ്രധാന കവാടങ്ങൾക്കു മുന്നിൽ നിന്നും ഡൽഹിയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലേയ്ക്കും ബസ് എപ്പോഴും പുറപ്പെടുന്നുണ്ട്. നല്ല പരിചയമില്ലാത്തവർക്ക് ഓട്ടോറിക്ഷകൾ തന്നെ ആശ്രയം. യഥാർത്ഥ ചാർജ്ജിന്റെ നാലിരട്ടിയായിരിക്കാം ഓട്ടോറിക്ഷക്കാർ ആവശ്യപ്പെടുക. പുതിയ ആളാണെന്നറിഞ്ഞാൽ ആവശ്യപ്പെടുന്ന തുകയ്ക്ക് വർദ്ധനയേറെ.

അന്തരീക്ഷ മലിനീകരണവും വളരെ പ്രതികൂലമായ കാലാവസ്ഥയും മഴയില്ലാത്ത അവസ്ഥയും പൊടി പറക്കുന്ന ചൂടുകാറ്റും നിമിത്തം ഒരു കാലയളവു കഴിയുമ്പോൾ സ്വന്തം നാട്ടിൽ പോയി സ്വൈരമായ ജീവിതം നയിക്കുവാനാണ് ഇവിടെ ട്രെയിനിറങ്ങുന്ന എല്ലാ മറുനാട്ടുകാരുടെയും ആഗ്രഹം. റിട്ടയർമെന്റ് വരെ അവിടെ കഴിഞ്ഞുകൂടുവാനേ ഭൂരിഭാഗം പേർക്കും ആഗ്രഹമുള്ളൂ. അപ്രകാരമാണ് അവർ ചെയ്തുവരുന്നത്. ഇവർക്കെല്ലാം ഡൽഹിയിലെ ഏറ്റവും പ്രിയപ്പെട്ട കാലാവസ്ഥയാണ് വിന്റർ.

ഡൽഹിയിലേയ്ക്കുള്ള യാത്ര കൂടുതൽ കൗതുകകരമാകണമെങ്കിൽ കേരളത്തിൽ നിന്ന് കോഴിക്കോട്, മംഗലാപുരം, ഉഡുപ്പി, ഗോവ, രത്നഗിരി, പൻവേൽ, വസൈ റോഡ്, സൂററ്റ്, ബറോഡ, രാജസ്ഥാൻ വഴി ഡൽഹിയിലെത്തുന്ന ട്രെയിനുകളിൽ യാത്ര ചെയ്യണം. കൊങ്കൺപാതയും തുരങ്കങ്ങളും യാത്രക്കാർക്ക് പുതിയൊരനുഭവമായിരിക്കും. മണിക്കൂറുകളോളം തുരങ്കങ്ങളിലൂടെയുള്ള യാത്ര ഏസി കംപാട്ട്മെന്റിലല്ലാത്തവർക്ക് ദുസ്സഹവുമാണ്. കൊങ്കൺ പാതയിൽ ഡീസൽ എഞ്ചിനുകളാണ് ഓടുന്നത് എന്നതിനാൽ തുരങ്കങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ എൻജിന്റെ പുക കംപാർട്ട്മെന്റുകളിലെല്ലാം നിറയും. എറണാകുളത്തുനിന്നും നിസാമുദീനിലേയ്ക്കുള്ള മംഗളാ എക്സ്പ്രസ് കൊങ്കൺ പാത വഴിയാണ് സർവീസ്. ഈ ട്രെയിൻ പൻവേലിൽ നിന്ന് കല്യാൺ, നാസിക് റോഡ് വഴി ഇറ്റാർസിയിലെത്തിയതിനുശേഷമാണ് കേരളാ എക്സ്പ്രസ് ഓടുന്ന ഭോപ്പാൽ, ഝാൻസി, ഗ്വാളിയാർ വഴി ഡൽഹിയിലെത്തുന്നത്. കേരളത്തിന്റെ വടക്കൻ ജില്ലകളിലുള്ളവർക്ക് മംഗളാ എക്സ്പ്രസ്സാണ് സൗകര്യം. എന്നാൽ തെക്കൻ, മധ്യ കേരളത്തിലുള്ളവർക്ക് ഗുജറാത്ത് വഴി പോയാലും കല്യാൺവഴി പോയാലും ആന്ധ്രാ വഴി പോയാലും ഏകദേശം തുല്യദൂരം തന്നെയാണ്. കേരളാ, മംഗളാ എക്സ്പ്രസ്സുകളാണ് വളരെ പ്രചാരത്തിലുള്ളവ. കൂടാതെ രാജധാനി ആഴ്ചയിൽ 3 ദിവസം സർവ്വീസ് നടത്തുന്നുമുണ്ട്. ഇത് അതിവേഗ ട്രെയിനാണ്. ■

(തുടരും)

*(ലേഖകൻ ഡൽഹി സെൻട്രൽ മോണിറ്ററിംഗ് സർവീസിൽ ന്യൂസ് മോണിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്)*

കാർഷികാചാരങ്ങളും അനുഷ്ഠാനങ്ങളും നിരന്തരമായ നിരീക്ഷണത്തിന്റെ ഉപോൽപ്പന്നമാണ്. സംഭവഗതികളെയും, ഫലത്തെയും അനുനിമിഷം നിരീക്ഷിച്ച് നിഗമനങ്ങളിൽ എത്തുന്നതിന് പണ്ട് കർഷകർ ശ്രമിച്ചുപോന്നു. അതിന്റെ പരിണതഫലമാണ് ആചാരങ്ങളും അനുഷ്ഠാനങ്ങളും. അവയിൽ ശാസ്ത്രീയാടിസ്ഥാനമുള്ളവയും അല്ലാത്തവയുമുണ്ട്. പ്രോത്സാഹിപ്പിക്കപ്പെടേണ്ടവയും അല്ലാത്തവയുമുണ്ട്. സമൂഹജീവിതം ഭൗതികേതരമായ നിരവധി ശക്തികളുടെ സ്വാധീനത്തിലാണ് എന്ന് പഴമക്കാർ വിശ്വസിച്ചിരുന്നു. അതിന്റെ ഭാഗമായി നിരവധി വിശ്വാസങ്ങളുണ്ടായി. ചിലത് അശാസ്ത്രീയം, ചിലത് കൗതുകകരം, മറ്റ് ചിലത് ഭാഗികമായി ശാസ്ത്രീയം എന്നിങ്ങനെ. അവയിൽ ചിലതാണ് ഈ ലക്കത്തിൽ. നേർത്ത കൗതുകത്തോടെ ശ്രദ്ധിക്കാവുന്നവയെങ്കിലും അത്രകണ്ട് ആധികാരിക സ്വഭാവമില്ല ഇതിലെ വിവരങ്ങൾക്ക്.

**1. കണ്ണുപെടുക**

വളരെ സമൃദ്ധമായി വിളഞ്ഞുകിടക്കുന്ന കാർഷികവിളകളെ ചിലർ ദുരയോടെ നോക്കിയാൽ തന്നെ വിത്തുനാശം സംഭവിക്കുമെന്ന് കൃഷിക്കാർ വിശ്വസിച്ചിരുന്നു. ഇങ്ങനെയുണ്ടാകുമ്പോൾ അത് കണ്ണു പെട്ടതാണെന്നാണ് പറയുക. കണ്ണേറ്, കണ്ണുതട്ടുക, കമ്പേറ്, കണ്ണുപെടുക എന്നൊക്കെ പ്രാദേശികഭേദമനുസരിച്ച് പറയാറുണ്ട്, കൃഷിയുടെ കാര്യത്തിൽ മാത്രമല്ല ഏത് കാര്യത്തിലും ഇത് സംഭവ്യമാണ്.

**2. നോക്കുകുത്തി**

വാണിജ്യാടിസ്ഥാനത്തിൽ വാഴ തുടങ്ങിയുള്ള വിളകൾ കൃഷി ചെയ്യുമ്പോഴും, പുതിയ കെട്ടിടങ്ങൾ പണിയുമ്പോഴും മറ്റും 'കരിങ്കണ്ണാ നോക്കരുത്' എന്നും മറ്റും എഴുതി നോക്കുകുത്തികൾ ഉണ്ടാക്കിവെയ്ക്കാറുണ്ട്. കാർഷിക വിളകളിലേയ്ക്കോ പുതിയ കെട്ടിടനിർമാണത്തിലേയ്ക്കോ മറ്റുള്ളവരുടെ ശ്രദ്ധ നേരിട്ട് പതിയാതിരിക്കുന്നതിനും, ശ്രദ്ധമുഴുവൻ ഈ കോമാളിക്കോലത്തിലേയ്ക്കാകർഷിക്കാനും വേണ്ടിയാണ് ഇപ്രകാരം 'നോക്കുകുത്തികൾ' ഉണ്ടാക്കി വെയ്ക്കുന്നത്'

**3. ചാക്കാല വിളവ്**

'ചാക്കാല വിളവ്' എന്ന് കേൾക്കുന്നതുതന്നെ കൃഷിക്കാർക്ക് ഭയപ്പാടുണ്ടാക്കുന്ന കാര്യമാണ്. പതിവിന് വിപരീതമായി ചിലവർഷങ്ങളിൽ വമ്പിച്ച വിളവുണ്ടാകും, വിളവിന് അസാമാന്യമായ വർച്ചയുണ്ടാകാറുമുണ്ട്. ഇത് കൃഷി ചെയ്ത കർഷകന്റെ മരണം വിളിച്ചറിയിക്കുന്ന പ്രകൃതിയുടെ വികൃതിയായാണ് കർഷകർ പരമ്പരാഗതമായി ഈ അപൂർവ വിളവിനെ കാണുന്നത്. മരണത്തിന്റെ ദൂതുമായി ഉണ്ടാകുന്ന



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

'ചാക്കാല വിളവെന്നാണ്' ഇതിനെ പറയുക.

**4. പറയിടൽ**

മകരകൊയ്ത്ത് കഴിഞ്ഞ് വിളവെടുപ്പിലൂടെ കിട്ടുന്ന നെല്ലിന്റെ ഒരംശം ദേശദേവനോ ദേവിയ്ക്കോ ഭക്ത്യാദരപൂർവം നിറപറയായി സമർപ്പിക്കുന്ന വിശിഷ്ടമായ ചടങ്ങാണിത്. മധ്യതിരുവിതാംകൂറിൽ മിക്കക്ഷേത്രങ്ങളിലും ഇന്നും നിലനിൽക്കുന്ന ഒരു ചടങ്ങാണിത്.



**5. ആദ്യഫലപെരുന്നാൾ**

ക്രിസ്തീയ ദേവാലയങ്ങളിൽ 'ആദ്യഫലപെരുന്നാൾ' ആഘോഷപൂർവം നടക്കാറുണ്ട്. അവരവരുടെ വീട്ടിലെയും തൊടിയിലെയും ആദ്യവിളവെടുപ്പിൽ കിട്ടുന്ന കായ്കനികളും ഫലങ്ങളും ദേവാലയത്തിൽ നേർച്ചയായി സമർപ്പിക്കുന്ന ദിവസമാണ്. ഈ കാർഷികോൽപന്നങ്ങളും ഫലവർഗങ്ങളും അന്നേദിവസം ദേവാലയത്തിൽ പ്രദർശിപ്പിക്കുകയും വിൽപന നടത്തുകയും ചെയ്യും, ഇതിന്റെയെല്ലാം പിന്നിൽ ഒരു ദൈവിക സങ്കൽപമുണ്ട്.

**6. കാളകെട്ട്**

കാളകെട്ട് അഥവാ കാളവേല വളരെ പുരാതനമായ ആചാരമാണ്. ഭഗവതി ക്ഷേത്രങ്ങളിലും കാവുകളിലും മറ്റും ഉത്സവത്തോടനുബന്ധിച്ചു നടക്കുന്ന അദ്ധ്വാനസംസ്ക്കാരത്തിന്റെ ആഘോഷമാണിത്. വൈക്കോലിൽ പൊതിഞ്ഞ കാളയുടെ മൂലരൂപം ചക്രങ്ങളുള്ള ചട്ടങ്ങളിൽ ഉറപ്പിച്ച് വെള്ളയും ചുവപ്പും തുണി തുന്നിപ്പിടിപ്പിച്ച് തടിയിൽ കൊത്തിയെടുത്ത നന്ദികേശ ശിരസ്സ് ഉറപ്പിച്ച് കുടമണിമാലകൾ കഴുത്തിൽ അണിയിച്ച് ആർപ്പും ആരവവും വാദ്യഘോഷങ്ങളുമായി ക്ഷേത്രസന്നിധിയിലേയ്ക്ക് കൊണ്ടുവരുന്നു.

**7. പൊങ്കൽ**

കൃഷിയുമായി ബന്ധപ്പെട്ട ഒരാചാരമാണിത്. പ്രകാശത്തെ തങ്ങളുടെ അർചന വസ്തുവിൽ വീഴ്ത്തി വിശുദ്ധമാക്കുന്ന സമ്പ്രദായമാണ് 'പൊങ്കൽ'. പാത്രത്തിൽ തിളച്ചുപൊങ്ങി അർച്ചനാവസ്തുവെളിച്ചത്തിലെത്തുന്നു എന്നതാവാം അർത്ഥം. ഉദയമുഹൂർത്തത്തിലെ സൂര്യരശ്മി വഹിക്കുന്ന ഔഷധഗുണം അർച്ചനാവസ്തുവിൽ പതിഞ്ഞ് അത് ആഹരിക്കുന്നവരിലെത്തും എന്ന ശാസ്ത്രവശവും അതോടൊപ്പമുണ്ട്. പൊങ്കൽ കൂടുതൽ ആഘോഷമാകുന്നത് തമിഴ്നാട്ടിലാണ്. സകല ജീവ-ജന്തു ജാലങ്ങളുടെയും പ്രാണൻ നിലനിർത്തുന്ന സൂര്യദേവനെ പുന്നെല്ലൂട്ടി ആരാധിക്കുകയാണ് പൊങ്കൽ കൊണ്ടുദ്ദേശിക്കുന്നത്. ദേവീക്ഷേത്രങ്ങളിലും അത് പിൽക്കാലത്ത് കുറേയേറെ വാണിജ്യവൽക്കരിക്കപ്പെട്ട് വിശ്വാസപ്രചാരണത്തിനുള്ള ഉപാധിയാവുകയും ചെയ്തു.

**8. മരോട്ടിയും മരോട്ടിതോക്കായും**

മരോട്ടിയൊരു വൃക്ഷമാണ് - കൃഷിയുമായി ഏറെ പാരസ്പര്യമുള്ള ഏറെ പ്രയോജനപ്രദമായ വൃക്ഷം. മരോട്ടിയരി ഇടിച്ചെടുത്ത് തെങ്ങിന്റെ മണ്ടയിൽ ഇട്ടുകൊടുത്താൽ അതിന്റെ രൂക്ഷഗന്ധവും രാസികസ്വഭാവവും കാരണം തെങ്ങിന് ചെല്ലിബാധയും മറ്റ് കീടശല്യവും ഒഴിവാക്കാൻ കഴിയും. തന്നെയുമല്ല ഇതൊരു ജൈവവളവുമാണ്. കാർത്തികവിളക്കിനും മറ്റും ദീപം തെളിക്കുന്നതിന് മരോട്ടികായ് രണ്ടായി മുറിച്ച് അതിന്റെയുള്ളിലെ കുരുകുത്തിക്കളഞ്ഞശേഷം അതിൽ എണ്ണയൊഴിച്ച്







*17-ാം പേജ് തുടർച്ച:*

## തൊഴിലുറപ്പ് പദ്ധതിയിൽ ഇനിയെന്ത്?

വലിയ അളവിൽ തൊഴിൽ നൽകാനാകും. വിത്തുശേഖരണവും, പാകി നനച്ച് കൂടുകളിലാക്കി പരിപാലിച്ച് വിവിധ പ്രായത്തിൽ നടുന്നതിനു വേണ്ടി തയ്യാറാക്കുന്നതും വലിയതോതിൽ തൊഴിൽ ഉണ്ടാക്കുന്ന കാര്യം തന്നെയാണ്.

ഇനിയങ്ങോട്ട് അടുത്ത വേനൽ സീസണിൽ കാട്ടുതീയിൽ നിന്നും കാടുകളെ സംരക്ഷിക്കുന്നതും തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമാക്കണം. രണ്ടു പ്രധാനപ്പെട്ട പരിഗണനകൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതുണ്ട്. ഒന്നാമത് 'കാട്ടുതീ' കേരളത്തിന്റെ സാഹചര്യത്തിൽ, മനുഷ്യൻ കാടിന് അറിഞ്ഞും അശ്രദ്ധകൊണ്ടുണ്ടാക്കുന്ന 'നാട്ടുതീ' തന്നെയാണ് എന്നുള്ളതാണ്. തീയിടുന്നതിന് പല കാരണവും ഉണ്ട്. അതുണ്ടാക്കുന്ന ആപത്തിന്റെയും നഷ്ടത്തിന്റെയും ആഘാതത്തിന്റെയും ആഴം നമ്മുടെ സമൂഹം വേണ്ട രീതിയിൽ മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ ഒരു സമൂഹമെന്ന നിലയിൽ നമ്മൾ ഇക്കാര്യത്തിൽ എടുക്കുന്ന നിലപാട് വളരെ ലാഘവത്തോടെ ഉള്ളതാണ്. ആരുടെയോ കാടുകത്തുന്നു എന്ന ലാഘവമാണ്. തൊഴിലുറപ്പു പദ്ധതിയും കാട്ടുതീ തടയുന്ന പ്രവർത്തിയുമായി ബന്ധിപ്പിക്കുന്നതിലെ പ്രധാന തടസ്സം ഇതിൽ ഒരു അളക്കാവുന്ന 'പ്രവൃത്തി' കണ്ടെത്താനാവില്ല എന്നതാണ്. അതായത് തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റവും മുൻഗണന കൊടുക്കേണ്ട കാര്യങ്ങളുടെ പട്ടികയിൽ പറയുന്ന മണ്ണു ജലസംരക്ഷണത്തിന്റെയും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും ഒക്കെ പ്രധാന ധർമ്മം നിർവ്വഹിക്കാൻ പറ്റുക കാട്ടുതീ തടയുന്നതിലൂടെയാണെങ്കിലും അത് അളക്കാവുന്ന ഒരു 'പ്രവൃത്തി'യല്ല. അപ്പോഴെന്തു ചെയ്യും?

തൊഴിലുറപ്പു പദ്ധതിയുടെ ലേബർ ടീമുകൾ ഉണ്ടാവുകയും വേനൽകാലങ്ങളിൽ അവർ തുടർച്ചയായി വനപ്രദേശങ്ങളിൽ മറ്റു പണികളിൽ ഏർപ്പെടുകയും സ്വന്തമായ ഉത്തരവാദിത്തബോധത്തോടെ കാട്ടുതീ തടയുകയും ചെയ്യുക എന്നതാണ് ഒരു പോംവഴി. ക്ഷയിച്ചകാടുകളുടെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ, നീർത്തടപ്ലാനിന്റെ ഭാഗമായി നടപ്പിലാക്കാനുള്ള ശ്രമം തുടങ്ങാവുന്നതാണ്. വനംവകുപ്പുമായി ചേർന്ന് ഇതിനാവശ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ എല്ലാതരത്തിലുള്ള ഉത്തരവുകളും നടപടിക്രമങ്ങളും ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. വകുപ്പിലെ ഫീൽഡുതല ഉദ്യോഗസ്ഥരുമായി ചേർന്ന് വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ ആവശ്യമായ പദ്ധതികളും പ്രവൃത്തികളും കണ്ടെത്തുക എന്നതാണ് ആദ്യപടി. അങ്ങനെയുള്ള പ്രവർത്തികളുടെ നിർവ്വഹണ കലണ്ടർ തയ്യാറാക്കുമ്പോൾ വേനൽകാലങ്ങളിൽ ആവുന്നത്ര ദിവസങ്ങളിലും കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലെല്ലാം തൊഴിലുറപ്പു പദ്ധതിയുടെ പ്രവൃത്തികൾ നടന്നുവരുന്ന രീതിയിൽ വേണം അതു തയ്യാറാക്കാൻ. ഒപ്പം തൊഴിലിൽ ഏർപ്പെടുന്നവർക്ക് കൃത്യമായ നിർദ്ദേശങ്ങളും അവബോധവും ഉണ്ടാക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങളും ഉണ്ടാകണം. 'ഫയർലയിൻ' (Fireline) എടുക്കുന്ന പ്രവർത്തികളും നിശ്ചയമായും വനപ്രദേശത്തു ചെയ്യുന്ന പ്രവൃത്തികളിൽപെടുത്താവുന്നതാണ്.

ലേബർ ടീമുകളുടെ നേതൃത്വത്തിൽ തന്നെ കാട്ടുതീക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടക്കണം. വേനൽ കടക്കുന്നതിനുമുമ്പും ഇടയ്ക്കു മഴ കിട്ടുമ്പോഴും തൈകൾ നടുന്നതിനാവശ്യമായ കുഴികൾ എടുക്കുന്നതും പ്രവൃത്തികളുടെ പട്ടികയിൽ ഇടം തേടേണ്ട കാര്യം തന്നെ.

വനത്തിന്റെ അതിർത്തിയോടു ചേർന്ന് കിടക്കുന്ന പഞ്ചായത്തുകൾ ഇക്കാര്യത്തിൽ എന്തു ചെയ്യും? വനമില്ലെങ്കിലും രേഖകളിൽ വനം എന്നു വിശേഷിക്കപ്പെടുന്ന വനഭൂമികളും മൊട്ടക്കുന്നുകളും അങ്ങിങ്ങായി നമ്മുടെ ഒട്ടുമിക്ക പഞ്ചായത്തുകളിലും ഉണ്ട്. അങ്ങനെയുള്ള സ്ഥലങ്ങൾ ഉണ്ട് എന്നു നമ്മൾ തിരിച്ചറിയുന്നത്, വൈദ്യുതി പോസ്റ്റ് സ്ഥാപിക്കാൻ ചെല്ലുമ്പോഴോ കുടിവെള്ള പദ്ധതിയുടെ കുഴലിടാൻ കുഴി കുഴിക്കാൻ ചെല്ലുമ്പോഴോ ആണ്. ഇത്തരം പ്രദേശങ്ങൾ വനം വകുപ്പിന്റെ കൈവശമാണെങ്കിൽ വനഭൂമിയെന്നും റവന്യൂവകുപ്പിന്റെ കൈവശമാണെങ്കിൽ റവന്യൂ പുറംപോക്കു ഭൂമികൾ എന്ന രീതിയിലുമാണ് തരംതിരിച്ചിട്ടുണ്ടാവുക. ഇത്തരം ഭൂമികളുടെ ജൈവവേലിയോ കല്ലുകയ്യാലയോ രണ്ടുമോ ചേർന്നുള്ള സംരക്ഷണവും അവിടങ്ങളിലെ വനവൽക്കരണവും പ്രധാനപ്പെട്ട പ്രവൃത്തികളായി ഏറ്റെടുക്കാവുന്നതാണ്.

**തീരദേശ പഞ്ചായത്തുകളിൽ എന്തു ചെയ്യും?**

തീരങ്ങളുടെ സംരക്ഷണത്തിനും, കണ്ടൽകാടുകൾ പച്ച വളർത്തുന്നതിനുള്ള പ്രവൃത്തികളുമാണ് ഇവിടെ മുൻഗണന നൽകേണ്ടത്. കടൽഭിത്തികൾ ഇല്ലാത്തിടങ്ങളിലെല്ലാം മണ്ണൊലിപ്പുതടയുന്നതിന് കണ്ടൽകാടുകളും തീരപ്രദേശങ്ങളുടെ സാഹചര്യത്തിൽ വളരുന്ന സസ്യങ്ങളുടെ ഒരു കവചവും സൃഷ്ടിക്കേണ്ടതുണ്ട്. ഇപ്പോൾ തീരപ്രദേശത്തു വളർന്നു നിൽക്കുന്ന എല്ലാത്തരം സസ്യങ്ങളുടെയും കൂടുതൽ തൈ ഉണ്ടാക്കി നട്ടുപിടിപ്പിക്കുക തന്നെയായിരിക്കണം നമ്മുടെ ഇടപെടൽ തന്ത്രം. ഇത് കാറ്റാടി മാത്രമുള്ള സാമൂഹ്യവനം ഉണ്ടാക്കുന്നതിനുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യും.

ചുരുക്കത്തിൽ, വളരെ കാര്യക്ഷമമായ ആസൂത്രണവും ലേബർ ടീമുകളുടെയും ലേബർ ബാങ്കുകളുടെയും രൂപീകരണവും പുതിയ മേഖലകളിലേയ്ക്ക് കടന്നുവരാനുള്ള തയ്യാറെടുപ്പുമുണ്ടെങ്കിൽ തൊഴിലുറപ്പു പദ്ധതിയിൽ 100% പേർക്കും 100 പണിയിലേയ്ക്ക് എന്ന ലക്ഷ്യത്തിൽ എത്തിക്കാൻ നമുക്കാകണം. നമുക്കാകണം.■

*ലേഖകൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിൽ പ്രോഗ്രാം ഓഫീസറാണ്.*

---

തിരിയിട്ട് കത്തിക്കാറുണ്ട്. 'മരോട്ടിതോക്കായിൽ വിളക്കു കത്തിക്കുക' എന്നാണ് ചില പ്രദേശങ്ങളിൽ പറയുക. ഉണങ്ങിയ മരോട്ടിക്കുരു ആട്ടിയെടുത്ത് കിട്ടുന്ന എണ്ണയ്ക്കും ഔഷധപ്രാധാന്യമുണ്ട്.

**9. കൈപ്പുണ്യം**

ഒരു കർഷകനാകട്ടെ ഡോക്ടറാകട്ടെ പാചകക്കാരനാകട്ടെ എത്രകണ്ട് അറിവും അവബോധവും ബിരുദവുമൊക്കെയുണ്ടെങ്കിലും തന്റെ പ്രവർത്തിയിൽ അഥവാ കർമ്മരംഗത്ത് നന്നായി ശോഭിക്കാൻ കഴിയണമെങ്കിൽ അതിന് കൈപ്പുണ്യം കൂടിയുണ്ടാകണം. ചില കൃഷിക്കാരുടെ കാര്യത്തിൽ നാം പറയാറുണ്ട് -എന്ത് നട്ടാലും ഏത് കൊമ്പ് ഒടിച്ചുകുത്തിയാലും വേരുപിടിച്ച് കിട്ടുകയും മികച്ച വിളവ് കിട്ടുകയും ചെയ്യും. നല്ല കൈപ്പുണ്യമുള്ള കൃഷിക്കാരനാ.■

(തുടരും)

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD

# ഡൗൺ സിൻഡ്രോം

ഡൗൺസിൻഡ്രോം ബാധിച്ച കുഞ്ഞുങ്ങൾ വളരെയധികം തെറ്റിദ്ധരിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന വിഭാഗമാണ് മറ്റു കുട്ടികളെപ്പോലെ ഇവരെ കരുതാൻ ഇപ്പോഴും സമൂഹം മടിക്കുന്നുണ്ട്.

ഡൗൺസിൻഡ്രോം ഒരു ക്രോമോസോമൽ ജനിതകഘടനാ വൈകല്യമാണ്. ഇതു ഒരു ശാരീരികവൈകല്യമല്ല. കുഞ്ഞ് ഭ്രൂണമായി അമ്മയുടെ ഉദരത്തിൽ രൂപപ്പെടുന്നതിനുമുൻപുതന്നെ രോഗവും ആരംഭിക്കുന്നു. ഇന്നും ഈ രോഗത്തെക്കുറിച്ച് സമൂഹത്തിന് വേണ്ടത്ര അറിവോ ശ്രദ്ധയോ ഇല്ല. ഇതിന്റെ ഫലമായി ഡൗൺസിൻഡ്രോമുള്ള കുട്ടികൾ സമൂഹത്തിനൊരു ചോദ്യചിഹ്നമാകുന്നു. 21-ാം ക്രോമോസോം ജോഡിയിലുള്ള ട്രൈസോമിയാണ് ഡൗൺസിൻഡ്രോം ഉണ്ടാക്കുന്നത്. ഇത് 1000 ജനനത്തിൽ 1 എണ്ണമെന്ന തോതിൽ കാണപ്പെടുന്നു. അമ്മയുടെയും അച്ഛന്റെയും ഉയർന്ന വിവാഹപ്രായമാണ് കുഞ്ഞിന് ഈ രോഗം വരാനുള്ള പ്രധാനകാരണം. 35 വയസ്സിനുമുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഡൗൺസിൻഡ്രോം ഉണ്ടാവാനുള്ള സാധ്യത വളരെയധികമാണ്. അതിനാൽ 35 വയസ്സിനു ശേഷം ഗർഭം ധരിക്കുന്ന സ്ത്രീകൾ പ്രത്യേക പരിശോധനകളും അതിനായുള്ള സ്കാനിംഗും നടത്തേണ്ടതാണ്. പ്രായംകുറഞ്ഞ അമ്മമാരുടെ കുട്ടികളിലും ചിലപ്പോൾ ഈ അവസ്ഥ കാണാറുണ്ട്.


### ലക്ഷണങ്ങൾ

മാനസികശാരീരിക മാന്ദ്യം, ബുദ്ധിമാന്ദ്യം (Retardation) കാണപ്പെടുന്നു. മറ്റുകുട്ടികളിൽ നിന്നും ശരീരഘടനയിൽ ഇവർക്ക് വ്യത്യാസമുണ്ട്. നീളം കുറഞ്ഞ് കുറികിയ തലയുടെ ആകൃതിയും പരന്നമുഖവുമാണ് പ്രധാനവ്യത്യാസം. ചെറിയ വീതികുറഞ്ഞ നെറ്റി, മുകളിലേയ്ക്ക് ചാഞ്ഞ കണ്ണുകൾ, താഴ്ന്ന ചെവി, പരന്നമൂക്ക് എന്നീ മാറ്റങ്ങളും കാണപ്പെടുന്നു. നവജാതശിശുക്കളിൽ മഞ്ഞനിറം, ചെറുകുടലിൽ ചുരുക്കം (atreria), പുക്കിൾകൊടി വികസിക്കുക, ജന്മനാലുള്ള ഹൃദയ വാൽവുകളിൽ വൈകല്യങ്ങൾ, വെൻട്രിക്കുലർ സെപ്റ്റൽ ഡിഫക്റ്റ് (Ventricular Septal Defects), കൈകാലുകൾക്ക് ബലക്കുറവും വരണ്ട ചർമ്മവും, തൈറോയ്ഡ് ഗ്രന്ഥികളുടെ പ്രവർത്തനകുറവും കാണപ്പെടുന്നു. കേഴ്വി കുറവ്, ഓട്ടൈറ്റീസ് മീഡിയ എന്നീ കേഴ്വി സംബന്ധമായ അസുഖങ്ങളും കാണാം.

പ്രമേഹം, മറവിരോഗങ്ങൾ, ദന്തരോഗങ്ങൾ ഈ കുട്ടികളെ ബാധിക്കാം. കണ്ണിനുണ്ടാകുന്ന കാറ്ററാക്റ്റ് (Cataract), സ്കിന്റ് (Squint), കാഴ്ചക്കുറവ് എന്നിങ്ങനെയുള്ള രോഗങ്ങളും കാണപ്പെടാം. അസുഖങ്ങൾ ഇല്ലാത്ത അവസ്ഥയിൽ ഈ കുഞ്ഞുങ്ങൾ സന്തോഷവാന്മാരും മാതാപിതാക്കളോടും ബന്ധുക്കളോടും അടുത്ത് ഇടപഴകുന്നവരും സംഗീതം ആസ്വദിക്കുന്നവരും ആണ്. കാണുമ്പോൾ കുഴപ്പമൊന്നുമില്ല എന്നു തോന്നുമെങ്കിലും ബുദ്ധിമാന്ദ്യം ഉള്ളവരും IQ level കുറഞ്ഞവരും ആയിരിക്കും ഇവർ. സ്വയം പ്രവർത്തികൾ ചെയ്യാൻ ബുദ്ധിമുട്ട് കാണപ്പെടാം. ബുദ്ധിമാന്ദ്യം കുറവുള്ള കുട്ടികളെ ചെറിയ തൊഴിലുകൾ അഭ്യസിപ്പിക്കാവുന്നതാണ്. അതുപോലെ സ്വന്തമായി പ്രഭാതകൃത്യങ്ങൾ ചെയ്യാനും ആഹാരം കഴിക്കാനും അവർക്കുകഴിയും. വളരെനാൾ കഴിയുമ്പോൾ രോഗാവസ്ഥയുടെ തീവ്രതകുറയുന്നതായും കാണാം.

### പരിശോധന

ഗർഭകാലത്ത് ആദ്യമാസങ്ങളിൽ നടത്തുന്ന സ്കാനിംഗിൽ രോഗാവസ്ഥ അറിയാൻ കഴിയും. രോഗാവസ്ഥ അറിയാൻ കഴിഞ്ഞാൽ ആമ്നിയോസിന്റസിസ് (Aminiocentesis), കോറിയോണിക്ക് വില്ലസ് ബയോപ്സി (Chorionic Villus Biopsy) എന്നിവമൂലം രോഗം സ്ഥിരീകരിക്കാവുന്നതാണ്. ജനിതകഘടനയിലെ മാറ്റം മൂലം ഉണ്ടാകുന്ന ഈ രോഗം ചികിത്സിച്ചു ഭേദമാക്കാൻ സാധ്യമല്ല. ഗർഭാവസ്ഥയിൽ രോഗം തിരിച്ചറിഞ്ഞാൽ കുഞ്ഞിനെ വേണോ വേണ്ടയോ എന്ന തീരുമാനിക്കാൻ കഴിയും. ആദ്യത്തെ കുഞ്ഞിന് ഡൗൺസിൻഡ്രോം ഉണ്ടെങ്കിൽ അടുത്തതിനും ഉണ്ടാകാനിടയുള്ളതിനാൽ ഡോക്ടറോട് ഈ വിവരം പറയണം. കുഞ്ഞിന് ഡൗൺ സിൻഡ്രോം ഉണ്ടെങ്കിൽ ഏറ്റവും അടുത്ത ശിശുരോഗവിദഗ്ധനെ കാണിക്കണം. കാരിയോടൈപ്പിംഗ്, ഹൃദയത്തിന്റെ എക്കോകാർഡിയോഗ്രാം (Echocardiogram), തൈയിറോഡ് ഗ്രന്ഥികളുടെ പരിശോധനയും ചെയ്യേണ്ടതുണ്ട്. ജന്മനാ ഹൃദയവൈകല്യമുണ്ടെങ്കിൽ അതിന്റെ ചികിത്സയും ചെയ്യേണ്ടതുണ്ട്. ഈ കുട്ടികളെ സാധാരണ സ്കൂളിൽ പഠിപ്പിക്കുക വിഷമകരമായതിനാൽ സ്പെഷ്യൽ സ്കൂളുകളിൽവിട്ട് പഠിപ്പിക്കാവുന്നതാണ്. ചെറിയ തൊഴിലുകൾ അഭ്യസിപ്പിക്കാനും ഇത്തരം സ്കൂളുകൾ സഹായിക്കും.



നമ്മുടെ സമൂഹത്തിൽ കാണുന്ന ഇത്തരം കുഞ്ഞുങ്ങൾക്ക് സ്നേഹവും പരിചരണവും അത്യാവശ്യമാണ്. അവരെ അവഗണിക്കുന്നതും വെറുക്കുന്നതും തെറ്റാണ് കരുതലോടുള്ള പരിചരണത്തിലൂടെ അവരെ സമൂഹത്തിൽ ഉയർത്തികൊണ്ടുവരാൻ സാധിക്കും. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾക്കും കൗൺസിലിംഗ് നൽകേണ്ടതുണ്ട്. അവരുടെ തെറ്റുകൾ കൊണ്ടല്ല ഈ രോഗം ഉണ്ടാകുന്നത് എന്ന ബോധം അവർക്കു വരുത്തുവാൻ കൗൺസലിംഗ് സഹായിക്കും. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ ചൈൽഡ് ഗൈഡൻസ് വിഭാഗത്തിൽ ഇത്തരുണത്തിലുള്ള കുട്ടികൾക്ക് വേണ്ടപരിചരണവും ചികിത്സയും സൗജന്യമായി നല്കിവരുന്നുണ്ട്. National Association of Mentally Retarded, Hyderbad എന്നീ സന്നദ്ധസംഘടനയും ഇത്തരത്തിലുള്ള കുട്ടികൾക്കും കുട്ടികളുടെ രക്ഷിതാക്കൾക്കും വേണ്ട സഹായങ്ങൾ നല്കുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇത്തരത്തിലുള്ള കുട്ടികളെ ചികിത്സിക്കാൻ സൗകര്യമുണ്ട്. ■

*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം*
*ജോയിന്റ് ഡയറക്ടറാണ്*
*email:drthomasvarghese2003@yahoo.co.in*
*Mobile: 9847430210*





എസ്. പി. രാജൻ



# കരനെൽകൃഷിക്ക് മാതൃകയായി ചിതറ

ചിതറഗ്രാമം കൊല്ലം ജില്ലയുടെ ഏറ്റവും കിഴക്ക് ഭാഗത്ത് പാലോട് റേഞ്ചിൽപെടുന്ന വനപ്രദേശത്തോട് ചേർന്ന് കിടക്കുന്നു. ചരിത്രാതീത കാലം മുതൽക്ക് ഇവിടം നിബിഡവനമായിരുന്നുവെന്ന് പഴമക്കാർ പറയുന്നുണ്ട്. ജനവാസകാലത്തും നാട്ട് വാസികൾക്ക് ഒഴിഞ്ഞ് പോകേണ്ട സാഹചര്യം ഉണ്ടായിരുന്നു. പിന്നേയും കാട്കേറി കിടന്നുവെന്നും അതൊക്കെ വെട്ടിത്തെളിച്ചാണ് ഇപ്പോഴത്തെ നാട് ഈ രീതിയിൽ ആയതെന്നും വിശ്വസിക്കുന്നു. കിഴക്കും ഭാഗത്താണ് പഞ്ചായത്ത് ആസ്ഥാനം. തിരുനെൽവേലി വഴി ആര്യങ്കാവ് ചുരം കടന്ന് ഇവിടെ എത്താം. തിരുവനന്തപുരത്ത് നിന്ന് നെടുമങ്ങാട്-പാലോട് വഴിയും, കൊല്ലത്ത് നിന്ന് നിലമേൽ എം.സി. റോഡിൽനിന്ന് കടയ്ക്കൽ വഴിയും ചിതറയിൽ എത്താം. കല്ലറ പാങ്ങോട് ചന്തസമരം കടയ്ക്കൽ വെടിവെയ്പ് വരെ എത്തിയത് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിട്ടാണ് അറിയപ്പെടുന്നത്. നിലമേലും കാരേറ്റും MC റോഡിനോട് ചേരുന്നിടത്ത് കാവൽപ്പുരകൾ ഉണ്ടായിരുന്നത് ഈ വനസ്ഥലിയിൽ നിന്നും വനവിഭവങ്ങൾ കടത്തുന്നത് തടയുന്നതിനായിരുന്നു.

### അല്പം ചരിത്രം

ഇളയിടത്ത് സ്വരൂപം എന്ന നാട്ടുരാജ്യം ഉണ്ടായിരുന്നതായും, അതിന്റെ അധികാരപരിധിയിൽ വരുന്നതായിരുന്നു ഈ ഗ്രാമമെന്നും, പോർട്ടുഗീസ് അധികാരികളുമായി ഏറ്റുമുട്ടലുകൾ നടന്നിട്ടുണ്ടെന്നും ചരിത്രകഥകളുണ്ട്. പഴയകാലത്ത് വനപ്രദേശങ്ങളും ഒളിസങ്കേതങ്ങളും ഉണ്ടായിരുന്നതായും ഊഹിക്കാവുന്നതാണ്. ശിലാലിഖിതങ്ങളും അമ്പാലയങ്ങളും കൊച്ച് കൊച്ച് തട്ടുകളായി ഉയർന്ന് പോകുന്ന മലമടക്കുകളും ഹിമാലയസാനുക്കളിൽ എന്നപോലെ ഈ മലയോരത്തും ദൃശ്യമാണ്. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും ഓർമ്മ അയവിറക്കാൻ ഇതുപകരിക്കും.

ഇപ്പോൾ വിദ്യാഭ്യാസസ്ഥാപനങ്ങളും തടിവ്യാപാരശാലകളും തടി അറുപ്പ് മില്ലുകളും, TTC സ്ക്കൂൾ, എഞ്ചിനീയറിംഗ് കോളേജ്, സർവീസ് സഹകരണബാങ്ക്, കമ്പ്യൂട്ടർ സ്ഥാപനങ്ങൾ തുടങ്ങി ധാരാളം സ്ഥാപനങ്ങൾ നിലിവുണ്ട്.

### പുന്നപ്രവയലാറും വനഭൂമിയും

ചടയമംഗലം അസംബ്ലിനിയോജകമണ്ഡലം, കൊല്ലം പാർലമെന്റ് എന്നിവയിൽ ഉൾപ്പെടുന്നതാണ് ചിതറ ഗ്രാമപഞ്ചായത്ത്. പല തുടക്കങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന് ആദ്യവനിത പ്രസിഡന്റ് വന്നത് സംസ്ഥാനത്തിന് തന്നെ മാതൃകയായി. എഴുപത്തൊന്നിൽ പാലോട് വനം വകുപ്പ് റേഞ്ചിൽ വരുന്ന ചക്കമല (കുട്ടിവനം) കൂപ്പ് ക്ലിയർ ഫെല്ലിംഗ് നടത്തിയത് പുന്നപ്രവയലാർ സമരക്കാർക്ക് പതിച്ചുകൊടുക്കാനായിരുന്നുവത്രെ. ആ ഭൂമി റവന്യൂ വകുപ്പിന് കൈമാറി. പുന്നപ്രവയലാർ സമരത്തിൽ പങ്കെടുത്ത സേനാനികൾക്ക് പതിച്ച് കൊടുത്തത് പ്രസ്തുത ഭൂമിയാണ്, അന്നത്തെ പഞ്ചായത്ത് കമ്മിറ്റിയിൽ അംഗമായിരുന്ന കെ.പി. കരുണാകരൻ



ചിതറ ഗ്രാമപഞ്ചായത്തിലെ – കരനെൽക്കൃഷിയുടെ കൊയ്ത്ത് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. കൃഷി വകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ, പഞ്ചായത്ത് പ്രസിഡന്റ് ആനന്ദ കുസുമം എന്നിവർ സമീപം.

പറയുന്നു.

1973 ൽ രണ്ടേക്കർവീതം 640 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു. എന്നാൽ ഇവരിൽ ബഹുഭൂരിപക്ഷവും മീൻപിടുത്തം, കയർപിരി, കള്ള്ചെത്ത് തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരായതുകൊണ്ട് അവരിൽ പലർക്കും തരിശുഭൂമി ഏറ്റെടുത്ത് കൃഷിയിറക്കാൻ കഴിഞ്ഞില്ല.

**കുടിയൊഴിക്കൽ**

ഈ സന്ദർഭത്തിൽ നാട്ടുകാരായ പ്രഭുക്കന്മാർ സംഘടിതമായി വനഭൂമിയും ഈ അനുവദിച്ച ഭൂമിയും കയ്യേറി കൃഷിചെയ്ത് അവരുടെ കൈവശം വച്ചു. ഒരു പരാതിയിന്മേലാണ് കയ്യേറ്റക്കാരെ മുഴുവൻ ഒഴുപ്പിക്കാൻ ഹൈക്കോടതി ഉത്തരവിട്ടത്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർ ആയിരുന്ന ഗോപാലകൃഷ്ണപിള്ളയാണ് (ഇപ്പോഴത്തെ കേന്ദ്ര ആഭ്യന്തരവകുപ്പ് സെക്രട്ടറി) നേരിട്ട് അനധികൃതമായ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചത്. അടിയന്തരാവസ്ഥകാലമായിരുന്നു എന്ന് പഴമക്കാർ പറയുന്നു.

ഈ സാഹചര്യത്തിലാണ് വനിതാ പ്രസിഡന്റ് സുമതി സുകുമാരന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതി പൊതു ആവശ്യത്തിന് നീക്കിവെയ്ച്ചിരുന്ന പത്തേക്കർ സ്ഥലം പഞ്ചായത്തിന്റെ പേരിൽ പട്ടയം കിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചത്. ആ നിവേദനം സ്വീകരിച്ചു. വിവിധ വികസന പ്രവർത്തനങ്ങൾക്കായി പതിച്ചുകിട്ടി. പഞ്ചായത്ത് നേരിട്ട് കൃഷിയിറക്കി. ഈ ഭൂമിയിൽ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിച്ചു. തുടർന്നുവന്ന ഭരണസമിതികൾ കൃഷിക്കായി ലേലത്തിൽ കൊടുത്തിരുന്നു. വളക്കൂറില്ലായ്മ കാരണം പിന്നീട് ലേലത്തിൽ പിടിക്കാൻ ആളില്ലാതായപ്പോൾ വീണ്ടും കയ്യേറ്റം നടന്നു. നിലവിലുണ്ടായിരുന്ന പഞ്ചായത്ത് ഭരണാധികാരികളാരും തന്നെ ഈ കയ്യേറ്റത്തെ നിയന്ത്രിക്കാനോ തടയാനോ ശ്രമിക്കാനോ തയ്യാറായില്ലത്രെ.

**നെൽകൃഷി പഞ്ചായത്ത് നേരിട്ട്**

ഇപ്പോൾ ആനന്ദകുസുമത്തിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതി അന്യാധീനപ്പെട്ട ഭൂമി കയ്യേറ്റക്കാരിൽനിന്നും തിരിച്ചെടുക്കാനും ചുറ്റും വേലികെട്ടി സൂക്ഷിക്കാനും തീരുമാനിച്ചു. നേരിട്ട് കരനെൽകൃഷി ചെയ്യുന്നതിനെക്കുറിച്ച് സ്ഥലം എം.എൽ.എയും കൃഷിവകുപ്പ് മന്ത്രിയുമായ മുല്ലക്കര രത്നാകരനുമായി ആലോചിച്ച് തീരുമാനിച്ചു. ചക്കമല ഭാഗത്തെ കരിക്കകം പ്രദേശത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം കിളിത്തട്ട് വാർഡ് കുടുംബശ്രീ ADS കാടെടുത്ത് നിലം കിളച്ച് കരനെൽകൃഷി വിത്തിറക്കുന്നതിന് യോഗ്യമാക്കി.

കൃഷിവകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം വരൾച്ചയെ പ്രതിരോധിക്കുന്ന വിത്ത്, ജൈവവളം ആധുനിക കൃഷി സാങ്കേതികരീതികൾ, മണ്ണ് പരിശോധന തുടങ്ങിയ നടപടികൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ കാർഷികസർവകലാശാല, നെല്ല് ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും വിദഗ്ദ്ധ സംഘം എത്തിയിരുന്നു. മുഖ്യാഹാരമായ നെല്ലരി ഉല്പാദനത്തിന് വയൽകൃഷി കുറഞ്ഞ സാഹചര്യത്തിൽ കരയിൽ കൂടി വ്യാപിപ്പിക്കണമെന്ന സർക്കാർ നയമാണിവിടെ നടപ്പിലാക്കിയതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ആനന്ദ കുസുമം പറഞ്ഞു. മാതൃകാ നെൽകൃഷി പത്തേക്കറിൽ നടന്നുവരുന്നു. മണ്ണിൽ ജൈവാംശത്തിന്റെ കുറഞ്ഞ തോത് കണ്ടെത്തി അതും പരിഹരിക്കുന്നുണ്ട്.

പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ഈ കൃഷിപ്രവർത്തനം മാതൃകാപരമാണെന്നും അതിന് സർക്കാരിന്റെ അംഗീകാരം ഉണ്ടാകണമെന്നും സ്ഥലവാസികൾ ആഗ്രഹിക്കുന്നു. പട്ടാമ്പി, മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രങ്ങൾ അനുവദിച്ച ഐശ്വര്യ, ഹർഷ എന്നീ രണ്ടിനം വിത്തുകളാണ് കിട്ടിയത്. കേരളത്തിനൊട്ടാകെ ഒരു ദിശാബോധം നൽകുന്ന ഭക്ഷ്യസ്വയം പര്യാപ്തത എന്ന ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളത്. തരിശ് നിലം കൃഷിയോഗ്യമാക്കുക, കരയിലേക്ക് നെൽകൃഷി വ്യാപിപ്പിക്കുക എന്നീ രണ്ടു ഉദ്ദേശങ്ങൾ ഇവിടെ സഫലമായിട്ടുണ്ട്.







**കൊയ്ത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു**

2009 മെയ് 22ന് വിത്തിട്ടു. അടുത്ത 22ന് കളയെടുത്തു. കൊയ്ത്തും മെതിയും സെപ്തംബർ 9 ന് മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. കൃഷിവകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ, കൊല്ലം ലോകസഭാംഗം പീതാംബരക്കുറുപ്പ് എന്നിവർ സന്നിഹിതരായിരുന്നു. ഇതൊരു വലിയ ജനകീയോത്സവമായിരുന്നു. വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ പങ്കെടുത്തു.

അറുത്തെടുത്ത കറ്റ കടയ്ക്കലിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാപഞ്ചായത്ത് സീഡ്ഫാമിൽ കൊണ്ട് വന്ന് പ്രോസസ് ചെയ്തു. നെൽവിത്തുൽപ്പാദനമാണ് ഇവിടത്തെ പ്രധാന പ്രോസസിംഗ്. വയ്ക്കോൽ കുടപ്പനക്കുന്ന് പൗൾട്രി ഫാമിലേയ്ക്കും വിത്ത് ഉല്പാദന കേന്ദ്രത്തിലും മറ്റും വിറ്റഴിക്കുന്നതിനാണ് നിർദ്ദേശം ഉള്ളത്. ലാഭം പഞ്ചായത്തിന് കിട്ടും. തുടർന്നും വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും പത്തേക്കർ ഭൂമിയിൽ ഉല്പാദനശേഷിയുള്ള കൃഷി തുടരുന്നതിനും പഞ്ചായത്ത് തീരുമാനമെടുക്കും.

ഗ്രാമപഞ്ചായത്തുകൾ കൃഷിവകുപ്പിന്റെ സാങ്കേതിക മേൽനോട്ടത്തിൽ ഇത്തരം ഒരു സംരംഭം ഏറ്റെടുത്ത് നടത്തുന്നത് മാതൃകാപരവും അനുകരണീയവുമാണ്. പരാതിരഹിത പഞ്ചായത്തായി ചെറിയനാട് ഗ്രാമപഞ്ചായത്തിന് അംഗീകാരം കിട്ടിയത് പോലെ, കുടിയേറ്റഭൂമി ഒഴിപ്പിച്ചെടുത്ത് മാതൃകാകൃഷി നടത്തുന്ന ചിതറ ഗ്രാമപഞ്ചായത്തിന് ആവശ്യമായ സഹായങ്ങൾ പഞ്ചായത്ത് വകുപ്പിൽ നിന്നും, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും അതുപോലുള്ള മറ്റ് വികസന ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്നത് നന്നായിരിക്കും.■

*(ലേഖകൻ പഞ്ചായത്ത് വകുപ്പിലെ മുൻഡെപ്യൂട്ടി ഡയറക്ടറാണ്)*

**കെ.പി ഭാസ്കരൻ**

# നീർത്തട വികസനപദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും തിരുവാലി മാതൃക

തൊഴിലുറപ്പ് പദ്ധതിയും നീർത്തടവികസനപദ്ധതിയും സംയോജിപ്പിച്ച് കാർഷിക ഉല്പാദനം മെച്ചപ്പെടുത്തി തിരുവാലി ഗ്രാമ പഞ്ചായത്ത് മുന്നോട്ട് കുതിക്കുകയാണ്.

തൊഴിലുറപ്പ് പദ്ധതി മുഖേന ജോലിയെടുക്കുന്നത് ഒരു അഭിമാനമായിട്ടാണ് പദ്ധതിയിൽ പണിയെടുക്കുന്നവരൊക്കെ കാണുന്നത്. സ്വകാര്യ വ്യക്തിയുടെ പറമ്പിലോ, പാടത്തോ പണിയെടുക്കുന്നതിലുപരി പഞ്ചായത്തിന് വേണ്ടിയുള്ളതാണ്, സർക്കാരിനു വേണ്ടിയുള്ളതാണ്, തങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന തോന്നൽ എല്ലാവരിലും ഉടലെടുത്തിട്ടുണ്ട്. പഞ്ചായത്തിനോ ഗവൺമെന്റിനോ ജോലിയെടുക്കുന്നത് പൊതുജനങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന ചിന്ത എല്ലാവരിലും വളർന്നിട്ടുണ്ട്.

പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ പ്രവൃത്തിയും എടുക്കുമ്പോൾ ഒരു ഉൽസവമായിട്ടാണ് എല്ലാവരും കാണുന്നത്. ഇതിന് മുമ്പ് കൂലിപണിക്ക്



*തിരുവാലി ഗ്രാമപഞ്ചായത്തിന്റെ നീർത്തട വികസനപദ്ധതിയും, തൊഴിലുറപ്പ് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ടുള്ള ആദ്യപ്രവർത്തനത്തിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു. എ.പി. അനിൽകുമാർ എം.എൽ.എ. സമീപം.*

പോയി ശീലമില്ലാത്ത സ്ത്രീകളാണ് ഭൂരിപക്ഷവും ജോലിക്കെത്തുന്നത്. എല്ലാവരും വളരെ നേരത്തെ തന്നെ പണിക്കെത്തി പരസ്പരം ക്ഷേമാന്വേഷണങ്ങളൊക്കെ കഴിഞ്ഞ് അവരവർക്ക് അനുവദിച്ചു നൽകിയ ജോലിയിൽ ഏർപ്പെടുന്നു. പത്ത് മണിയോടെ എല്ലാവരും വീണ്ടും ഒത്തുകൂടി വീട്ടിൽ നിന്നും തയ്യാറാക്കിക്കൊണ്ടുവന്നിട്ടുള്ള ചായയും പലഹാരങ്ങളും കഴിക്കുന്നു. ഉച്ചയ്ക്കും ഇതേ രീതിയിലാണ് ഭക്ഷണം കഴിക്കുന്നത്. ഇത് ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത അനുഭവമായാണ് പലരും പങ്കിടുന്നത്. ഓരോ പ്രവൃത്തി നടത്തുമ്പോഴും സമീപവാസികൾ ഭക്ഷണം നൽകുക പോലും ചെയ്യുന്നുണ്ട്. ആൾ എത്ര കൂടിയാലും അവർക്ക് അതൊരു പ്രശ്നമല്ല. ഇന്ന് ഒരാളുടെ വീട്ടിലാണെങ്കിൽ അടുത്ത ദിവസം മറ്റൊരാളുടെ വീട്ടിലാണ് ചായയും പലഹാരങ്ങളും ഒരുക്കുന്നത്. പലരും ഇത് മുൻകൂട്ടി നിശ്ചയിക്കുകയാണ് പതിവ്. ഒരു പ്രവൃത്തി കഴിയുമ്പോൾ അടുത്ത പ്രവൃത്തി നീണ്ടുപോകരുതെന്നാണ് പലരുടെയും പ്രാർത്ഥന. കാരണം വരുമാനം മാത്രമല്ല പ്രശ്നം. പരസ്പരം കാണാനും സ്നേഹം പങ്കിടാനും കിട്ടുന്ന ഒരു മാർഗമായും ഈ കൂട്ടായ്മയെ അവർ വിലയിരുത്തുന്നു.

തിരുവാലി പഞ്ചായത്തിലും മറ്റ് എല്ലാ പഞ്ചായത്തുകളിലും ചെയ്തുപോന്നത് പോലെ ആദ്യഘട്ടത്തിൽ റോഡുകളുടെ അഴുക്കുചാൽ കീറുകയും, മണ്ണ് നീക്കുകയുമാണ് ചെയ്തിരുന്നത്. രണ്ടാംഘട്ടത്തിൽ, കൈത്തോടുകളിലും മറ്റു ചെറുതോടുകളിലും വന്നടിഞ്ഞ മണ്ണും ചരലും നീക്കം ചെയ്യലും, തോട് പൊട്ടി വയലുകളിലേയ്ക്ക് മഴക്കാലത്ത് മണ്ണ് കയറി വിളയിറക്കാൻ കഴിയാതെ തരിശിട്ടിരുന്ന പ്രദേശങ്ങളിലെ മണ്ണ് നീക്കുന്ന പ്രവൃത്തിയുമാണ് ചെയ്തിരുന്നത്. ഇത് കർഷകർക്ക് വളരെ അനുഗ്രഹമായി. കൃഷിഭവന്റെ പ്രത്യേക പ്രോത്സാഹനം കൂടി ലഭിച്ചപ്പോൾ കഴിഞ്ഞവർഷം 90 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് പഞ്ചായത്തിന് സാധിച്ചു.

മൂന്നാംഘട്ടത്തിൽ, തൊഴിലുറപ്പ് പദ്ധതി നീർത്തട വികസന പദ്ധതിയുമായി സംയോജിപ്പിച്ച് സ്വകാര്യ വ്യക്തിയുടെ കൃഷിയിടങ്ങളിൽ പ്രവൃത്തി നടത്തിവരികയാണ്. തോടുകൾ വൃത്തിയാക്കുന്നതിന് പുറമെ, മഴകുഴികൾ കുഴിക്കുക, തടം കെട്ടുക, കയ്യാല കെട്ടുക, പുതയിടുക തുടങ്ങിയവയും ചെയ്തുവരുന്നുണ്ട്. മാത്രമല്ല, ജലസേചനത്തിനായി ആറ് കുളങ്ങൾ ഈ പദ്ധതിയിൽ നിർമ്മിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളൊക്കെ കർഷകരിൽ ഏറെ ആശ്വാസവും ആവേശവും ജനിപ്പിച്ചിട്ടുണ്ട്. കാർഷിക വൃത്തിയിൽ നിന്നും



വിവിധ കാരണങ്ങളാൽ മാറിനിന്ന പലരേയും വീണ്ടും കൃഷിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിന് ഈ പ്രവർത്തനങ്ങൾ കാരണമായിട്ടുണ്ട്.

നീർത്തട വികസനപദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിൽ ആദ്യപ്രവർത്തനം നടപ്പാക്കുന്ന പഞ്ചായത്താണ് തിരുവാലി. അതിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയാണ് നിർവ്വഹിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് എൻ. കണ്ണൻ അദ്ധ്യക്ഷനായിരുന്നു. എ.പി അനിൽകുമാർ എം.എൽ.എ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി. രായിൻ, ജില്ലാ കളക്ടർ ജി. രവീന്ദ്രൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും നടന്നു. എല്ലാ ഗ്രാമസഭകളിലും നല്ല പങ്കാളിത്തവും സമഗ്രമായ ചർച്ചകളും നടന്നു. പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ചകളുമാണ് ഓരോ ഗ്രാമസഭകളിൽ നിന്നു ഉരുത്തിരിഞ്ഞു വന്നത്. ഇത് ഗുണപരവും മാതൃകാപരവുമായ പദ്ധതിയാണെന്നും ഇത് എന്നും നിലനിർത്തുവാൻ കഴിയണമെന്നുമാണ് ഗ്രാമസഭകളിൽ പ്രധാനമായും ഉയർന്നുവന്ന അഭിപ്രായം. ■

*ലേഖകൻ തിരുവാലി പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്*







# കുറ്റിപ്പുറം ബസ്സ് സ്റ്റാന്റിൽ കുടുംബശ്രീയുടെ ടോൾ പിരിവുകാർ



ജെസി നാരായണൻ

പഞ്ചായത്തും കുടുംബശ്രീയും തമ്മിലുള്ള ബന്ധത്തിന്റെ അനുപമ മാതൃകയാണ് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്ത് ബസ്സ്റ്റാന്റിലെ ടോൾ പിരിവ് നടത്തുന്ന കുടുംബശ്രീയുടെ 'നിള' സർവ്വീസ് ടോൾ യൂണിറ്റ്.

മലപ്പുറം ജില്ലയിലെ ഒരു പ്രധാന വ്യവസായമാണ് സ്വകാര്യബസ് സർവ്വീസ്. സർക്കാരിന്റെ ചുവന്ന ബസ് നാമമാത്രമായി മാത്രം ഓടുന്ന റൂട്ടുകളാണ് ജില്ലയിലെവിടെയും. ഗൾഫ് കഴിഞ്ഞാൽ ഇവിടുത്തെ യുവജനങ്ങളുടെ അടുത്ത സ്വപ്നം ഒരു ബസ് സ്വന്തമാക്കുക എന്നതാണ്. ഗൾഫിൽനിന്ന് വർഷങ്ങളുടെ സമ്പാദ്യവുമായി മടങ്ങിയെത്തുന്നവർ ജീവിതമാർഗ്ഗത്തിനായി ബസ് വാങ്ങുന്നു. ഇപ്പോൾ ജില്ലയുടെ കൊച്ചുകൊച്ചു ഗ്രാമങ്ങളിലേയ്ക്കും ബസ് സർവ്വീസുകളായിക്കഴിഞ്ഞു. വീതി കുറഞ്ഞ പഞ്ചായത്ത് റോഡുകൾ കണക്കിലെടുത്ത് ബസുകളുടെ രൂപഭാവങ്ങളും മാറി. എവിടെയും കുട്ടിബസുകളുടെ ഒഴുക്കാണ്. ബസ് സ്റ്റാന്റുകളിലും ഈ കുട്ടിബസുകളാണ് ഇപ്പോൾ കൂടുതലും. ബസുകളുടെ എണ്ണം കൂടിയതോടെ ബസ് സ്റ്റാന്റിന്റെ സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടിവരുന്നത് സ്വാഭാവികം. ഇത് പഞ്ചായത്തിന് സാമ്പത്തികബാധ്യതയുണ്ടാക്കുന്ന കാര്യമാണ്. ടോൾപിരിവിലൂടെയാണ് പഞ്ചായത്ത് ഇത്തരം പ്രവർത്തനങ്ങൾക്കുള്ള വരുമാനം കണ്ടെത്തുന്നത്.

സാധാരണ ലേലം വിളിച്ചാണ് ടോൾ പിരിവിന് ആളെ ചുമതലപ്പെടുത്തുക. സ്വകാര്യ മുതലാളിമാരാണ് കാലാകാലങ്ങളായി ഇത് ഏറ്റെടുത്തിരിക്കുന്നത്. ഇത്തവണ തീരെ താഴ്ന്ന തുകയ്ക്ക് ലേലം വിളിച്ചപ്പോൾ പഞ്ചായത്തിന് അത് നഷ്ടമാണെന്നു കണ്ടു. അങ്ങനെയാണ് പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും കൂടിയാലോചിച്ച് കുടുംബശ്രീയുടെ സഹായം തേടിയത്.



കുറ്റിപ്പുറത്തെ നാല് സ്ത്രീകളടങ്ങുന്ന നിള എന്ന യൂണിറ്റാണ് ഇതിനായി സന്നദ്ധത കാണിച്ചത്. ആദ്യം ശമ്പളം നൽകാമെന്നതായിരുന്നു വ്യവസ്ഥ. പിരിക്കുന്ന പണം മുഴുവനും പഞ്ചായത്തിന് നൽകുകയും നിള യൂണിറ്റിന് ഒരു നിശ്ചിത തുക ശമ്പളമായി നൽകുക എന്ന രീതി. പക്ഷെ അത് ചില എതിർപ്പുകൾ കാരണം നടക്കാതെ പോയി. പിരിക്കുന്ന പണത്തിന്റെ ഒരു ഭാഗം പഞ്ചായത്തിനും ഒരു ഭാഗം യൂണിറ്റിനും എന്ന രീതിയാണ് ഒടുവിൽ അംഗീകരിക്കപ്പെട്ടത്.





**പഞ്ചായത്തും കുടുംബശ്രീയും തമ്മിലുള്ള ബന്ധത്തിന്റെ അനുപമ മാതൃകയാണ് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്ത് ബസ്സ്റ്റാന്റിലെ ടോൾ പിരിവ് നടത്തുന്ന കുടുംബശ്രീയുടെ 'നിള' സർവ്വീസ് ടോൾ യൂണിറ്റ്.**

ഇതുപ്രകാരം 1850 രൂപ ദിവസവും പഞ്ചായത്തിൽ അടയ്ക്കണം. ബാക്കി തുക നിളയുടെ അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കും. മാസാവസാനം നിക്ഷേപിച്ച തുക പിൻവലിച്ച് തുല്യമായി വീതിച്ചെടുക്കുകയാണ് പതിവ്. ശരാശരി 250 ബസ്സുകളാണ് ഒരു ദിവസം കുറ്റിപ്പുറം സ്റ്റാന്റിൽ കയറുന്നത്. കുട്ടിബസുകൾക്കും മറ്റ് ബസുകൾക്കും ആറു രൂപയും ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾക്ക് 10 രൂപയുമാണ് ഒരു ദിവസം ഈടാക്കുക. ഒരു ബസ് ഒരു ദിവസം പലവട്ടം സ്റ്റാന്റിൽ കയറുമെങ്കിലും ഒരു തവണ ടോൾ അടച്ചാൽ മതി. എല്ലാ ബസും വരുന്ന ദിവസം ശരാശരി 350 രൂപ ഇവർക്ക് ബാങ്കിലടയ്ക്കാനുണ്ടാകും. എന്നാൽ ബസുകളുടെ കാര്യം ഉറപ്പിക്കാനാവില്ല. ചിലത് മുടങ്ങും. ചിലത് സ്റ്റാന്റിൽ കയറാതെ മുങ്ങും.

ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾ പോലീസിന്റെ കണ്ണു തെറ്റിയാൽ സ്റ്റാന്റിൽ കയറാതെ സ്ഥലം വിടുന്നത് പതിവാക്കിയിരിക്കുകയാണെന്ന് നിള യൂണിറ്റുകാർ ആക്ഷേപമുയർത്തുന്നുണ്ട്. ഇതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ഇവരുടെ ഹർജി ഗൗരവപൂർവം പഞ്ചായത്ത് അധികൃതർ പഠിച്ചു വരുന്നുണ്ടെന്ന് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പറഞ്ഞു. ഒരു ദിവസം 125 രൂപയാണ് തൊഴിലുറപ്പു പദ്ധതി വാഗ്ദാനം ചെയ്യുന്നത്. ഇത് 150 രൂപയായി ഉയർത്താനിരിക്കുന്ന സാഹചര്യത്തിൽ നിള പോലെ സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് മിനിമം വേതനം ഉറപ്പാക്കേണ്ട ചുമതല പഞ്ചായത്തിനുണ്ട്.

അപ്രതീക്ഷിതമായ ചില പ്രശ്നങ്ങളും ഇവരുടെ കഞ്ഞിയിൽ പാറ്റ വീഴ്ത്താറുണ്ട്. തൃശൂരിൽ ഹർത്താലായ ഒരു ദിവസം കുറ്റിപ്പുറം സ്റ്റാന്റിൽ വളരെക്കുറച്ച് ബസ്സുകളേ എത്തിയിരുന്നുള്ളൂ. ഇവർക്ക് ആകെ കിട്ടിയത് 1150 രൂപ മാത്രം. ഇങ്ങനെ എത്രയെത്ര ഹർത്താൽ ദിനങ്ങൾ. മറ്റൊരു ദിവസം സ്പീഡ് ഗവർണർ സ്ക്വാഡ് പരിശോധനയ്ക്കു വരികയും ഏതാണ്ട് എല്ലാ ബസുകളും പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. അന്ന് 270 രൂപ കൈയ്യിൽ നിന്നും ഇട്ടാണ് 1850 രൂപ തികച്ച് പഞ്ചായത്തിൽ അടച്ചത്. ഇത്തരം അപ്രതീക്ഷിതമായ പ്രശ്നങ്ങൾ ഇവരുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുമ്പോൾ പഞ്ചായത്തിന് യാതൊരു വിട്ടുവീഴ്ചയും കാണിക്കാനാവില്ല. കാരണം അത് വ്യവസ്ഥകളിൽ ഉൾപ്പെടാത്ത കാര്യമാണ്. ഇവർക്ക് ലാഭകരമായി യൂണിറ്റ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വേണ്ടിവരും. അതിനുള്ള മോണിറ്ററിംഗ് ഉടൻ ആരംഭിക്കുമെന്നും നിളയുടെ പ്രശ്നം ഗൗരവമായി പരിഗണിക്കുന്നുണ്ടെന്നും സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ഈ ലേഖികയോട് പറഞ്ഞു.

ഒരു പുതിയ തൊഴിൽമേഖല എന്ന തരത്തിൽ വെല്ലുവിളികൾ നേരിടുന്നതിൽ നിളയുടെ അംഗങ്ങൾ ആവേശഭരിതരാണ്. രാവിലെ ആറു മണി മുതൽ വൈകിട്ട് ആറു വരെ ഇവർ ബസ് സ്റ്റാന്റിൽ ഉണ്ടാകും. ബസുകൾ സ്റ്റാന്റിലേയ്ക്ക് കയറുമ്പോൾ ഓടിപ്പോയി പണം വാങ്ങണം. കൂട്ടത്തോടെ ബസുകൾ വരുമ്പോൾ ജാഗ്രതയോടെ ഓടിയെത്തിയില്ലെങ്കിൽ ബസുകളിൽ ചിലത് മുങ്ങിക്കളയും. വെയിലും മഴയും ഒന്നും ഇവർ തടസ്സമായി കാണുന്നില്ല. കോട്ടും തൊപ്പിയും ഉൾപ്പെടുന്ന യൂണിഫോം ഇവർ സ്വയം തെരഞ്ഞെടുത്തതാണ്.

ആദ്യദിവസത്തെ രസകരമായ ഓർമ്മ ഇവരുടെ മനസ്സിൽ ഇപ്പോഴുമുണ്ട്. കുറ്റിപ്പുറം ബസ്സ്റ്റാന്റ് അന്നാദ്യമായി പുതിയൊരു കാഴ്ച കണ്ടു. നാലു സ്ത്രീകൾ കോട്ടും തൊപ്പിയുമൊക്കെയായി അങ്ങോട്ടുമിങ്ങോട്ടും ഗമയിൽ നടക്കുന്നു. ഇതു കണ്ട് ആദ്യം നാട്ടുകാർ അമ്പരന്നു. ആദ്യമായിട്ടാണ് ഗ്രാമവാസികൾ ഇങ്ങനെയൊരു കാഴ്ച കാണുന്നത്. അവരാദ്യം കൗതുകത്തോടെ നോക്കി. പിന്നീട് അന്വേഷിച്ചു. ആരാണിവർ?. നിള സർവ്വീസ് ടോൾ യൂണിറ്റ്- അങ്ങനെ നാട്ടുകാരുടെ കൗതുകക്കാഴ്ചയ്ക്ക് കളമൊരുക്കി.

തങ്കമണി, സഫിയ, സ്വർണ്ണകുമാരി, ലീല എന്നിവരാണ് സംഘത്തിലുള്ളത്. ബസ്സ് സ്റ്റാന്റിനെക്കുറിച്ചുള്ള പരാതി കൾ മുഴുവൻ തങ്ങൾ കേൾക്കേണ്ടി വരുന്നതും അനുഭവത്തിലെ മുള്ളുകളാണ്. പഞ്ചായത്തിന്റെ പ്രതിനിധികളെപ്പോലെയാണ് ഇവരെ ചില നാട്ടുകാരെങ്കിലും കാണുന്നത്. ചിലർ ആവലാതികളുടെ കെട്ടഴിക്കും. അപ്പോഴൊക്കെ ഞങ്ങൾ ഒരു തൊഴിൽ ചെയ്യുന്നുവന്നേയുള്ളൂ സ്റ്റാന്റ് നന്നാക്കാനുള്ള അധികാരം ഞങ്ങൾക്കില്ല എന്ന് പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ് പതിവ്.

സന്ധ്യ കഴിഞ്ഞ് ജോലി ചെയ്യാൻ സാധിക്കാത്തതാണ് ഇവരുടെ മറ്റൊരു പ്രശ്നം. അതുകൊണ്ട് രാത്രിയിൽ സ്റ്റാന്റിൽ കയറുന്ന ബസ്സുകളിൽ നിന്ന് ടോൾ പിരിക്കാൻ ഇവർക്കു കഴിയുന്നില്ല. ചില പുരുഷന്മാരെ ഇതിന് ഏർപ്പെടുത്തിയിരുന്നെങ്കിലും പണത്തിന്റെ കാര്യത്തിൽ കബളിപ്പിക്കപ്പെടുന്നുവെന്ന് തോന്നിയതിനാൽ അത് വേണ്ടെന്നു വയ്ക്കുകയായിരുന്നു.

നിള യൂണിറ്റ് ചുരുങ്ങിയ സമയം കൊണ്ടുതന്നെ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. കുടുംബശ്രീ പത്താം വാർഷികത്തിന്റെ ഭാഗമായി ഇവർക്ക് നാലുപേർക്കും പ്രത്യേകം സർട്ടിഫിക്കറ്റുകൾ ലഭിച്ചു. ഒരു പരീക്ഷണമായി ആരംഭിച്ച ഈ സംരംഭം നന്നായി കൊണ്ടുപോകണമെന്ന ദൃഢനിശ്ചയത്തിലാണ് നിള സർവ്വീസ് ടോൾ യൂണിറ്റ്. പഞ്ചായത്തും കുടുംബശ്രീയും തമ്മിൽ ഒത്തുചേർന്നു കൊണ്ട് ഇത്തരം നിരവധി പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്ന് നിളയുടെ പ്രവർത്തനം സാക്ഷ്യപ്പെടുത്തുന്നു. ■

*ലേഖിക*
*കുടുംബശ്രീ മിഷനിൽ*
*അസിസ്റ്റന്റ് എഡിറ്ററാണ്*





# വാർത്തകളും വിശേഷങ്ങളും

## ഇ.എം.എസ് ഭവന പദ്ധതി : സംസ്ഥാനതല സമിതി രൂപീകരിച്ചു

ഇ.എം.എസ് ഭവന പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് മാർഗ്ഗനിർദേശം നൽകാൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി വൈസ് ചെയർമാനുമായി സംസ്ഥാനതല സമിതി രൂപീകരിച്ച് ഉത്തരവായി. മന്ത്രിമാരായ ഡോ.ടി.എം. തോമസ് ഐസക്, ജി. സുധാകരൻ, ബിനോയ് വിശ്വം, എ.കെ. ബാലൻ, എസ്. ശർമ്മ, ജോസ് തെറ്റയിൽ, പി.ജെ ജോസഫ്, കടന്നപ്പള്ളി രാമചന്ദ്രൻ, എൻ.കെ. പ്രേമചന്ദ്രൻ, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ പ്രഭാത് പട്നായിക്, കെ.എം. മാണി, സി.ടി, അഹമ്മദലി എന്നിവർ സമിതി അംഗങ്ങളാണ്. സമിതിയുടെ കൺവീനർ ചീഫ് സെക്രട്ടറിയാണ്. തദ്ദേശസ്വയംഭരണം, ഭവനം, പട്ടികവിഭാഗ വികസനം, ഫിഷറീസ്, റവന്യൂ, ധനം, സഹകരണം വകുപ്പുകളുടെ സെക്രട്ടറിമാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ എന്നിവരും സമിതി അംഗങ്ങളാണ്.

## മൊബൈൽ ടവർ നിർമ്മാണം – പെർമിറ്റിന് പുതിയ നിർദ്ദേശം

മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിരവധി പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ ടവ്വർ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് പുതിയ നിർദ്ദേശങ്ങൾ നൽകി. ഇതനുസരിച്ച് ടവ്വർ നിർമ്മാണത്തിന് നിർദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ ഭരണസമിതിയുടെ നേതൃത്വത്തിൽ ടവ്വർ നിർമ്മാതാക്കളെയും, പൊതുജനങ്ങളെയും പങ്കെടുപ്പിച്ച് ചർച്ച നടത്തി അനുയോജ്യമായ സ്ഥലം കണ്ടെത്തണം. ചട്ടങ്ങൾ പാലിക്കാതെ സ്റ്റോപ് മെമ്മോ നൽകുന്ന രീതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കരുത്. ടവ്വർ നിർമ്മാണത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള എതിർപ്പും പെർമിറ്റ് നൽകുന്ന കാര്യത്തിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന ആശങ്കയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പുതിയ നിർദ്ദേശം നൽകിയത്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി: ജെ.സി.ബി. ഉപയോഗിച്ചതിന് അച്ചടക്ക നടപടി

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനത്തിൽ ജെ.സി.ബി. ഉപയോഗിച്ചതിന് വർക്ക്മേറ്റ് ടി.എസ്. ബീനയെ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കി നിയമ നടപടികൾ സ്വീകരിക്കും. പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ആലത്തൂർ വാർഡിൽ കൈതക്കുഴി മൈലാടുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനാണ് നിയമവിരുദ്ധമായി ജെ.സി.ബി ഉപയോഗിച്ചത്. പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹിൽക്ക് രാജ്, അക്രഡിറ്റഡ് എൻജിനീയർ സദാശിവൻ നായർ എന്നിവർക്കെതിരെ അച്ചടക്ക നടപടികളും ആരംഭിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അന്ത:സത്തയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

## വാസഗൃഹങ്ങളുടെ പുനർനിർമ്മാണം: വ്യവസ്ഥ ഒഴിവാക്കി

നിലവിലുള്ള വാസഗൃഹങ്ങളുടെ പുനർനിർമ്മാണം സംബന്ധിച്ച് നേരത്തെ പുറത്തിറക്കിയ ഉത്തരവിലെ വ്യവസ്ഥ ഒഴിവാക്കി സർക്കുലർ പുറപ്പെടുവിച്ചു. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളെല്ലാം നിലവിൽ കരഭൂമിയായിരിക്കണമെന്ന് മുമ്പ് പുറത്തിറക്കിയ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. നിലവിൽ നമ്പരുള്ളതും, കാലപ്പഴക്കമുള്ളതുമായ വാസഗൃഹങ്ങൾ സ്ഥിതി ചെയ്യുന്ന പ്ലോട്ടിന് ചുറ്റുമുള്ള ഭൂമി നിലമായി തുടർന്നാൽ അത്തരം ഗൃഹങ്ങൾ പുനർനിർമ്മിക്കാൻ അനുമതി നൽകുന്നതിന് ഈ നിബന്ധന തടസമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനാലാണ് പുതിയ സർക്കുലർ.


## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തടി സൗജന്യമായി നൽകും

ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി തടി സൗജന്യമായി നൽകും. ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, വനാവകാശ നിയമം-2006 എന്നിവയുടെ പരിധിയിൽ വരുന്നവർക്കാണ് വനം വകുപ്പിൽ നിന്നും തടി അനുവദിച്ച് ഉത്തരവായത്. ഇതനുസരിച്ച് കോൺക്രീറ്റു വീടുകൾക്ക് ഒരു ക്യുബിക് മീറ്ററും, ഓടിട്ട വീടുകൾക്ക് രണ്ട് ക്യുബിക് മീറ്ററും അളവിൽ തടി അനുവദിക്കും. പ്ലാവ്, ആഞ്ഞിലി, മരുതി, ഇരുൾ, ചടച്ചി ഇനങ്ങളിൽപെട്ടവ ലഭ്യതയനുസരിച്ച് ലഭിക്കും. അപേക്ഷയോടൊപ്പം മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻകാർഡ്, വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിങ് പെർമിറ്റ് എന്നിവ നൽകണം. റേഷൻ കാർഡ് ലഭിക്കാത്തവർ ഗുണഭോക്താവാണെന്ന് തെളിയിക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റും നൽകണം.


## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കോ–ഓർഡിനേറ്റർ

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കോ-ഓർഡിനേറ്റർമാരായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരുടെ സേവനകാലം ക്രമീകരിച്ച് ഉത്തരവായി. ജോലിയിൽ ചേരുന്ന ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് പൂർണസമയ കോ-ഓർഡിനേറ്റർമാരായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തന്നെ പുനർനിയമനം നടത്താനും അനുമതി നൽകിയിട്ടുണ്ട്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ December 2009 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

